# FMPB മിത്രസമാചാർ

(for private circulation only)

വാല്യം 15

ലക്കം 8

ആഗസ്റ്റ് 2025

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു."

ഫിലിപ്പിയർ 4:6



# പ്രാർത്ഥന

## കൂടുതൽ നേരം യേശുവിനോടൊപ്പം പ്രാർത്ഥനയിൽ

ഇവയിൽ അധികമായി

യോഹ.21:15

## ആമുഖം ...

# സ്വർഗ്ഗകവാടങ്ങൾ തുറക്കുന്നു



സ്കോട്ട്ലൻഡിലെ പ്രെസ്ബിറ്റേറിയൻ സഭയുടെ സ്ഥാപകനായ ജോൺ നോക്സ് ഗുരുതരമായ രോഗാവസ്ഥയിൽ ആയിരിക്കുമ്പോൾ തന്റെ ഭാര്യയോടു താൻ തിരുവചനത്തിൽ ആദ്യമായി നങ്കുരമിട്ട യോഹന്നാൻ 17-ാം അദ്ധ്യായം വായിക്കുവാൻ ആവശ്യപ്പെട്ടു. യേശുക്രിസ്തുവിന്റെ പ്രാർത്ഥനയിൽ ശക്തി സംഭരിച്ച് അദ്ദേഹം അഭക്തർക്കായും പുതിയ വിശ്വാസികൾക്കായും പീഡനം അനുഭവിക്കുന്ന കർത്താവിന്റെ വേലക്കാരുടെ സംരക്ഷണത്തിനായും പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. നോക്സ് പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആത്മാവ് കർത്താവിനോടു കൂടെ ആയിരിക്കുവാൻ വീട്ടിലേക്കു പോയി. "എന്റെ ശത്രുക്കളുടെ സൈന്യത്തെക്കാൾ ജോൺ നോക്സിന്റെ പ്രാർത്ഥനകളെ ഭയപ്പെടുന്നു" എന്ന് രാജ്ഞി മേരി പറഞ്ഞു. ജോൺ നോക്സ് മരണം വരെ പ്രാർത്ഥന ശുശ്രൂഷ ചെയ്തു.

ദൈവത്തിങ്കൽ നിന്നും നാം പ്രാപിക്കുന്ന അദൃശ്യമായ ശക്തിയാകുന്നു പ്രാർത്ഥന. നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും - നമ്മുടെ പ്രതീക്ഷകൾ, ഭയങ്ങൾ, സ്വപ്നങ്ങൾ, വേദനകൾ തുടങ്ങിയവകളിലേക്കു - ദൈവത്തെ ക്ഷണിക്കുന്നതാണ് പ്രാർത്ഥന. പ്രാർത്ഥന എന്നത് ആവശ്യങ്ങളുടെ ഒരു പട്ടിക നിരത്തുകയല്ല മറിച്ച് ദൈവവുമായി ഒരു ബന്ധം സ്ഥാപിക്കലാണ്. നമ്മുടെ ദൈനംദിന ജീവിതചര്യകളിൽ, യാത്രകളിൽ, ജോലിയിൽ, വിശ്രമ വേളകളിൽ ദൈവത്തോടു സംസാരിക്കുക, ദൈവത്തെ കേൾക്കുക, ദൈവത്തെ കുറിച്ചു ചിന്തിക്കുക എന്നതാണ് "ബന്ധമുള്ള" പ്രാർത്ഥന അർത്ഥമാക്കുന്നത്.

FMPB യുടെ ആറാമത്തെ ധർമ്മചിന്തയാകുന്നു **പ്രാർത്ഥന** (ഫിലി.4:6). പ്രാർത്ഥന നമ്മുടെ സംഘടനയുടെ ജീവനാഡിയാകുന്നു. പ്രാർത്ഥനക്കൂട്ടങ്ങൾ നമ്മുടെ നട്ടെല്ലാകുന്നു. ആരാധന, പാപം ഏറ്റുപറയൽ, സ്തോത്രം, അപേക്ഷ, വിശുദ്ധീകരണം, അനുതാപം, മദ്ധ്യസ്ഥത തുടങ്ങി വിവിധ തരത്തിലുള്ള പ്രാർത്ഥനകൾ വേദപുസ്തകം ചൂണ്ടികാണിക്കുന്നു. ഈ പ്രാർത്ഥനകൾ പരസ്പര വിരുദ്ധമല്ല, ദൈവവുമായുള്ള ബന്ധം കൂടുതൽ ആഴമുള്ളതാക്കാൻ ഇവ സംയോജിപ്പിക്കുകയോ വ്യത്യസ്ത സന്ദർഭങ്ങളിൽ ഉപയോഗിക്കുകയോ ചെയ്യാം. നമ്മുടെ മനുഷ്യ ശരീരം ഒരു പ്രശ്നം നേരിടുമ്പോൾ നാഡീവ്യൂഹം ഒരു ദ്രുത ആശയവിനിമയ ശൃംഖലയായി പ്രവർത്തിക്കുന്നു. ഉചിതമായ പ്രതികരണങ്ങൾ ഉണർത്തുന്നതിനായി ശരീരത്തിൽ ഉടനീളം സന്ദേശങ്ങൾ അയയ്ക്കുന്നു. തലച്ചോറും സുഷുമ്ന നാഡിയും ഞരമ്പുകളും ഒരുമിച്ചു പ്രവർത്തിച്ചു പ്രശ്നങ്ങൾ കണ്ടെത്തി നടപടിക്രമങ്ങൾ നിശ്ചയിച്ച് പ്രതികരിക്കുന്നു - ചിലപ്പോൾ ഹോർമോണുകളെയോ പ്രതിരോധ സംവിധാനത്തെയോ ഉത്തേജിപ്പിക്കുന്നു. ഒരു വിശ്വാസിയോ മിഷനറിയോ സ്വദേശ സുവിശേഷകനോ, പ്രാർത്ഥനക്കൂട്ട നേതാവോ, രാജ്യമോ പ്രശ്നങ്ങൾ നേരിടുമ്പോൾ FMPB എന്ന ശരീരവും ഇതുപോലെ പ്രതികരിക്കും (യാക്കോ.5:16; കൊലൊ.1:9; 1 തിമൊ.2:1). അവരുടെ വേദന നമ്മുടെ അനുഭവമാക്കി ആത്മാർത്ഥമായി പ്രാർത്ഥിക്കും. മറ്റുള്ളവരെ പ്രാർത്ഥിക്കുവാൻ ഉത്സാഹിപ്പിക്കും. സ്തോത്രം കരേറ്റുവനായി ദൈവത്തിന്റെ പ്രവർത്തിക്കായി കാത്തിരിക്കുന്നു. നമ്മുടെ ആത്മീയ പൂർവ്വീകർ തുത്തുക്കുടിയിലെ FMPB ഓഫീസിന്റെ ജനൽ കമ്പികളിൽ പിടിച്ച് രാജ്യത്തിന്റെ രക്ഷക്കായി പ്രാർത്ഥിച്ചു. അത്തരം തീഷ്ണമായ പ്രാർത്ഥനകൾ ചരിത്രത്തിന്റെ ഭാഗമായി നിൽക്കാതെ നമ്മുടെ ദൈനംദിന ജീവിത ശൈലിയായി മാറട്ടെ. ഈ മാസം നാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ നാം വായിക്കുകയും കേൾക്കുകയും ചെയ്യുന്ന സകല വിഷയങ്ങളും പ്രാർത്ഥനയിലൂടെ ദൈവത്തെ അറിയിക്കാം. നമ്മുടെ വ്യക്തിഗതമായ പ്രാർത്ഥനകളും കൂട്ടമായുള്ള പ്രാർത്ഥനകളും രാജ്യത്തിന്റെ രക്ഷക്കായി സ്വർഗ്ഗകവാടങ്ങൾ തുറക്കുമാറാകട്ടെ. - **മേഴ്സി സെൽവിൻ**, കമ്മ്യൂണിക്കേഷൻ വിഭാഗം

"അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ; എന്നാൽ അതു നിങ്ങൾക്കു ഉണ്ടാകും എന്നു ഞാൻ നിങ്ങളോടടു പറയുന്നു.'

– മർക്കൊസ്. 11:24

"രാഷ്ട്രത്തെ അവരുടെ കാലിൽ തിരികെ കൊണ്ടുവരുവാൻ നമ്മൾ ആദ്യം മുട്ടുകുത്തണം "

– ബില്ലി ഗ്രഹാം

"എന്നാൽ സകലമനുഷ്യർക്കും... വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു."

– തിമൊഥെയൊസ്. 2:1,2

"ലോകത്തിലെ ഏതൊരു സ്ത്രീക്കോ പുരുഷനോ ദൈവം നൽകുന്ന ഏറ്റവും മികച്ച കഴിവ് പ്രാർത്ഥന എന്ന കഴിവാണ്.

– അലക്സാണ്ടർ വൈറ്റ്


## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

*FMPB* യുടെ പ്രതിമാസ സുനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb



# ജനറൽ സെക്രട്ടറിയുടെ കത്ത്...

പ്രിയപ്പെട്ട മിഷൻ കുടുംബമേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

നാം എപ്പോഴും വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിലൂടെ സഞ്ചരിക്കുമ്പോൾ കർത്താവ് നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരപ്പെടുത്തുന്ന രണ്ടു അടിസ്ഥാന സത്യങ്ങളുണ്ട്- നിരന്തരമായ പ്രാർത്ഥനയാണ് ദൈവമക്കളുടെ നിലനിൽപ്പും ശക്തിയും. മിഷന്റെ ഹൃദയത്തുടിപ്പ്: സ്വർഗ്ഗത്തെ ചലിപ്പിക്കുന്ന നിലവിളി: ലൂക്കോസ് 18:1-8 ശക്തമായ ആമുഖത്തോടുകൂടെയാണ് ആരംഭിക്കുന്നത്, “മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കേണം” എന്നുള്ളതിനു കർത്താവ് ശിഷ്യന്മാരോടു ഒരു ഉപമ പറഞ്ഞു. നാം അഭിമുഖീകരിക്കുന്ന പരീക്ഷകൾ കർത്താവിനു അറിയാം - ക്ഷീണിച്ചു പോകുവാനും വിശ്വാസം നഷ്ടപ്പെട്ടു പോകുവാനും പ്രാർത്ഥിക്കാതെ മൗനമായിരിക്കുവാനും സാധ്യതയുണ്ട്. എന്നാൽ സ്ഥിരോത്സാഹിയായ വിധവയുടെ കഥയിലൂടെ കർത്താവ് നമ്മെ ആഹ്വാനം ചെയ്യുന്നത്, മുന്നോട്ടു പോകുക, പിന്മാറരുത്, രാജിവെക്കാതെ സ്ഥിരോത്സാഹത്തോടെ മുന്നേറുക. ഈ വിധവക്കു പേരില്ല, സ്വാധീനമില്ല, പദവികളും ഇല്ല. എന്നിട്ടും അവൾ വിട്ടുകളയുവാൻ തയ്യാറായില്ല. അവളുടെ അക്ഷീണ പോരാട്ടം അനീതിയുള്ള ന്യായാധിപന്റെ ചെറുത്തു നിൽപ്പിനെ തകർത്തുകളഞ്ഞു. നമ്മുടെ നീതിമാനും സ്നേഹനിധിയുമായ സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നമുക്കുള്ള ശ്രേഷ്ഠമായ ഉറപ്പിനെ പ്രകടമാക്കുവാൻ യേശു ഈ ഉദാഹരണം ഉപയോഗിച്ചു.

തിരുവചനത്തിലുടനീളം വിശ്വാസത്തോടെ മടുത്തു പോകാതെ പ്രാർത്ഥനയിൽ സ്ഥിരത കാണിക്കുന്നവരെ കർത്താവ് മാനിക്കുന്നു.

- ഹന്ന - ശമുവേൽ.1:10-20: ആഴമായ മനോവ്യസനത്തോടെ ഹന്ന കർത്താവിനോടു പ്രാർത്ഥിച്ചു. വളരെ കരഞ്ഞു. അവളുടെ പ്രാർത്ഥനക്കു പെട്ടെന്നു മറുപടി ലഭിച്ചില്ലെങ്കിലും അവൾ കർത്താവിനെ അന്വേഷിച്ചു. ദൈവത്തിന്റെ സമയത്തു യിസ്രായേലിന്റെ നേതാവും പ്രവാചകനുമായ ശമുവേൽ ജനിച്ചു. അവളുടെ കണ്ണുനീർ ദേശത്തിന്റെ വിടുതലിൻ വിത്തായി തീർന്നു.
- ഏലിയാവ് - 1 രാജാക്കന്മാർ 18:41-46: കർമ്മേലിലെ മഹത്തായ വിജയത്തിനു ശേഷം ഏലിയാവ് ദേശത്തു മഴ പെയ്യേണ്ടതിനു കർമ്മേൽ പർവ്വതത്തിന്റെ മുകളിൽ കയറി നിലത്തു കുനിഞ്ഞു മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വെച്ചു പ്രാർത്ഥിച്ചു. തന്റെ ബാല്യക്കാരനെ ആകാശത്തെ വീക്ഷിക്കുവാൻ മഴ മേഘം കാണുന്നതു വരെ എഴു പ്രാവശ്യം അയയ്ക്കുന്നു. ഏലിയാവ് നമ്മെ പഠിപ്പിക്കുന്നു - നീതിമാന്റെ പ്രാർത്ഥനക്കു ഫലം ലഭിക്കുന്നതിനു അക്ഷീണ പരിശ്രമം ആവശ്യമാകുന്നു.
- ആദ്യകാല സഭകൾ - അ.പ്ര. 1:14, അ.പ്ര.12:5: ആദ്യകാല വിശ്വാസികൾ എല്ലാവരും ഒരുമനപ്പെട്ടു നിരന്തരം

പ്രാർത്ഥന കഴിച്ചു പോന്നു. പത്രോസ് കാരാഗൃഹത്തിലായപ്പോൾ സഭ ശ്രദ്ധയോടു കൂടി പത്രോസിനു വേണ്ടി ദൈവത്തോടു പ്രാർത്ഥന കഴിച്ചു പോന്നു. അവരുടെ സ്ഥിരോത്സാഹത്തോടു കൂടിയ പ്രാർത്ഥന പത്രോസിന്റെ അത്ഭുത മോചനത്തിനു കാരണമായി– പ്രാർത്ഥനയിലൂടെ ആക്ഷരികമായും ആത്മീകമായും വാതിലുകൾ തുറക്കപ്പെടും എന്നതിന്റെ സാക്ഷ്യമാണിത്.

ഒരു മിഷൻ പ്രസ്ഥാനമെന്ന നിലയിൽ നമ്മുടെ മുൻനിര പോരാട്ടം ഗ്രാമങ്ങളിലും പട്ടണങ്ങളിലും മാത്രമല്ല അത് ആരംഭിക്കുന്നത് കർത്താവിന്റെ പാദപീഠത്തിലാണ്. പ്രാർത്ഥനയിൽ നിരന്തരം പോരാടുവാൻ ഇന്നു നാം വിളിക്കപ്പെട്ടിരിക്കുന്നു.

**നഷ്ടപ്പെട്ടവർ** – സുവിശേഷം ഒരിക്കലും കേൾക്കാത്തവർ

" ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കു ഉണ്ടു; അവയെയും ഞാൻ നടത്തേണ്ടതാകുന്നു,'' – യോഹ.10:16. ഭൂമിയുടെ അറ്റത്തോളം സുവിശേഷം എത്തപ്പെടുന്നതു വരെ, സുവിശേഷം ശ്രവിക്കാത്തവരുടെ പാദങ്ങൾ ദൈവവചനത്താൽ കഴുകപ്പെടുന്നതുവരെ നമുക്കു ദൈവസന്നിധിയിൽ കണ്ണുനീരോടെ നിലവിളിക്കാം മദ്ധ്യസ്ഥത വഹിക്കാം.

**ഏറ്റവും താഴ്ന്നവർ** – ദരിദ്രർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, തകർന്നവർ

"അവൻ എളിയവനെ പൊടിയിൽ നിന്നു എഴുന്നേല്പിക്കുകയും ദരിദ്രനെ കുപ്പയിൽ നിന്നു ഉയർത്തുകയും ചെയ്തു." – സങ്കീ.113:7. സമഗ്രമായ ദൗത്യത്തിലൂടെ ഹൃദയങ്ങളുടെ മാത്രമല്ല വീടുകളുടെയും സമൂഹത്തിന്റെയും പരിവർത്തനത്തിനായി പ്രാർത്ഥിക്കുക.

**അവസാനത്തെയാൾ** – ഉപേക്ഷിക്കപ്പെട്ടവർ, മറന്നു പോയവർ, അല്ലെങ്കിൽ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ ഉള്ളവർ.

"... ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു." 2 പത്രോ.3:9. നിത്യതയുടെ വക്കിൽ ആടിയുലയുന്നവർക്കു വേണ്ടി നമുക്കു പ്രാർത്ഥിക്കാം. വൈകി പോകുന്നതിനു മുമ്പ് അവർ ക്രിസ്തുവിൽ പ്രത്യാശ കണ്ടെത്തട്ടെ.

ദീർഘമായ പ്രാർത്ഥന മാത്രമല്ല വിശ്വാസ പൂർണ്ണമായ പ്രാർത്ഥന: കർത്താവ് ഈ ഉപമ അവസാനിപ്പിക്കുന്നത് അന്വേഷണാത്മകമായ ഒരു ചോദ്യത്തോടു കൂടിയാണ്. "... മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?..." ഇവിടുത്തെ വിഷയം നാം ദീർഘനേരം പ്രാർത്ഥിച്ചുവോ എന്നതല്ല നാം വിശ്വാസത്തോടു കൂടി – ദൈവം പ്രവർത്തിക്കുമെന്ന വിശ്വാസത്തോടെ പ്രാർത്ഥിച്ചുവോ എന്നതാകുന്നു. നാം മടുത്തു പോകരുത്. അനീതിയുള്ള ന്യായാധിപനോടല്ല നാം പ്രാർത്ഥിക്കുന്നത്. അവൻ നമ്മുടെ പിതാവാകുന്നു, നമ്മുടെ സംരക്ഷകനാകുന്നു, നമ്മുടെ വീണ്ടെടുപ്പുകാരനാകുന്നു. ലോകം നമ്മെ ദുർബ്ബലരോ, പഴഞ്ചരോ, ചെറുതോ ആയി കണ്ടേക്കാം. എന്നാൽ നമ്മുടെ പ്രാർത്ഥന സ്വർഗ്ഗത്തെ ചലിപ്പിക്കും. ചരിത്രത്തെ മാറ്റും.

***വിധവയുടെ നിലവിളി നമ്മുടെതാകട്ടെ:***

- സ്ഥിരോത്സാഹം
- അഭിനിവേശം
- വിശ്വാസപൂർണ്ണത

തന്ത്രപ്രധാനവും ആത്മീകവുമായ നിരവധി കൂടിവരവുകളിലൂടെ നമ്മുടെ പ്രവർത്തനത്തെ ദൈവം കൃപയാൽ മുന്നോട്ടു നയിച്ചു. കഴിഞ്ഞ മാസം വിവിധ മേഖലകളിൽ നമ്മുടെ സംഘത്തോടൊപ്പം പ്രവർത്തിക്കുവാൻ കഴിഞ്ഞത്

ഒരു പദവിയായി ഞാൻ കരുതുന്നു. അത് ആനന്ദകരമായ സന്ദർഭമായിരുന്നു. ഓരോ സന്ദർശനവും എന്നെ എളിമയുള്ളവനാക്കി. പ്രോത്സാഹജനകമായിരുന്നു. ദിവ്യ വിളിയുടെ ആഴത്തെ കുറിച്ചു കൂടുതൽ ബോധവാനുമാക്കി.

### ഡിവിഷണൽ സെക്രട്ടറിമാരുടെ യോഗം (ജൂൺ 18–19)

ആരാധനയുടെയും ധ്യാനത്തിന്റെയും മദ്ധ്യത്തിൽ നടന്ന യോഗം ഞങ്ങളുടെ നേതൃത്വത്തിനു മുന്നോട്ടു ഗമിക്കുന്നതിനു അവസരം ഒരുക്കി. പ്രാർത്ഥനക്കും റിപ്പോർട്ടിനും കാര്യങ്ങൾ വിവേചിക്കുന്നതിനുമുള്ള അവസരം ലഭിച്ചു. ഭിന്നതകൾക്കിടയിലും ഞങ്ങളുടെ ഹൃദയങ്ങളെ കർത്താവ് ഒന്നിപ്പിക്കുന്നതും പദ്ധതികളിൽ മാത്രമല്ല, മുന്നിലുള്ള **ലക്ഷ്യത്തിലും അഭിനിവേശത്തിലും** ഞങ്ങളെ വിന്യസിപ്പിക്കുന്നതും ഞങ്ങൾ അനുഭവിച്ചു. നവോന്മേഷം പ്രാപിക്കുന്നതിനും ദൗത്യ നിർവഹണത്തോടുള്ള ബന്ധത്തൽ പുനർക്രമീകരണം ചെയ്യുന്നതിനുമുള്ള നല്ല സന്ദർഭമായിരുന്നു.

### മാനേജ്മെന്റ് കമ്മറ്റി (ജൂൺ21–22)

ഈ യോഗത്തിലെ ചർച്ചകൾ പ്രാർത്ഥനയാലും ദൈവീക പരിജ്ഞാനത്താലും നിർഭരമായിരുന്നു. വ്യക്തിഗതവും നയപരവും ഭാവി ശുശ്രൂഷ സംബന്ധവുമായ വിഷയങ്ങളിൽ വിനയത്തോടും വ്യക്തതയോടും കൂടെ തീരുമാനങ്ങൾ എടുത്തു. **ആത്മാവിന്റെ ഐക്യത്തിലും** മിഷൻ പ്രവർത്തനത്തെ വിശ്വസ്തയോടെ നയിക്കുവാനുള്ള **പൊതുവായ പ്രതിബദ്ധതക്കും** നന്ദി രേഖപ്പെടുത്തുന്നു.

### മിഷൻ വയൽ സന്ദർശനം: പെയിന്റ് & ഗോദാവരി റീജിയൻ സെന്റർ സോൺ (ജൂൺ 23 –27)

പെയിന്റ്, ഗോദാവരി റീജിയനിലുള്ള മിഷൻ വയലുകളിലൂടെ സഞ്ചരിച്ചപ്പോൾ ദൈവത്തിന്റെ **വിശ്വസ്തതയും നിരന്തരമായി ദൈവവചനം വിതച്ചതിന്റെ ഫലങ്ങളും** അനുഭവമാക്കുവാൻ സാധിച്ചു.

- **റീജിനൽ ആസൂത്രണ യോഗങ്ങൾ, സുവിശേഷകരുടെ യോഗങ്ങൾ, സഭാമൂപ്പന്മാരുമായുള്ള കൂട്ടായ്മ** തുടങ്ങിയവ വെറും ഭരണപരമായിരുന്നില്ല, അവ ദീവ്യമായ നിമിഷങ്ങളായിരുന്നു. ശുശ്രൂഷയുടെ വളർച്ചയിൽ ഞങ്ങൾ സന്തോഷിച്ചു. മിഷനറിമാരും വിശ്വാസികളും നേരിടുന്ന എതിർപ്പുകളിൽ വേദനിച്ചു. മിഷനറിമാരിലൂടെ ദൈവം ചെയ്യുന്ന വങ്കാര്യങ്ങൾ കണ്ടു ഞങ്ങൾ അത്ഭുതപ്പെട്ടു.
- **ബാലഭവനങ്ങൾ സന്ദർശിച്ചത്** അഗാധമായ അനുഭവമായിരുന്നു. ഈ വിലപ്പെട്ട ആൺകുട്ടികളെയും പെൺകുട്ടികളെയും ക്രിസ്തുസമാന സ്നേഹത്തിലും ശിക്ഷണത്തിലും പരിപോഷിപ്പിക്കുന്നു. ഇവർക്കു വിദ്യാഭ്യാസം നൽകുന്നതിനൊപ്പം സ്വന്ത സമൂഹത്തിൽ **പ്രകാശം പരുത്തുന്ന**തിനാവശ്യമായ ശിക്ഷണവും നൽകുന്നു. പ്രാർത്ഥന, ദാനം, ദൗത്യ നിർവഹണം എന്നിവ മൂർത്തമായ പരിവർത്തനത്തിൽ സംയോജിക്കുന്നു എന്നതിന്റെ വികാരഭരിതമായ ഓർമ്മപ്പെടുത്തലായിരുന്നു ഈ സന്ദർശനം.

### സഭ – സംഘടന പങ്കാളിത്തം ശക്തിപ്പെടുത്തി – ഗുജറാത്ത് മഹായിടവക (ജൂൺ 28)

സി എൻ ഐ ഗുജറാത്ത് മഹായിടവക ബിഷപ്പ് **റൈറ്റ്. റവ. സിൽവാനസ് ക്രിസ്റ്റ്യൻ,** മഹായിടവകയുടെ ഔദ്യോഗിക ചുമതലക്കാർ എന്നിവരുമായി കൂടിക്കാഴ്ച നടത്തുന്നതിനു അവസരം നൽകിയ ദൈവത്തിനു

സ്തോത്രം. ആഴത്തിലുള്ള പരസ്പര ബഹുമാനം, ആത്മ ഭാരം, ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കായി സഹകരിക്കുന്നതിനുള്ള പ്രതിബദ്ധത എന്നിവയാൽ ഈ സംഭാഷണം ശ്രദ്ധേയമായിരുന്നു. ഗുജറാത്തിന്റെ ഉൾപ്രദേശങ്ങളിലേക്കു സുവിശേഷം എത്തിക്കുക എന്ന ഞങ്ങളുടെ പൊതുവായ ദർശനം വീണ്ടും ഉറപ്പിച്ചു. സംഭാഷണം തന്ത്രപരമായത് മാത്രമായിരുന്നില്ല മറിച്ച് **ആത്മാവിനാൽ നയിക്ക**പ്പെട്ടതായിരുന്നു - സുവിശേഷം ശ്രവിക്കാത്തവർക്കായി ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഐക്യത്തിന്റെ യഥാർത്ഥ സാക്ഷ്യമായിരുന്നു.

### സോണൽ സെക്രട്ടറിമാരുടെ പ്രാർത്ഥനക്കും ആസൂത്രണത്തിനുമായുള്ള കുടുംബ സംഗമം - ഫോർക്കാടി (ജൂൺ 29- 30)

നമ്മുടെ സോണൽ സെക്രട്ടറിമാരുടെ കുടുംബത്തോടൊപ്പമുള്ള കൂട്ടായ്മ ആനന്ദകരമായിരുന്നു. ഈ ശാന്തരായ നായകന്മാർ ശുശ്രൂഷയുടെ ഭാരവും ഭവനത്തിന്റെ ഭാരവും ഒരുപോലെ വഹിക്കുന്നു. ആരാധന, അനുഭവങ്ങൾ പങ്കുവെക്കുക, പരസ്പരമുള്ള പ്രോത്സാഹനം എന്നിവയാൽ സമ്പന്നമായിരുന്നു ഈ സമ്മേളനം. വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും ഒരു കുടുംബ യാത്രയാകുന്നു ഇതെന്നുള്ളത് എന്നെ ഓർമ്മപ്പെടുത്തി.

### കർണ്ണാടക മൊബലൈസേഷൻ അവലോകനവും സ്റ്റാഫ് സന്ദർശനവും (ജൂലൈ 5-7)

കർണ്ണാടകയിൽ നമ്മുടെ മൊബലൈസേഷൻ സ്റ്റാഫിന്റെ തികെച്ചും ശക്തവും വിശ്വസ്തവുമായ പ്രവർത്തനത്തിനു ഞാൻ സാക്ഷ്യം വഹിച്ചു. റിപ്പോർട്ടുകൾ ശ്രവിക്കുന്നതിനും അവലോകന സെഷനുകളിൽ പങ്കെടുക്കുന്നതിനും സംഘത്തോടൊപ്പം പ്രാർത്ഥിക്കുന്നതിനും സാധിച്ചത് എന്നിൽ പ്രതീക്ഷ നൽകി. പ്രതിസന്ധികളുടെ മദ്ധ്യത്തിൽ അഗ്നി ജ്വലിച്ചു കൊണ്ടിരിക്കുന്നു. പുതിയ സമൂഹങ്ങളുടെ മദ്ധ്യത്തിൽ ദൈവം അവസരം നൽകുന്നു. ദൈവമായ കർത്താവ് ധീരതയും മനസ്സലിവും വിശ്വസ്തതയുമുള്ള കൂടുതൽ പ്രാർത്ഥനക്കൂട്ടങ്ങളെയും നേതാക്കന്മാരെയും മിഷനറിമാരെയും നൽകിത്തരുമാറാകട്ടെ.

### ക്രിസ്തീയ പ്രവർത്തകരുടെ കൂട്ടായ്മ ശൃംഖല (ജൂലൈ 9)

ഇതര സംഘടനകളുടെ നേതാക്കന്മാരും ശുശ്രൂഷകളുമായി നാം കൂട്ടായ്മ ആചരിച്ചപ്പോൾ വിശാലമായ ഒരു ദർശനം സജീവമാകുന്നതു ആനന്ദത്തോടെ അനുഭവമായി. ദൈവരാജ്യത്തിനായുള്ള കൂട്ടായ പ്രവർത്തനം, നിരന്തരമായ പ്രാർത്ഥന, സുവിശേഷ പ്രഘോഷണത്തിൽ പരസ്പരമുള്ള പിന്തുണയ്ക്കൽ എന്നിവ അത്യന്താപേക്ഷിതമാണെന്നു ഈ സംഭാഷണം ഉറപ്പിച്ചു.

### സെന്റർ സോൺ മൊബലൈസേഷൻ പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെ യോഗം- (ജൂലൈ 12)

**വിരുതുനഗർ, തേനി, മധുരൈ** എന്നിവിടങ്ങളിൽ നിന്നുള്ള പ്രാർത്ഥനക്കൂട്ട നേതാക്കന്മാരെ സന്ധിച്ചത് ഏറെ സന്തോഷകരമായിരുന്നു. അവരിൽ ചിലരെ ആദ്യമായി കാണുകയാണ്. ഈ കൂട്ടായ്മ നവോന്മേഷ ദായകമായിരുന്നു. അവരുടെ ആത്മീക അഭിനിവേശവും പക്വമായ ഉൾക്കാഴ്ചകളും ശുശ്രൂഷയുടെ വിഭവ സമാഹരണത്തിനു പുതിയ ആക്കം കൂട്ടി. വരും മാസങ്ങളിലേക്കു വ്യക്തമായ ദിശബോധം രൂപപ്പെടുത്തുവാൻ വ്യക്തിപരമായ ചർച്ചകൾ ഞങ്ങളെ സഹായിച്ചു. ദൈവരാജ്യത്തിന്റെ വികസന

ത്തിനായുള്ള ഈ നേതാക്കന്മാരുടെ അചഞ്ചലമായ പ്രതിബദ്ധതക്കും സമർപ്പണത്തിനുമായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.

### ബിസിനസുകാരുടെ വാർഷീക കുടുംബ സംഗമം - ലേഡി ഡോക്ക് കോളജ് (ജൂലൈ 13)

ഈ വാർഷീക സമ്മേളനം സ്തോത്രത്തിന്റെയും സാക്ഷ്യത്തിന്റെയും അവസരമാകുന്നു. ലേഡി ഡോക്ക് കോളജിൽ 400 ലധികം ബിസിനസ്സുകാർ കുടുംബമായി കൂടിവന്നപ്പോൾ - ദൈവം എല്ലാ പ്രാർത്ഥനകളും കേൾക്കുന്നു എന്നും എല്ലാ ത്യാഗവും കണ്ണുനീരും ആരും ശ്രദ്ധിക്കപ്പെടാത്ത ഓരോ പ്രവർത്തിയും കാണുന്നുവെന്നും ഞങ്ങളെ ഓർമ്മപ്പെടുത്തി. എല്ലാറ്റിനും ഉറപ്പായ പ്രതിഫലം ഉണ്ട് നിശ്ചയം.

### ദേശീയ ഉപവാസ പ്രാർത്ഥനക്കായുള്ള ആഹ്വാനം -(ആഗസ്റ്റ് 8-10)

പ്രീയപ്പെട്ടവരെ, വലിയൊരു നേട്ടത്തിന്റെ പടിവാതില്ക്കലാകുന്നു നാം. മൂന്നു ദിവസത്തെ (ആഗസ്റ്റ് 8-10) ഉപവാസ പ്രർത്ഥന ഒരു നിർണ്ണായക സമയമായിരിക്കും. ദേശത്തിന്റെ അനുഗ്രഹത്തിനും FMPB യുടെ ശുശ്രൂഷയുടെ അഭിവൃദ്ധിക്കും വേണ്ടിയുള്ള ഈ ഭക്തിനിർഭരമായ പ്രാർത്ഥനയിൽ നിങ്ങളുടെ സഭകളും പ്രാർത്ഥനക്കൂട്ടങ്ങളും കുടുംബങ്ങളും പങ്കു ചേരുവാൻ ഞാൻ നിങ്ങളോടു അഭ്യർത്ഥിക്കുന്നു. നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല - ഇത് ഒരു ആത്മീക യുദ്ധമാകുന്നു. പ്രാർത്ഥനയാകുന്നു നമ്മുടെ ആയുധം.

നമ്മുടെ പ്രീയപ്പെട്ട രാജ്യത്തിന്റെ 79-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ നാം ആസ്വദിക്കുന്ന സ്വാതന്ത്ര്യത്തിനും നാം പങ്കിടുന്ന സമ്പന്നമായ പൈതൃകത്തിനും ദൈവത്തിനു നന്ദി കരേറ്റാം. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയവരുടെ ത്യാഗങ്ങളെ ഓർമ്മിക്കുന്നതിനും രാജ്യത്തിന്റെ യഥാർത്ഥ ക്ഷേമത്തിനായി പ്രവർത്തിക്കുവാനും പ്രാർത്ഥിക്കുവാനുമുള്ള നമ്മുടെ പ്രതിബദ്ധത പുതുക്കുന്നതിനുമുള്ള പുണ്യ നിമിഷമാകുന്നു.


രാജ്യത്തിന്റെ എല്ലാ മുക്കിലും മൂലയിലും **നിലനിൽക്കുന്ന സമാധാനവും നീതിയും** വാഴണം. രാജ്യത്തിനുവേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിക്കുവാൻ നമുക്കു ഒരുമിച്ചു കൂടാം

- ഭരണത്തിന്റെ എല്ലാ മേഖലയിലും ദൈവീക നേതൃത്വവും പരിജ്ഞാനവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- എല്ലാത്തരത്തിലുള്ള വിഭജനം, അടിച്ചമർത്തൽ, അക്രമം എന്നിവയിൽ നിന്നും വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- **രക്ഷയും പ്രത്യാശയും രൂപാന്തരവും** നൽകുന്ന സുവിശേഷം എല്ലാ ഹൃദയങ്ങളിലും ഭവനങ്ങളിലും എത്തേണ്ടതിനായി പ്രാർത്ഥിക്കുക.

ഈ കാലഘട്ടത്തിൽ ഇന്ത്യയിലെ ക്രൈസ്തവ സഭ ഉപ്പായും വെളിച്ചമായും തീരണം. സമുദ്രം വെള്ളത്താൽ നിറയപ്പെട്ടു കിടക്കുന്നതു പോലെ നമ്മുടെ രാജ്യം ദൈവ മഹത്വത്തിന്റെ പരിജ്ഞാനത്താൽ നിറയപ്പെടുമാറാകട്ടെ. (ഹബക്കുക് 2:14). സ്വാതന്ത്ര്യം ആഘോഷിക്കുക മാത്രമല്ല - ഈ മഹത്തായ രാജ്യത്തെ ഓരോ പൗരനും **ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം** പ്രാപിക്കേണ്ടതിനായി നമുക്കു മദ്ധ്യസ്ഥത വഹിക്കാം.

പ്രാർത്ഥിക്കാം. പ്രതീക്ഷയോടെ മുന്നോട്ടു പോകാം.

വിശ്വാസത്തിലും സ്നേഹത്തിലും സേവനത്തിലും ഐക്യപ്പെട്ടു മുന്നേറാം,



**റവ. വിജയ് പ്രസന്ന ഐസക്ക്**

# പ്രാർത്ഥന

## നമ്മുടെ ജീവനാഡി

ലുഥർ ഒരിക്കൽ പറഞ്ഞു, "പ്രാർത്ഥനയില്ലാതെ ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് ശ്വസിക്കാതെ ജീവിക്കുന്നതിനെക്കാൾ പ്രയാസമാണ്. ഒരു വിശ്വാസിയുടെ ജീവനാഡിയാകുന്നു പ്രാർത്ഥന. ദൈവവുമായുള്ള നമ്മുടെ ബന്ധം ആഴമുള്ളതാക്കുന്നു. നമ്മുടെ സൃഷ്ടിതാവായ സർവ്വശക്തനായ ദൈവത്തോടു ആശയ വിനിമയം ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കുന്നു. പ്രാർത്ഥന നമുക്കു ആശ്വാസവും മനസ്സിനു സമാധാനവും ആത്മീയ പോരാട്ടത്തിനു ബലവും നൽകുന്നു. നമ്മുടെ സംഘടനയുടെ ആചാര വിചാരത്തിൽ പ്രാർത്ഥനയോടുള്ള ആഴമായ പ്രതിബദ്ധതയുണ്ട്.

കർത്താവ് നമ്മെ ധാരാളം കാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ട് എന്നാൽ മത്തായിയുടെ സുവിശേഷത്തിൽ പ്രാർത്ഥനയെക്കുറിച്ചു പഠിപ്പിക്കുന്ന രണ്ടു പ്രധാന വേദഭാഗങ്ങൾ ഉണ്ട്. (മത്തായി.6:9; 9:38). ഏഴു പ്രകാരത്തിലുള്ള പ്രാർത്ഥനയെ കുറിച്ചു ധ്യാനിക്കാം

### 1. വ്യക്തിഗത പ്രാർത്ഥന (ഉല്പത്തി 28:20–21)

യാക്കോബ് തന്റെ വ്യക്തിപരമായ ആവശ്യത്തിനായി - ഭക്ഷണം, വസ്ത്രം, സംരക്ഷണം - പ്രാർത്ഥിക്കുന്നു. ഇതു സാധരണയായി പുതിയ വിശ്വാസികൾ നടത്തുന്ന പ്രാർത്ഥനയാണ്. നാം ആത്മീകമായി വളരുമ്പോൾ നമ്മുടെ പ്രാർത്ഥനയിൽ കൂടുതൽ ആഴമുള്ള ആഗ്രഹങ്ങൾ പ്രതിഫലിക്കും. മത്തായി 6:25–33 ൽ യേശു ഈ വിഷയത്തെ അഭിസംബോധന ചെയ്യുന്നു, ഭൗതീക ആവശ്യങ്ങളെക്കുറിച്ചു ആകുപ്പെടേണ്ടതില്ലെന്നു യേശു തന്റെ ശിഷ്യന്മാരെ പ്രബോധിപ്പിക്കുന്നു. നേരെമറിച്ച് ശലോമോൻ ദൈവത്തിനു പ്രസാദകരമായ ഒരു പ്രാർത്ഥന നടത്തി - ജ്ഞാനം ചോദിച്ചു (1 രാജാ.3:9). നമ്മുടെ വ്യക്തിപരമായ ആഗ്രഹങ്ങൾക്കാണോ നാം ഇപ്പോഴും ശ്രദ്ധ കൊടുക്കുന്നത് അതോ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഹിതം അന്വേഷിക്കുകയാണോ? ദൈവത്തിനു പ്രസാദകരമായ ജീവിതം നയിക്കുവാൻ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

### 2. അനുഗ്രഹത്തിനായുള്ള പ്രാർത്ഥന (1 ദിന.4:10)

യബ്ബേസ് നിലവിളിച്ചു "നീ എന്നെ നിശ്ചയമായി അനുഗ്രഹിച്ചു എന്റെ



അതിർ വിസ്താരമാക്കുകയും നിന്റെ കൈ എന്നോടു കൂടെ ഇരുന്നു അനർത്ഥം എനിക്കു വ്യസനകാരണമായി തീരാതെവണ്ണം എന്നെ കാക്കുകയും ചെയ്താൽ കൊള്ളാമായിരുന്നു.'' ദാവിദ് സമാനമായ വിധം പ്രാർത്ഥിച്ചു, "ദൈവം നമ്മോടു കൃപ ചെയ്തു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ; അവൻ തന്റെ മുഖത്തെ നമ്മുടെമേൽ പ്രകാശിപ്പിക്കുമാറാകട്ടെ (സങ്കീ.67:1). എല്ലാറ്റിനും ഉപരി ദൈവത്തിന്റെ കൃപയും സാന്നിധ്യവും ആഗ്രഹിച്ചു കൊണ്ട് ഭൗതികമായ കാര്യങ്ങളെക്കാൾ അധികം ആത്മീക അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കാം.

## 3. മറ്റുള്ളവർക്കായുള്ള മദ്ധ്യസ്ഥ പ്രാർത്ഥന (1 ശമു.7:8)

യിസ്രായൽ ജനം ഭയത്തോടെ ശമുവേലിനോടു തങ്ങൾക്കു വേണ്ടി മദ്ധ്യസ്ഥത ചെയ്യുന്നതിനായി അപേക്ഷിച്ചു. ശമുവേൽ അവരോടു പ്രഖ്യാപിച്ചു, "ഞാനോ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്‌വാൻ ഇടവരരുതേ;" (1 ശമു.12:23). ദൈവം ഇയ്യോബിന്റെ സ്നേഹിതന്മാരോടു പറഞ്ഞു ഇയ്യോബ് നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും. ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ ഇയ്യോബിന്റെ സ്ഥിതിക്കു മാറ്റം വരുത്തി (ഇയ്യോ.42:10). യാക്കോബ്, ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിക്കുവാൻ ഉത്സാഹിപ്പിക്കുന്നു (യാക്കോ.5:16). മറ്റുള്ളവരുടെ ഭാരങ്ങളെ വഹിച്ചു കൊണ്ട് കാരുണ്യത്തോടെ അവർക്കു വേണ്ടി പ്രാർത്ഥിക്കാം.

## 4. പ്രയാസ വേളയിലുള്ള പ്രാർത്ഥന (1 ശമു.30:4-8)

ദാവിദ് വലിയ കഷ്ടത്തിലായപ്പോൾ കർത്താവിൽ ധൈര്യപ്പെട്ടു ദൈവിക ആലോചന തേടി - ദാവിദ് എല്ലാം മടക്കിക്കൊണ്ടു പോന്നു. (1 ശമു. 30:19). ദാവീദ് രോഗത്തിൽ ദൈവത്തോടു നിലവിളിച്ചു ദൈവം പ്രാർത്ഥനക്കുത്തരം നൽകി (സങ്കീ.38:21). യഹോശാഫാത്ത് തന്റെ ആവശ്യനേരത്ത് ദൈവത്തോടു നിലവിളിച്ചു, കർത്താവ് ഉത്തരമരുളി (1 ദിന. 20:5-12). മിഷൻ വയലിൽ വിശ്വാസികൾ ശക്തമായ എതിർപ്പിനെ നേരിടുമ്പോൾ നമുക്കു ആത്മാർത്ഥമായി ദൈവത്തോടു പ്രാർത്ഥിക്കാം. പ്രതിസന്ധികളിൽ നമ്മെ കൈവിടുകയില്ലന്നു വാഗ്ദത്തം ചെയ്ത ദൈവം ഉത്തരം നൽകും (സങ്കീ.91:15; 50:15; 33:3).

## 5. ആത്മീക പരിപോഷണത്തിനായുള്ള പ്രാർത്ഥന (എഫെ.1:15-19)

വിശ്വാസികൾ ദൈവീക പരിജ്ഞാനവും വെളിപ്പാടും അറിവും പ്രാപിക്കേണ്ടതിനായി പൗലൊസ് പ്രാർത്ഥിക്കുന്നു. എഫെസ്യർ 3:15-19 ൽ ആന്തരിക മനുഷ്യൻ ക്രിസ്തീയ സ്നേഹത്തിൽ വേരൂന്നി വളരേണ്ടതിനായി പൗലൊസ് പ്രാർത്ഥിക്കുന്നു. കൊലൊ. 1:9-11 ൽ നാം ദൈവഹിതം അറിയണമെന്നും ക്രിസ്തുവിനു യോഗ്യമാവണ്ണം ജീവിക്കണമെന്നും ദൈവത്തിന്റെ ശക്തിയാൽ ബലപ്പെടണമെന്നുമാണ് പൗലൊസ് പ്രാർത്ഥിക്കുന്നത്.

## 6. ദൈവീക ശുശ്രൂഷക്കായുള്ള പ്രാർത്ഥന (അ.പ്രവ.4:3)

ആദ്യ കാല സഭ അപ്പൊസ്തലന്മാർക്കായി നിരന്തരം പ്രാർത്ഥിച്ചു. പത്രോസ് കാരാഗൃഹത്തിലായപ്പോൾ സഭ മറിയയുടെ ഭവനത്തിൽ കൂടി

പത്രോസിന്റെ വിടുതലിനായി പ്രാർത്ഥിച്ചു (പ്രവ.12:12). സുവിശേഷം ശക്തിയോടെ പ്രഘോഷിക്കുന്നതിനായി പ്രാർത്ഥിക്കുവാൻ പൗലൊസ് ആവശ്യപ്പെട്ടു (എഫെ.6:19-20). യേശു എല്ലാ വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിക്കുന്നു (യോഹ.17:20). ഈ നാളുകളിൽ അനേക ദൈവവേലക്കാർ പീഡനവും കഷ്ടതയും അനുഭവിക്കുന്നു. അവർ വിശ്വസത്തിൽ സ്ഥിരതയുള്ളവരായി സുവിശേഷം ധൈര്യപൂർവ്വം പ്രഘോഷിക്കേണ്ടതിനും അവർക്കു ദൈവീക സംരക്ഷണം ലഭിക്കേണ്ടതിനുമായി നമുക്കു ദിനംതോറും പ്രാർത്ഥിക്കാം.

## 7. മദ്ധ്യസ്ഥ പ്രാർത്ഥന

**(ഉല്പത്തി.18:23-33; പുറ.32:11-13)**

മദ്ധ്യസ്ഥത ശ്രേഷ്ഠവും ശക്തവുമായ പ്രാർത്ഥനരീതിയാകുന്നു. ഇന്നും യേശുക്രിസ്തു നമുക്കു വേണ്ടി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കുന്നു (1 യോഹ.2:1). ദൈവത്തോടു ചേർന്നു വസിക്കുന്നവർക്കു മദ്ധ്യസ്ഥതയുടെ ആത്മാവ് ലഭിക്കുന്നു. ദൈവം അബ്രഹാമിനെ സ്നേഹിതൻ എന്നു വിളിക്കുന്നു (യെശ.41:8). അബ്രഹാം സോദോമിനു വേണ്ടി ധൈര്യപൂർവ്വം അപേക്ഷിക്കുന്നു (ഉല്പത്തി. 18:22-33). മോശെ മത്സരികളായ യിസ്രായേൽ ജനത്തിനു വേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥത ചെയ്യുന്നു (പുറപ്പാട്. 32:11-13), തന്റെ മഹത്വത്തിലുപരി ജനത്തിന്റെ വിടുതൽ തിരഞ്ഞെടുക്കുന്നു (പുറ.32:10). പൗലൊസ് അടമിയായ ഒനേസിമോസിനു വേണ്ടി ഫിലോമൊനോടു അപേക്ഷിക്കുന്നു.

ഒരു യുവതി രോഗത്തിന്റെ മദ്ധ്യേ കർത്താവിന്റെ വേല ചെയ്യുവാൻ ആഗ്രഹിച്ചു. അവളുടെ പാസ്റ്റർ അവളോടു രക്ഷിക്കപ്പെട്ടു കാണുവാൻ അവൾ ആഗ്രഹിക്കുന്ന വ്യക്തികളുടെ പേർ എഴുതി അവർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ഉത്സാഹിപ്പിച്ചു. അവൾ അനുസരിച്ചു. അവൾ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടുന്നതിനു മുമ്പ് അവളുടെ പ്രാർത്ഥന പട്ടികയിലുള്ള 56 വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നത് അവൾ കണ്ടു. നമുക്കും രക്ഷിക്കപ്പെടാത്ത സ്നേഹിതരുടെയും ബന്ധുക്കളുടെയും സഹപ്രവർത്തകരുടെയും പട്ടിക തയ്യാറാക്കി അവരുടെ മാനസാന്തരത്തിനായി ശ്രദ്ധയോടു കൂടി പ്രാർത്ഥിക്കാം.

## ഉപസംഹാരം

പ്രാർത്ഥന ദൈവത്തെ പ്രസാദിപ്പിക്കുന്നു. തോമസ് വാട്സൺ പറഞ്ഞു, “പ്രാർത്ഥന ദൈവത്തിന്റെ ഹൃദയത്തെ ഉരുക്കുന്നു.” പ്രാർത്ഥനയിലൂടെ ദൈവത്തോടു നാം കൂടുതൽ അടുക്കുകയും ദൈവഹിതത്തോടു നാം പൊരുത്തപ്പെടുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തിനു നമ്മുടെ പ്രാർത്ഥന അത്യന്തം ആവശ്യമായിരിക്കുന്നു. എല്ലാ ദിവസവും ദൈവ സന്നിധിയിൽ മുട്ടുമടക്കി പാപത്തിലും അന്ധകാരത്തിലും ജീവിക്കുന്ന ജനങ്ങളുടെ മാനസാന്തരത്തിനും വിടുതലിനുമായി പ്രാർത്ഥിക്കാം. നമ്മുടെ ജനത്തെ ക്രിസ്തുവിനായി നേടുവാൻ നമുക്കു ദൈവ സന്നിധിയിൽ തീഷ്ണമായി മദ്ധ്യസ്ഥത വഹിക്കാം.

**- റവ. എസ് ദേവദാസ്**

FMPB- ഹിന്ദി ഭാഷക്കാരുടെ
ഇടയിലെ ശുശ്രുഷ, ചെന്നൈ

ആത്മപരിശോധനയോടെ സ്വാതന്ത്ര്യം:

രൂപാന്തരപ്പെട്ട ഇന്ത്യക്കായി പ്രാർത്ഥിക്കുന്നു



# രാജ്യം!

# എന്റെ ഇന്ത്യ

# മഹാരാജ്യം!

***"നിന്നെ ഇനി അസൂബ (ത്യക്ത) എന്നു വിളിക്കയില്ല; നിന്റെ ദേശത്തെ ശെമാമാ (ശൂന്യം) എന്നു പറയുകയുമില്ല; നിനക്കു ഹെഫ്സിബാ (ഇഷ്ട) എന്നും നിന്റെ ദേശത്തിനു ബെയൂല (വിവാഹസ്ഥ) എന്നും പേർ ആകും; യഹോവെക്കു നിന്നോടു പ്രിയമുണ്ടല്ലോ; നിന്റെ ദേശത്തിനു വിവാഹം കഴിയും."*** **(യെശ.62:4).**

നമ്മുടെ രാജ്യത്തിന്റെ 79-ാം സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുമ്പോൾ നമ്മുടെ രാജ്യം കൈവരിച്ച ശ്രദ്ധേയമായ വളർച്ചക്കും നേട്ടത്തിനുമായി ദൈവത്തെ സ്തുതിക്കാം. കോളോണിയൽ കാലഘട്ടത്തിനു ശേഷം പോരാട്ടങ്ങൾ നിറഞ്ഞ രാഷ്ട്രത്തിൽ നിന്നും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായും അതിവേഗം വളരുന്ന സാമ്പത്തിക ശക്തിയായും നാം ഉയർന്നു വന്നിരിക്കുന്നു. ഹരിത കൃഷി, പരിസ്ഥിതി സൗഹൃദമായ അടിസ്ഥാന സൗകര്യങ്ങൾ, സാങ്കേതിക പുരോഗതി തുടങ്ങിയ സംരംഭങ്ങൾ സ്വയംപര്യാപ്തമായ ആധുനിക ഇന്ത്യയാകുന്നതിനായുള്ള നമ്മുടെ പരിശ്രമത്തെ പ്രതിഫലിപ്പിക്കുന്നു. ഇത് സ്വദേശത്തും വിദേശത്തും ഉള്ള ഇന്ത്യൻ പൗരന്മാരിൽ ആത്മാഭിമാനം ഉയർത്തുന്നു.

സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ നമ്മുടെ സാക്ഷരത നിരക്ക് 12% ആയിരുന്നെങ്കിൽ ഇന്ന് 80.9% ആയിരിക്കുന്നു. നമ്മുടെ ഭക്ഷ്യധാന്യ ഉല്പാദനം 50 ദശലക്ഷ ടണ്ണിൽ നിന്നും വളർന്ന് 300 ദശലക്ഷ ടണ്ണായി വർദ്ധിച്ചു. ഇത് നമ്മെ സ്വയപര്യാപ്തരാക്കി. നമ്മൾ ശാസ്ത്രത്തിൽ പുരോഗതി വരിച്ചു. ചന്ദ്രനിൽ വരെ എത്തി. ഈ നേട്ടങ്ങളുടെ ശോഭ കെടുത്തുന്ന വിധത്തിൽ ചില ഗുരുതരമായ പ്രശ്നങ്ങളും നിലനിൽക്കുന്നു - ദാരിദ്ര്യം, വിശപ്പ്, തൊഴിലില്ലായ്മ, അഴിമതി, അനീതി, സാമൂഹിക വിവേചനം.

പൊതുവിതരണ പദ്ധതി, ഉച്ചഭക്ഷണം തുടങ്ങിയ ക്ഷേമ പദ്ധതികൾ ഉണ്ടെങ്കിലും പലർക്കും ഇപ്പോഴും അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നിവ ലഭ്യമല്ല. പലവിധത്തിലുള്ള ചൂഷണം ഇപ്പോഴും തുടരുന്നു, പലരും ഇപ്പോഴും കുടുത്ത ദാരിദ്യത്തിലാകുന്നു. ശാക്തീകരണത്തെ ഭയക്കുകയും ആവശ്യക്കാരിൽ വിദ്യാഭ്യാസം എത്തിക്കുന്നതിനെ തടയുകയും ചെയ്യുന്ന ഗ്രാമപ്രദേശങ്ങളിലും പിന്നോക്ക മേഖല

കളിലും ഇന്നും നിരക്ഷരത നിലനിൽക്കുന്നു. വിദ്യാഭ്യാസത്തിന്റെ അഭാവം ബാലവേല, ശൈശവ വിവാഹം, വഞ്ചന എന്നീ സാമൂഹ്യ തിന്മകളിലേക്കു നയിക്കുന്നു.

വിദ്യാഭ്യാസം ഉള്ളവരുടെ ഇടയിൽ പോലുമുള്ള തൊഴിലില്ലായ്മ യൗവ്വനക്കാരെ കുറ്റകൃത്യങ്ങളിലേക്കും മയക്കുമരുന്നുകളിലേക്കും ആത്മഹത്യയിലേക്കുമൊക്കെ നയിക്കുന്നു. മയക്കുമരുന്നിന്റെ ഭീഷണി പടരുന്നു, സ്ത്രീകളും ഇതിന്റെ ഇരകളായി കെണിയിൽ അകപ്പെടുന്നു. ലൈംഗീക അധാർമ്മികതക്കു പ്രേരണ നൽകുന്ന ദാരിദ്ര്യവും ഭൗതീക മോഹങ്ങളും നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ ഇല്ലാതാക്കുന്നു. സ്ത്രീകൾ ജോലിസ്ഥലത്തും ഭവനത്തിലും പൊതുസ്ഥലത്തും പീഡനം നേരിടുന്നു, ഇത് ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന ആഘാതത്തിലേക്കോ ആത്മഹത്യയിലേക്കോ അവരെ നയിക്കുന്നു. സ്ത്രീധന സംബന്ധമായ പീഡനങ്ങളും ഗാർഹീക പീഡനങ്ങളും ഇന്നും വ്യാപകമായിട്ടുണ്ട്. അഴിമതി, കൈക്കൂലി, ജാതി വിവേചനം, വർഗീയ ആക്രമണം എന്നിവ നമ്മുടെ സാമൂഹിക ഘടനയെ കൂടുതൽ വികലമാക്കുന്നു.

നമ്മൾ ഒരു മതേതര റിപ്പബ്ലിക്കാണെങ്കിലും വ്യക്തി സ്വാതന്ത്ര്യം പലപ്പോഴും അടിച്ചമർത്തപ്പെടുന്നു. ജാതി, മതം, ലിംഗഭേദം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം നമ്മുടെ ഭരണഘടനയുടെ ആദർശങ്ങൾക്ക് വിരുദ്ധമാണ്.

### പ്രവർത്തിക്കുവാനുള്ള ആഹ്വാനം:

ഈ ഗുരുതരാവസ്ഥയിൽ സഭകൾ എഴുന്നേൽക്കണം. രാജ്യത്തിന്റെ ഉണർവ്വിനും നീതിക്കും രക്ഷക്കും വേണ്ടി ഇടിവിൽ നിന്നു പ്രാർത്ഥിക്കുന്ന ജനങ്ങളെ നമുക്ക് ആവശ്യമാകുന്നു. ഓരോ പൗരനും അന്തസ്സോടും പ്രതീക്ഷയോടും ജീവിക്കുവാൻ കഴിയുന്ന അച്ചടക്കമുള്ള നീതിനിഷ്ഠമായ പരിവർത്തനം ചെയ്യപ്പെട്ട ഒരു ഇന്ത്യക്കായി നമുക്കു മദ്ധ്യസ്ഥത വഹിക്കാം.

### പ്രാർത്ഥിക്കുക:

- ഇന്ത്യ പട്ടിണിയില്ലാത്ത ഒരു രാജ്യമായി മാറേണ്ടതിനായും ദാരിദ്ര്യ രേഖക്കു താഴെയുള്ള എല്ലാവരും അഭിവൃദ്ധി പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കാം.
- കുട്ടികളും, സ്ത്രീകളും യുവജനങ്ങളും വൃദ്ധജനങ്ങളും ഉൾപ്പടെ എല്ലാവരുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം.
- ജനങ്ങളുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന പ്രതിലോമ ചിന്തകളോ പദ്ധതികളോ ഭാവി തലമുറയെ ബാധിക്കാത്ത ഒരു സാഹചര്യത്തിനായി നമുക്കു പ്രാർത്ഥിക്കാം. ഇന്ത്യ 100% സാക്ഷരതയുള്ള ഒരു രാജ്യമായി തീരുവാൻ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കാം.
- വംശം, മതം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ ഭിന്നത ഉരുവാക്കുന്ന ആളുകളുടെ ഹൃദയത്തിൽ രൂപാന്തരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കാം.
- ദരിദ്രരുടെമേൽ അടിച്ചേൽപ്പിക്കുന്ന അനീതി, ഭൂമി വിതരണം, അസമത്വം എന്നിവക്കു അവസാനം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കാം. സർക്കാർ ക്ഷേമപദ്ധതികളിൽ എല്ലാവർക്കും ന്യായമായ പങ്കു ലഭിക്കേണ്ടതിനും അന്യായമായി അടിച്ചമർത്തപ്പെട്ടവർക്കു നീതി

ലഭിക്കേണ്ടതിനും അസമത്വമില്ലാത്ത സമത്വ സുന്ദരമായ ഒരു രാജ്യത്തിനുമായി നമുക്കു പ്രാർത്ഥിക്കാം.

- നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാർക്കും കൈക്കൂലി കൊടുക്കുന്നതും വാങ്ങുന്നതും കുറ്റമാണെന്ന ബോധം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കാം.
- മയക്കുമരുന്നിനടിമകളായവർ അതിൽ നിന്നു മോചനം പ്രാപിച്ചു ജീവിതത്തിൽ അഭിവൃദ്ധിപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം. മയക്കുമരുന്നിന്റെ ഉല്പാദനവും വിതരണവും ഗവൺമെന്റ് ഫലപ്രദമാം വിധം തടയേണ്ടതിനും ജനങ്ങളുടെ ക്ഷേമത്തെ സംരക്ഷിക്കേണ്ടതിനുമായി പ്രാർത്ഥിക്കാം.
- അക്രമം ഇല്ലാതാക്കി ആയുധങ്ങളില്ലാതെ നീതിയുടെ പാതയിൽ നടക്കുക എന്ന ആശയം എല്ലാ ഇന്ത്യക്കാരുടെയും ഉള്ളിൽ മുള പൊട്ടേണ്ടതിനായി പ്രാർത്ഥിക്കാം.
- എല്ലാവരും സത്യത്തിനും നീതിക്കും വേണ്ടി പരിശ്രമിക്കുന്ന രാജ്യത്തെ ഉത്തമ പൗരന്മാരായി ജീവിക്കണമെന്നും ദൈവത്തിന്റെ സ്വരൂപത്തിൽ എല്ലാവരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന തോന്നൽ എല്ലാവരുടെ മനസ്സിൽ ഉണ്ടാകണമെന്നും നമുക്കു പ്രാർത്ഥിക്കാം.

- **ഫ്രീഡ സാം,** മൊബലൈസേഷൻ, തമിഴ്നാട്, അലുവാലകം

## പരിശീലനം പൂർത്തീകരിച്ചു മിഷൻ വയലുകളിലേക്കു പോയ മിഷനറിമാർ

### ഫെബ്രുവരി 2024– മെയ് 2025

**Mr. സുശീൽ ഹെബ്രം | Mrs. സുനിത മാറാണ്ടി | Miss. ഇബലാലെ പമെ**
**Miss. ഷീല ഹൻസ്ത | Miss. രാന്ദോൺ മുർമു | Mrs. വിജിത**
**Mr. ലെത്ഖോഗിൻ മെതെ | Mrs. രേശ്മ റാണി | Mrs. കാജൽ**
**Miss. എസ്ഥേർ നിഷോൺ**

**ഇവർക്കായി നമുക്കു പ്രാർത്ഥിക്കാം :**

• അപരിചിതമായ ഭാഷ, സംസ്കാരം, കാലവസ്ഥ ഇവകളുടെ മദ്ധ്യത്തിൽ ദൈവം അവരെ ഉത്സാഹിപ്പിക്കേണ്ടതിനായും വേഗത്തിൽ പ്രാദേശിക ഭാഷ പഠിക്കുന്നതിനുള്ള ജ്ഞാനവും ഓർമ്മ ശക്തിയും അവർക്കു നൽകേണ്ടതിനായും പ്രാർത്ഥിക്കുക. • ദൈവം അവരെ ഏകാന്തതയിൽ നിന്നും ശാരീരിക ബലഹീനതയിൽ നിന്നും ഒറ്റപ്പെടലിൽ നിന്നും സംരക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. • സുവിശേഷത്തതിനായി വാതിലുകൾ തുറക്കേണ്ടതിനായും അവരുടെ ആത്മഭാരം ദിനം തോറും വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. • ഗ്രാമീണർ അവരെ സന്തോഷത്തോടെ സ്വീകരിക്കേണ്ടതിനും സുവിശേഷത്തോടു താൽപര്യം കാണിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. • ദൈവം അവർക്കു യാത്ര സുരക്ഷയും സഹപ്രവർത്തകരുമായി ഐക്യവും എതിർപ്പുകൾക്കിടയിലും തീഷ്ണതയോടെ പ്രവർത്തിക്കുന്നതിനുള്ള ശക്തിയും നൽകേണ്ടതിനായി പ്രാർത്ഥിക്കുക. • അവിവാഹിതരായവർക്കു അനുയോജ്യരായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനും അവർ കുടുംബമായി ദൈവവേല ചെയ്യേണ്ടതിനുമായി പ്രാർത്ഥിക്കുക.




# തപൻ മിഷൻ വയൽ

## ഒരു എത്തിനോട്ടം

### തപൻ

പശ്ചിമ ബംഗാളിലെ ദക്ഷിൺ ദിനജ്പൂർ ജില്ലയിലുള്ള ഒരു ഗ്രാമമാണ് തപൻ. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളുടെ കേന്ദ്രമായി നിലകൊള്ളുന്ന ഗംഗാരാപൂർ പട്ടണത്തിൽ നിന്നും 14 കിലോമിറ്റർ അകലെയാണ് തപൻ ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ ഭരണഘടനയുടെ പഞ്ചായത്ത് ആക്ട് പ്രകാരം ഗ്രാമീണരാൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രാമത്തലവനാണ് (സർപഞ്ച്) ഭരണം നിർവഹിക്കുന്നത്. സാക്ഷരത നിരക്ക് 75.29% ആകുന്നു. ചരിത്രപരമായി പ്രാധാന്യമുള്ള ജപൻ ദിഹി തടാകം സ്ഥിതി ചെയ്യുന്ന ഈ പ്രദേശം ദേശാടന പക്ഷികളുടെ ഒരു സങ്കേതം കുടിയാകുന്നു.

### സംസ്കാരവും ഉപജീവന മാർഗ്ഗവും:

തപാനിലെ രണ്ടു പ്രധാന വംശീയ വിഭാഗം **സന്താളി, ബംഗാളി** എന്നിവരാണ്. കൂടാതെ **ഒറാവൻ, മുണ്ട, ബേദിയ, മഹാലിയ, മാൽപഹാടിയ, രാജബൻഷി, ലൊക്കാറ** എന്നി ജാതിക്കൂട്ടങ്ങളും പാർക്കുന്നു. അധികപങ്കാളുകളും കാർഷീക വൃത്തിയിലേർപ്പെടുന്നു. കൂലി വേലക്കാരും നിർമ്മാണ പ്രവർത്തിൽ ഏർപ്പെടുന്നവരും ഉണ്ട്. കടുക്, കോതമ്പ്, പരുത്തി, പച്ചക്കറികൾ, നെല്ല് (വർഷത്തിൽ രണ്ടു പ്രാവശ്യം) തുടങ്ങിയ വിളകൾ കൃഷി ചെയ്യുന്നു.

അനവധി യൗവ്വനക്കാർ കുടിയേറ്റ തൊഴിലാളികളായി മറ്റു സംസ്ഥാനങ്ങളിലേക്കു പോയിരിക്കുന്നു. പരമ്പരാഗത വിവാഹങ്ങൾ മുതിർന്നവരാണ് ക്രമീകരിക്കുന്നത്, എന്നാൽ ഇക്കാലത്ത് യൗവ്വനക്കാർ തങ്ങളുടെ പങ്കാളികളെ തിരഞ്ഞെടുക്കുകയും ഔപചാരിക ചടങ്ങുകളില്ലാതെ ഒരുമിച്ചു താമസിക്കുകയും ചെയ്യുന്നു. എന്നിരുന്നാലും വിവാഹങ്ങൾ ഇപ്പോഴും നടത്തുന്നത് ഗ്രാമത്തലവനാണ്. വിവാഹ നാളുകളിൽ വരനെയും വധുവിനെയും മുളം കൊട്ടയിൽ ചുമന്നുകൊണ്ടാണ് വരുന്നത്. വരൻ 51 രൂപയും ഒരു പശുവിനെയും വധുവിന്റെ വിട്ടുകാർക്കു സ്ത്രീധനമായി നൽകണം.

### മത വിശ്വാസം

തപനിലെ ജനങ്ങളുടെ പ്രധാന ആരാധനമൂർത്തി **മരങ് ബുറു** ആകുന്നു. എന്നിരുന്നാലും ഗോത്രേതര സംസ്കാരങ്ങളുടെ സ്വാധീനത്താൽ മറ്റു ആരാധന രീതികളും ഇവർ സ്വീകരിച്ചിട്ടുണ്ട്. **പഹ പൊറൊപ്പ്, നവ പൊറൊപ്പ്, സൊഹരായ്**

**പൊറൊപ്പ്, ദുർഗ്ഗ പൂജ** എന്നിവയാണ് ഇവിടുത്തെ ആഘോഷങ്ങൾ. ഒരു പ്രധാന പ്രാദേശിക ഉത്സവമായ **പൊർള കാളി** ഒരാഴ്ച നീണ്ടു നിൽക്കുന്ന ഉത്സവമാണ്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വലിയൊരു ജനക്കൂട്ടം ഈ ആഘോഷത്തിൽ പങ്കെടുക്കുവാൻ കടന്നു വരുന്നു.



ആത്മീക നേതാക്കൾ **ഗ്രാമത്തിലവനും** നിഗൂഡ ശക്തികളാൽ ആദരിക്കപ്പെടുന്ന **ഓജാ ഗുരുക്കളും** ആകുന്നു. അന്ധവിശ്വാസവും ആഭിചാരകർമ്മങ്ങളിലുള്ള വിശ്വാസവും ഇവിടെ ശക്തമായി നിലനിൽക്കുന്നു. പച്ച കുത്തുന്നതും ഇവിടെ ആത്മീക പ്രാധാന്യമുള്ളതാകുന്നു. പുരുഷന്മാർ അവരുടെ വലതു കൈത്തണ്ടയിലും സ്ത്രീകൾ അവരുടെ മാറിടത്തിന്റെ മേൽഭാഗത്തും പച്ചകുത്തുന്നു. ഇത് അവരുടെ സ്വർഗ്ഗീയ പ്രവേശനം ഉറപ്പാക്കുന്നു. പൂർവ്വികരെ ആരാധിക്കുന്നതും ഇവിടെ സാധാരണമാണ്.



## തപനിൽ FMPB യുടെ ശുശ്രൂഷ

പശ്ചിമ ബംഗാളിലുള്ള **സന്താൾ റീജിയന്റെ** കീഴിലാണ് ഈ തപൻ മിഷൻ വയൽ പ്രവർത്തിക്കുന്നത്. **സന്താളി, ബംഗാളി** എന്നീ ഭാഷകൾ സംസാരിക്കുന്ന **സന്താൾ ജനങ്ങളുടെ** മദ്ധ്യത്തിലാണ് ശുശ്രൂഷ ചെയ്യുന്നത്.



7.2.2025 ൽ മിഷനറിമാരായ **ശ്രീ. കിങ്സ്ലിയും ശ്രീ. പൊൻ ആഗസ്റ്റിനുമാണ്** ഈ മിഷൻ വയിലിനെ കുറിച്ചു ആദ്യ പഠനം നടത്തിയത്. **2015 ജൂണിൽ** ഈ മിഷൻ വയലിൽ പ്രവർത്തനം ആരംഭിച്ചു. ഇവിടുത്തെ ആദ്യ മിഷനറി **ശ്രീ. കിങ്സ്ലി** ആകുന്നു. 2023 വരെ പ്രവർത്തിച്ച അദ്ദേഹത്തോടു ചേർന്നു **ശ്രീ. ചാൾസ് മാറാണ്ടി, ശ്രീ. സൈമൺ കിസ്കു** എന്നീ സ്വദേശ സുവിശേഷകരും പ്രവർത്തിച്ചു. പിന്നീട് **ശ്രീ. രഞ്ജൻ ഘോഷാല, ശ്രീ. സതീഷ് കുമാർ** എന്നിവരും രണ്ടു വർഷം പ്രവർത്തിച്ചു.

**2023 നവംബർ** മുതൽ **റവ. ഹരമോഹൻ പ്രഭുദാസും നായക്കും കുടുംബവും** ഇവിടുത്തെ ശുശ്രൂഷക്കു നേതൃത്വം നൽകി. ഇവരോടൊപ്പം പ്രാദേശിക സുവിശേഷകരായ **ശ്രീ. രാജു മുർമ്മു, ശ്രീ. സൈമൺ മാറാണ്ടി** എന്നിവർ കുടുംബമായി സേവനം അനുഷ്ഠിച്ചു.

## നിലവിലുള്ള ആരാധനക്കൂട്ടങ്ങൾ:

നക്തഹാർ, ബസ്പദ, നെഹാംബ, നുറോൾ, ദൗസി, ബോനഹാർ, ബോദാഹം, മഹേന്ദ്ര, ദികുൽ.

## സുവിശേഷത്തിന്റെ ആദ്യഫലം:

രാത്രിയോഗം, ഫിലിം പ്രദർശനം, ലഘുലേഖ വിതരണം, എന്നി മുഖാന്തിരങ്ങളിലൂടെ സുവിശേഷം പങ്കുവെക്കുകയും അനുധാവന പ്രവർത്തനം നടത്തുകയും ചെയ്തു. **തോഗോൾപൂർ** ഗ്രാമത്തിലുള്ള ചിലർ സുവിശേഷത്തോടു താൽപര്യം കാണിച്ചു.

വിട്ടുമാറാത്ത രോഗത്താൽ കഷ്ടപ്പെട്ട 17 വയസ്സുള്ള പെൺകുട്ടി **ആൽബിന മാറാണ്ടിക്കു** വേണ്ടി യേശുവിന്റെ നാമത്തിൽ പ്രാർത്ഥിച്ചപ്പോൾ ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി. ഈ അത്ഭുതത്തിനു സാക്ഷ്യം വഹിച്ച പത്തു പേർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും **11.04.2016 ൽ ബുൽഡോള ഗ്രാമത്തിൽ** വെച്ചു വിശ്വാസ പ്രഖ്യാപനം നടത്തുകയും ചെയ്തു. അന്നു മുതൽ ആ ഗ്രാമത്തിൽ പതിവായി ആരാധന യോഗം നടത്തിവരുന്നു.

## സുവിശേഷത്തിനുള്ള വെല്ലുവിളികൾ:

✦ഗ്രാമത്തലവന്മാർ രാത്രി യോഗങ്ങൾക്കും ഫിലിം പ്രദർശനത്തിനും നാടകത്തിലൂടെ സുവിശേഷീകരണത്തിനും നീയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ✦മദ്യത്തിന്റെ ഉപയോഗവും പ്രാദേശിക മദ്യ ഉല്പാദനത്തിന്റെ വ്യാപനവും ✦വിശ്വാസികൾ കുടുംബാംഗങ്ങളിൽ നിന്നു നേരിടുന്ന എതിർപ്പുകൾ ✦ദുരുപദേശങ്ങളുടെ വ്യാപനം ✦തൊഴിലിനായി മറ്റു സംസ്ഥാനങ്ങളിലേക്കുള്ള യുവജനങ്ങളുടെ കുടിയേറ്റം ✦ബംഗാളി മതാചാരങ്ങളുടെ സംസ്കാരികമായ സ്വാധീനം

✦ദുരാത്മാക്കളോടുള്ള ഭയവും സാമൂഹ്യമായ സമ്മർദ്ദവും

## പ്രാർത്ഥന വിഷയങ്ങൾ

✦ സഭാമൂപ്പന്മാർ തിരുവചന ജ്ഞാനമുള്ളവരായി വിശ്വാസികളെ ആത്മീക പക്വതയിലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ✦തപൻ മിഷൻ വയലിലെ എല്ലാ ഗ്രാമങ്ങളിലും സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ✦ആത്മീക അന്ധതയുടെയും അന്ധവിശ്വാസത്തിന്റെയും ചങ്ങലകൾ ദൈവം തകർക്കേണ്ടതിനായി പ്രാർത്ഥിക്കുക. ✦എല്ലാ വെല്ലുവിളികളും ഫലകരമായ ശുശ്രൂഷക്കുള്ള ചവിട്ടു പടികളാകേണ്ടതിനായി പ്രാർത്ഥിക്കുക. ✦ വിശ്വാസികൾ ആത്മീകമായി വളർന്നു അവരുടെ സമൂഹത്തിൽ നല്ല സ്വാധീനം ചെലുത്തുന്നവരാകേണ്ടതിനായി പ്രാർത്ഥിക്കുക. ✦സുവിശേഷത്തെ എതിർക്കുന്നവർ യേശുവിനെ കണ്ടുമുട്ടേണ്ടതിനും അവരുടെ ജീവിതങ്ങളിൽ രൂപാന്തരം സംഭവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ✦സുവിശേഷ യോഗങ്ങളിൽ സംബന്ധിക്കുന്നവർ യേശുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ✦വിശ്വാസികൾ കുടിയേറി പോകാതിരിക്കുവാൻ പ്രാദേശികമായ തൊഴിലവസരങ്ങൾ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ✦മിഷനറിമാർക്കും സുവിശേഷകർക്കും വേണ്ടി പ്രാർത്ഥിക്കുക - അവരുടെ ആരോഗ്യത്തിനായും സംരക്ഷണത്തിനായും ദൈവം അവരെ ശക്തമായി ഉപയോഗിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

– **ഹരമോഹൻ പ്രഭുദാസ് നായക്,** തപൻ മിഷൻ വയൽ

# ചൗരാദിഹ്

# സഭാചരിത്രം

## ജാഷിപൂർ മിഷൻ വയൽ, ഉത്കൽ റീജിയൻ, തെക്ക് കിഴക്കൻ സോൺ



*എഴുതിയത്:*
***ശ്രീമതി. ആഗ്നസ് എഡ്വേർഡ്***

### പൊതു വിവരം

ഒറിസയിലെ മയൂർഭഞ്ച് ജില്ലയിലെ ബദാംപഹാർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന ഒരു ഇടത്തരം ഗ്രാമമാണ് ബദാം. 110 കുടുംബങ്ങൾ ഇവിടെ പാർക്കുന്നു. 2011 ലെ ജനസംഖ്യ കണക്കിൻ പ്രകാരം ഇവിടെ വസിക്കുന്ന 467 പേരിൽ 232 പുരുഷന്മാരും 235 സ്ത്രീകളും ആകുന്നു. ആറു വയസ്സിൽ താഴെയുള്ള കുട്ടികൾ 75. 2011 ലെ കണക്കിൻ പ്രകാരം സാക്ഷരത നിരക്ക് 39.29% ആകുന്നു. പരുഷന്മാരുടെ സാക്ഷരത 54.31% വും സ്ത്രീകളുടെത് 24.1% ആകുന്നു. ബദാം ഗ്രാമത്തിന്റെ ഭരണം നിർവഹിക്കുന്നത് ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന സർപഞ്ച് (ഗ്രാമത്തലവൻ) ആകുന്നു. ഇവിടുത്തെ ജനങ്ങളിൽ അധിക പങ്കും പട്ടിക വർഗ്ഗക്കാരാണ്. ബദാം ഗ്രാമത്തിലെ ജനങ്ങളിൽ 75.59% പട്ടിക വർഗ്ഗക്കാരാണ്. ഇവിടെ പട്ടിക ജാതിക്കാർ ആരും തന്നെയില്ല. ഇവിടെയുള്ളവരിൽ 69.42% ആളുകളും ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ ആറുമാസത്തിൽ കൂടുതൽ ശമ്പളം വാങ്ങുന്നു. 30.58% ആളുകൾ ആറു മാസത്തിൽ താഴെ തുച്ഛമായ വരുമാനമുള്ള നാമമാത്ര തൊഴിൽ ചെയ്യുന്നവരാണ്. ഇവരുടെ പ്രധാന തൊഴിൽ കൃഷിയാണ്. കാർഷിക വൃത്തിയിലേർപ്പെടുന്ന കൂലിവേലക്കാർ.

30.5.1989 ൽ ജാഷിപൂർ മിഷൻ വയലിൽ പ്രവർത്തനം ആരംഭിച്ചു. ആദ്യ മിഷനറിമാർ ശ്രീ. ഗിദയോൻ അശോക് കുമാർ & കുടുംബവും ശ്രീ. ഹരമോഹൻ പ്രഭുദാസ് നായക്, ശ്രീ. ബിമൽ കുമാർ ജന എന്നിവരായിരുന്നു. ശ്രീ. സമരേന്ദ്ര സിങ്ങിന്റെ പ്രവർത്തന കാലഘട്ടത്തിലാണ് ചൗരാദിഹ് ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചത്.

2005 ൽ ശ്രീ. പാണ്ടു തൈസോം നായക് രോഗിയായ തന്റെ പിതാവിന്റെ സൗഖ്യത്തിനായി വിവിധ മാർഗ്ഗങ്ങൾ തേടി. രോഗത്താൽ അവനു തന്റെ മകനെ നഷ്ടപ്പെട്ടു പോയിരുന്നു. പാണ്ടു തന്റെ പിതാവിനെ വളരെ ദൂരത്തിലുള്ള ഒരു ആശ്രമത്തിലേക്കു കൊണ്ടു പോയി. അവിടെയുള്ള ബാബയെ കണ്ടു. അദ്ദേഹം നിർദേശിച്ച ധ്യാനമുറകൾ ചെയ്തു. എന്നാൽ തന്റെ പിതാവിന്റെ ആരോഗ്യ നില മെച്ചപ്പെട്ടില്ല കൂടുതൽ വഷളായി.

ഈ സമയത്ത് പാണ്ടു നായക്കിന്റെ അമ്മാവൻ ദുൽക്കിബേട ഗ്രാമത്തിലെ മൊണ്ടെ ഹെബ്രം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സമാധാന



പാണ്ടു നായക്

ജീവിതം നയിക്കുകയായിരുന്നു. അദ്ദേഹം സിൽത്തിയ സഭയിലെ അംഗമായിരുന്നു. അദ്ദേഹം പാണ്ടു നായക്കിനെ ക്രിസ്തുവിൽ വിശ്വാസം അർപ്പിക്കുവാൻ പ്രേരിപ്പിച്ചു. അമ്മാവന്റെ വാക്കിനെ മാനിച്ച് പാണ്ടു യേശു കർത്താവിൽ വിശ്വാസം അർപ്പിച്ചു. വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ പിതാവ് സൗഖ്യം പ്രാപിച്ചു. പിന്നീട് പാണ്ടു നായക്കും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സ്നാനപ്പെട്ടു. അങ്ങനെ 5.8.2009 ൽ പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി.

തുടർന്ന് പാണ്ടു നായക്കിന്റെ ഭവനത്തിൽ ആരാധന യോഗം ആരംഭിച്ചു. സുഭാഷ് കുന്തിയ, വൃന്ദാവൻ ഹെബ്രം എന്നിവർ നേതൃത്വം നൽകിയ ആരാധന യോഗത്തിൽ 15 പേർ സംബന്ധിച്ചിരുന്നു. മൂന്നാഴ്ചക്കു ശേഷം പാണ്ടു നായക്കിന്റെ ഭവനത്തിലെ സ്ഥല പരിമിതി നിമിത്തം ആരാധന സുനറാം ഗഗരിയായുടെ ഭവനത്തിലേക്കു മാറ്റി.

പാണ്ടു നായക്കും കുടുംബവും ബന്ധുമിത്രാദികളോടു സുവിശേഷം പ്രഘോഷിക്കുവാൻ തുടങ്ങി. 9.9.2005 ൽ ശ്രീ. മാലിക ഗഗരായും കുടുംബവും (7 പേർ) യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സ്നാനപ്പെട്ടു. ഭൂവുടമയായ ശ്രീ. മച്ചുവ ജാമോദറിന്റെ കുടുംബത്തിൽ ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചതു നിമിത്തം ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു.

2006 ൽ 23 വ്യക്തികൾ ചൗരാദിഹ് സഭയിലെ അംഗങ്ങളായി. ഇവരിൽ അധിക പങ്കും പാണ്ടു നായക്കിന്റെ കുടുംബാംഗങ്ങൾ ആയിരുന്നു. സഭയിലെ അംഗസംഖ്യ വർദ്ധിച്ചപ്പോൾ ആരാധന യോഗത്തിനു അല്പം കൂടി വലിയ സ്ഥലം ആവശ്യമായി വന്നു. താമസിയാതെ ബൈഗോ ഗരാരിയായുടെ ഭവനത്തിലേക്കു ആരാധന യോഗം മാറ്റി. രണ്ടു വർഷത്തിനു ശേഷം മച്ചുവ ജാമോദറിന്റെ ഭവനത്തിൽ ആരാധന നടത്തി പുതിയ ദൈവാലയം പണിയുന്ന 2012 വരെ ഇവിടെയാണ് ആരാധന യോഗം നടത്തിയത്.

ചൗരാദിഹ് സഭക്കു ദൈവാലയം പണിയുന്നതിനുള്ള സ്ഥലം ശ്രീ. മച്ചുവ ജാമോദർ സൗജന്യമായി നൽകി. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മുമ്പ് തനിക്കു ജനിക്കുന്ന കുഞ്ഞുങ്ങൾ ജനിച്ചു അല്പ സമയത്തിനുള്ളിൽ മരിച്ചു പോകുമായിരുന്നു. അവസാനം പ്രാർത്ഥനയിലൂടെ പൈതൽ മരണത്തെ അതിജീവിച്ചത്. അങ്ങനെ അയാൾ കുടുംബമായി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കർത്താവിനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന തീവ്രമായ ആഗ്രഹത്താലാണ് ദൈവാലയത്തിനു സ്ഥലം ദാനമായി നൽകിയത്.

22.09.2012 ൽ ചൗരാദിഹ് ദൈവാലയ നിർമ്മാണത്തിനു അടിസ്ഥാന ശിലയിട്ടു. അടിസ്ഥാന ശിലയിട്ടപ്പോൾ ചൗരാദിഹ് ഗ്രാമത്തിലുള്ളവർ ദൈവാലയ നിർമ്മാണത്തെ എതിർത്തു. അവർ മിഷനറി ശ്രീ. വിനോദ് കുമാറിനോടു പുറംനാട്ടുകാരനയാതിനാൽ ഗ്രാമത്തിൽ പ്രവേശിക്കരുതെന്നു താക്കീതു നൽകി. എന്നാൽ പിന്നീട് അവർ എതിർത്തില്ല. വിശ്വാസികൾ ദൈവാലയ നിർ

മ്മാണത്തിനു വേണ്ട സഹായങ്ങൾ നൽകി. നിർമ്മാണ ജോലി ചെയ്തവർ പകുതി കൂലി വാങ്ങിയാണ് ജോലി ചെയ്തത്. "**ആശ മസിഹ മണ്ഡലി**" എന്നു ദൈവാലയത്തിനു പേരിട്ടു. 10.11.2013 ൽ ദൈവനാമ മഹിമക്കായി ചൗരാദിഹ് ദൈവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ നിർവഹിച്ചു. ഉത്കൽ റീജിനൽ സെക്രട്ടറി റവ. ആൽബിൻ കിസൻ സിങ് പ്രതിഷ്ഠാ ശുശ്രൂഷക്കു നേതൃത്വം നൽകി. മിഷനറിമാരായ റവ. ഹരമോഹനും ശ്രീ. വിനോദ് കുമാറും ഈ ശുശ്രൂഷയിൽ പങ്കെടുത്തു. ആദ്യ വിശ്വാസിയായ ശ്രീ. പാണ്ടു നായക് എപ്രകാരമാണ് ചൗരദിഹയിൽ സുവിശേഷം പ്രഘോഷിച്ചതെന്ന് തന്റെ സാക്ഷ്യത്തിലൂടെ പ്രസ്താവിച്ചു. സ്വദേശ സുവിശേഷകരായ ഫാഗു, മാദൻ, ജബൻ, രാസിക എന്നിവരും ധാരാളം വിശ്വാസികളും പ്രതിഷ്ഠാ ശുശ്രൂഷയിൽ പങ്കെടുത്തു.

1. 25.01.2006 ൽ ചൗരാദിഹ സഭയിൽ ശ്രീ. മച്ചുവ ജമുധയും കുടുംബവും (അഞ്ചു പേർ) യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അദ്ദേഹത്തിന്റെ മകൾ കുമാരി. രായ്മണി ജമുധ മാനസിക രോഗിയായിരുന്നു. അവളുടെ കുടുംബം അവളെ റാവഡിയായിലുള്ള ഒരു മന്ത്രവാദിയുടെ അടുക്കൽ കൊണ്ടു പോയി പൂജകൾ ചെയ്തു. അവൾക്കു സൗഖ്യം ലഭിച്ചില്ല. പിന്നീട് അവരുടെ ഭവനത്തിൽ ഒരു ഉപവാസ പ്രാർത്ഥന സംഘടിപ്പിച്ചു. ദൈവനാമ മഹത്വത്തിനായി അവൾ സമ്പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവൾ കരങ്ങൾ അടിച്ചു പാട്ടുപാടുകയും പ്രാർത്ഥിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

2. മൊട്ടായ തൈസാം മസ്തിഷ്ക മലേറിയ ബാധിതനായി കഷ്ടപ്പെട്ടു. അവൻ ബലഹീനനായി ആരോഗ്യ സ്ഥിതി മോശപ്പെട്ടു ഗുരുതരാവസ്ഥയിലായി. അവന്റെ കുടുംബം അവനെ റായ്റംഗ്പൂറിലുള്ള ആശുപത്രിയിൽ എത്തിച്ചു. അവനു സൗഖ്യം കിട്ടിയില്ല. ചിലർ മന്ത്രവാദികളെ വിളിച്ചു പൂജകൾ നടത്തുവാൻ ആവശ്യപ്പെട്ടു. എന്നാൽ വിശ്വാസികൾ ഒരുമനപ്പെട്ടു അവനു വേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചു. പ്രാർത്ഥന കേൾക്കുന്ന ദൈവം അവനു സമ്പൂർണ്ണ സൗഖ്യം നൽകി.

മിഷനറിമാരായ സമരേന്ദ്രസിങ്, അശോക് നായക്, വിനോദ് കുമാർ, ഗണേശ്, പവൻ, ഹരമോഹൻ പ്രഭുദാസ് നായക് എന്നിവർ കഴിഞ്ഞ വർഷങ്ങളിൽ ഈ സഭയിൽ ശുശ്രൂഷ ചെയ്തു. ഇവിടെ സണ്ടെസ്കൂൾ പതിവായി നടത്തുന്നു. പത്തു കുട്ടികൾ സണ്ടെസ്കൂളിൽ പഠിക്കുന്നു. പാണ്ടു തൈസാം, നവു തൈസാം എന്നിവർ അദ്ധ്യാപകരായി സേവനം ചെയ്യുന്നു. സ്തോത്രകാഴ്ചയായി മാസം തോറും ഏകദേശം 500 രൂപ ലഭിക്കുന്നു. ആദ്യഫലം, ഞായറാഴ്ച കാണിക്ക, സ്തോത്രയാഗം, വരിസംഖ്യ, ദശാംശം, പിടിയരി തുടങ്ങിയവയാണ് സഭയുടെ വരുമാന മാർഗ്ഗം.



**ശ്രീ. സാബോൻ ഗഗരായി**

സഭാമൂപ്പൻ ശ്രീ. സാബോൻ ഗഗരായിയും വിശ്വാസികളും സുവിശേഷം ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ പങ്കുവെക്കുന്നു. ചില വിശ്വാസികൾ അവരുടെ ബന്ധുക്കളോടു സുവിശേഷം പങ്കുവെക്കുന്നു. അങ്ങനെ സുവിശേഷം ആ സമൂഹത്തിൽ വ്യാപിക്കുന്നു. മൂന്നു മാസത്തിലൊരിക്കലാണ് ആ സഭയിൽ തിരുവത്താഴ ശുശ്രൂഷ നടത്തുന്നത്. 20-25 ആളുകൾ തിരു

വാത്താഴം കൈക്കൊള്ളുന്നു. സബോൻ ഗഗരായി ആരാധന യോഗങ്ങൾക്കു നേതൃത്വം നൽകുന്നു. 20-30 ആളുകൾ പതിവായി ആരാധനയിൽ സംബന്ധിക്കുന്നു. ചൗരാദിഹ് സഭയിൽ ആകെ 12 കുടുംബങ്ങൾ (57 അംഗങ്ങൾ) ഉണ്ട്. മദ്യാസക്തി നിമിത്തം ഒരു കുടുംബം വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയി.

രാത്രിയോഗങ്ങൾ, ഫിലിം പ്രദർശനം, വിബിഎസ്, വിശ്വാസികളുടെ പരിശീലനം, അന്വേഷക ക്യാമ്പ്, വിശ്വാസികളുടെ ക്യാമ്പ്, ക്രിസ്തുമസ് പ്രോഗ്രാം തുടങ്ങിയവയാണ് ഈ സഭയുടെ പ്രവർത്തനം. വിശ്വാസികൾക്കു പ്രയോജനകരമായി വയോജന വിദ്യാഭ്യാസ പദ്ധതിയും നടപ്പിലാക്കുന്നു.

- ആരാധനയോഗത്തിൽ സംബന്ധിക്കുന്ന എല്ലാ വിശ്വാസികളും ക്രിസ്തുവിൽ വേരുന്നി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- മദ്യപാനം നിമിത്തം വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയവർക്കായി പ്രാർത്ഥിക്കുക.
- സഭയുടെ വിവിധ പ്രവർത്തനങ്ങൾ തടസ്സങ്ങളില്ലാതെ, വിശ്വാസികളുടെ അനുഗ്രഹത്തിനായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.
- ഈ ഗ്രാമത്തിൽ നിന്നും കൂടുതൽ ആളുകൾ പാപം ഏറ്റുപറഞ്ഞ് യേശുവിനെ രക്ഷിതാവായി സ്വീകരിച്ച് സഭയിലെ അംഗങ്ങളാകേണ്ടതിനായി പ്രാർത്ഥിക്കുക.
- ഈ ഗ്രാമത്തിലെ സാക്ഷരത നിരക്ക് വർദ്ധിക്കേണ്ടതിനായും അങ്ങനെ കൂടുതൽ ആളുകൾ ദൈവവചനം വായിച്ചു ധ്യാനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.


# FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI - A/c No. 602701216912** - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb@icici**

**SBI - A/c No. 10402752621** - IFS Code SBIN0000987 - Branch: Ambattur

**Indian Bank - A/c No. 406157474** - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

**1**
**ആഗസ്റ്റ്**
**വെള്ളി**

## ജന്മദിനാശംസകൾ

ശാന്തി രമ്യ രാജു,
മന്ജിയ നായിക് ജി, രാജാ ബി,
ഫ്ളോറൻസ്, ജപറാണി എബനേസർ സാം,
കൃപ രക്ഷണ ബറൈ

## ജമ്മു

### ആർ എസ് പുര

**ലുൻജലാൽ സോങ്താറ്റ് &**
**മേരി നെഗൈയികിം**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബനേതി, ചൗക്കി എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ ധാരാളം കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. അവരിൽ പത്തു പേർ ദൈവസന്നിധിയിൽ തങ്ങളെ സമർപ്പിച്ചു. മതാപിതാക്കളെ അനുസരിക്കാമെന്നും ദൈവവചനം അനുസരിച്ചു ജീവിക്കാമെന്നും തീരുമാനമെടുത്തു. രണ്ടു അന്വേഷക ക്യാമ്പ് സംഘടിപ്പിച്ചു. 40 പേർ ഈ ക്യാമ്പിൽ സംബന്ധിച്ചു. ചൗക്കി ഗ്രാമത്തിലെ വിശ്വാസിയായ ദീപക് ആത്മാക്കളെ ആദായപ്പെടുത്തുന്ന പരിശീലനം പൂർത്തീകരിച്ചു. അവൻ ആത്മാർത്ഥതയോടെ തന്റെ ബന്ധുക്കളോടു സുവിശേഷം പ്രഘോഷിക്കുന്നു.

ഈയടുത്ത കാലത്ത് യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ച പൂജ, പിങ്കി, ഫൂൽ ഭായ് എന്നിവർ ക്രിസ്തുവിൽ വളരേണ്ടതിനും ദൈവനാമ മഹത്വത്തിനായി സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ സഭാമൂപ്പന്മാരായ പുരചന്ദ്, കൃഷൻലാൽ, വിശ്വാസി കുടുംബങ്ങളായ ജഗദീസ്, രാജിക എന്നിവർക്കു ആത്മീക കാര്യങ്ങളിലുള്ള താൽപര്യം നഷ്ടപ്പെട്ടു പിന്മാറ്റ ജീവിതം നയിക്കുന്നു. ഇവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കുലിയാൻ ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായും വിശ്വാസികളുടെ സഹകരണത്തോടെ ദൈവാലയം നിർമ്മിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### നാരോത് : സിയാൻലുതാങ് സൗ ടി & ലഹിനഗെഹോയ്

അഞ്ചു സ്ഥലത്തു നടത്തിയ വി ബി എസിലൂടെ 151 കുട്ടികൾ ക്രിസ്തുവിനെ കുറിച്ചു കൂടുതലായി മനസ്സിലാക്കി. അഞ്ചു ഗ്രാമങ്ങളിലുള്ള 850 പേർ സുവിശേഷം ശ്രവിച്ചു. അനേകർക്കു പുതിയ നിയമവും ലഘുലേഖകളും വിതരണം ചെയ്യുവാൻ ദൈവം സഹായിച്ചു. വേദപുസ്തകം വായിക്കുന്നതിനു താൽപര്യം കാണിക്കുന്ന ജില്ലു, ജോണി എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പുതിയ വിശ്വാസിയായ ജില്ലു രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സനം, കുജൽ, രഞ്ചു, സക്കിൽ, താനു എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനും അവരുടെ വിവാഹം നടക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാലിലുണ്ടായ മുറിവു നിമിത്തം നടക്കുവാൻ കഴിയാത്ത സാക്കിൽ വേഗത്തിൽ സൗഖ്യം പ്രാപിക്കേണ്ടതിനും അവനെ ആശ്രയിച്ചു കഴിയുന്നവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## 2 ആഗസ്റ്റ് ശനി

### ജന്മദിനാശംസകൾ

ത്വാങ് ഖാൻ കാപ്. പി,
കുമാരെ ഭാരതി ബരുദെ പ്രതാപ്

### രാംഘട്ട്

**ജോൺ എസങ് & ലിബേനി ജാമി**

അഫ്താൽ, രാജ്പുര എന്നീ ഗ്രാമങ്ങളിൽ വിപുലമായ തോതിൽ സുവിശേഷം പങ്കുവെച്ചു. ഈ ഗ്രാമത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ആത്മാക്കളെ ആദായപ്പെടുത്തുന്ന യോഗത്തിലും പ്രാർത്ഥന യോഗത്തിലും അനേക സ്ത്രീകൾ പങ്കെടുത്തു. രാംഘട്ടിൽ പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. വിബിഎസിൽ 54 കുട്ടികൾ സംബന്ധിച്ചു ദൈവവചനം പഠിച്ചു. അഞ്ചു സ്ത്രീകൾ വിബിഎസ് നടത്തുന്നതിനു സഹായിച്ചു. വൈദ്യുതഘാതമേറ്റു സജെജ്ജ തെറിച്ചു വീണെങ്കിലും ദൈവം അവനെ അത്ഭുതകരമായി രക്ഷിച്ചു. ഒമ്പതു സ്ഥലത്തു നടത്തിയ രാത്രി യോഗത്തിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു.

റാന്ധാവ കോളനിയിലെ നാൻസി വിശ്വാസത്തിൽ നിന്നു പിന്മാറിയതു കൂടാതെ മറ്റു വിശ്വാസികളെയും വിഗ്രഹാരാധനയിലേക്കു തിരികെ കൊണ്ടു പോയി നശിപ്പിക്കുവാൻ ശ്രമിക്കുന്നു. ഇവൾക്കായി പ്രാർത്ഥിക്കുക. റാംഘട്, ശിവാജി നഗർ എന്നിവിടങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന കുട്ടികളുടെ വേദപഠന ക്ലാസ്സ് തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. എതിർപ്പു നിമിത്തം നിർത്തിവെച്ച കോത്തി ഗ്രാമത്തിലെ ആരാധന യോഗം പുനരാരംഭിക്കേണതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ

### റാമ്പൂർ

**ദൗതപായോ ഗുയ്തെ & ഫ്ളോറൻസ്**

വസ്ത്രം അടുക്കിവെച്ച പെട്ടിക്കുള്ളിൽ വിഷപാമ്പ് പ്രവേശിച്ചതറിയാതെ പെട്ടി തുറന്നു വസ്ത്രങ്ങൾ എടുത്തു. ദൈവം അത്ഭുതകരമായി ഗംഗറാമിനെ അപകടം വരാതെ കാത്തുപരിപാലിച്ചു. ചെറു പ്രാർത്ഥന സംഘ നേതാക്കന്മാരുടെ പരിശീലന പ്രോഗ്രാം വിജയകരമായിരുന്നു. ഉദരത്തിൽ കാൻസർ ബാധിച്ച സാക്ഷിയെ ദൈവം പ്രാർത്ഥനയാൽ സൗഖ്യമാക്കി. പുതിയതായി കണ്ടെത്തിയവർ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ചില ഗ്രാമങ്ങളിൽ സുവിശേഷ യോഗങ്ങൾ സംഘടിപ്പിച്ചു.

റീനക്കു അനുകൂലമായ കോടതി വിധി ഉണ്ടാകേണതിനായി പ്രാർത്ഥിക്കുക. ത്വക്കു സംബന്ധമായ രോഗത്താലും തലയിൽ നിന്നു വരുന്ന ഞരമ്പിനുണ്ടായ പ്രയാസത്താലും വലയുന്ന വിദ്യാസാഗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിഷേകൻ കുമ്പ ദാസിന്റെ മകൾ രോഗങ്ങളാൽ കഷ്ടപ്പെടുന്നു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും ഞായറാഴ്ച ആരാധന യോഗത്തിലും പ്രാർത്ഥനക്കൂട്ടങ്ങളിലും പതിവായി സംബന്ധിക്കേണതിനായി പ്രാർത്ഥിക്കുക.

**3**
**ആഗസ്റ്റ്**
**ഞായർ**

### കർസോങ്
### പവൻ കുമാർ & പ്രഭാഷിണി ദേവി

അഞ്ചു വർഷത്തോളം കണ്ണിനുണ്ടായ പ്രയാസത്താൽ കഷ്ടപ്പെട്ട സുനിതയെ കർത്താവ് സൗഖ്യമാക്കി. അപകടത്തിൽ പെട്ടു ഗുരുതരാവസ്ഥയിലായ പപ്പുവിനെ കർത്താവ് സൗഖ്യമാക്കി. കുടുംബ പ്രശ്നത്താൽ ഭവനത്തിൽ ഇറങ്ങിപ്പോയ കുസുമ്പയുടെ ഭർത്താവ് അനുതപിച്ച് മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. സജ്ഞെജ & സുനിത് ദമ്പതികൾ കർത്താവിന്റെ വേലക്കായി തങ്ങളെ സമർപ്പിച്ചു.

പാപ്പു, സാമ്പദേവി ദമ്പതികൾ കടഭാരത്തിൽ മുക്തരായി സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാർക്കും ചെറു പ്രാർത്ഥന സംഘ നേതാക്കന്മാർക്കും സഭാമൂപ്പന്മാർക്കുമായി പദ്ധതിയിട്ടിരിക്കുന്ന എല്ലാ പരിശീലന പ്രോഗ്രാമുകളും തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### ബത്തിണ്ട : സജ്ജീബ് ആനന്ദ് & പ്രസ്തുതബതി പാനി

കുട്ടികൾക്കായി സംഘടിപ്പിച്ച പ്രോഗ്രാമിൽ 45 കുട്ടികൾ സംബന്ധിച്ചു. സീമ കൗർ, പോളിജിത്ത് കൗർ എന്നിവർ പൂർണ്ണ സമയ മിഷനറിമാരായി പോകുവാൻ തങ്ങളെ സമർപ്പിച്ചു. ജാസ്മിൻ കൗറിന്റെ ഉദരത്തിലുള്ള മുഴ ഇല്ലാതാകേണ്ടതിനായും മാൻപ്രീത് കൗറിന്റെ കരൾ രോഗം സൗഖ്യമാകേണ്ടതിനായും പ്രാർത്ഥിക്കുക.

കോനിയാ, സാപ്കൈ, തെൽവാനി എന്നീ പ്രദേശത്തെ ശുശ്രൂഷ അഭിവൃദ്ധിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. അത്മാഭാരത്തോടെ ദൈവവേല ചെയ്യുവാൻ സമർപ്പണമുള്ള ആളുകളെ സഹായികളായി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വമേധയാൽ ദൈവവേലയെ സഹായിക്കുന്ന ആരതി, സുസ്മിത, സത്കർ എന്നിവരെ കർത്താവ് അനുഗ്രഹിച്ചു. മദ്യാസക്തിയിൽ നിന്നും മൗനി, കുൽദീർ എന്നിവരെയും പൈശാചിക ബന്ധനത്തിൽ നിന്നു പൂജയെയും കർത്താവ് വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കരുതുന്ന ദൈവം

മദ്ധ്യപ്രദേശിൽ നിവാലി മിഷൻ വയലിൽ വസിക്കുന്ന വിശ്വാസി പ്രകാശ് തന്റെ മൂത്ത സഹോദരനെ ഗുജറാത്തിലെ ബറോഡ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 15 ദിവസത്തെ ചികിത്സ കഴിഞ്ഞപ്പോൾ അവന്റെ കയ്യിലെ പണം എല്ലാം തീർന്നു. ഡോക്ടർ അവനു മൂന്നു ദിവസത്തെ ചികിത്സ കൂടി നിർദ്ദേശിച്ചു. എന്നാൽ പ്രകാശിന്റെ കയ്യിൽ പത്തു രൂപ മാത്രമേ ശേഷിച്ചിട്ടുള്ളു. അവനെ സഹായിക്കുവാൻ അടുത്ത് ആരുമില്ല. തകർന്ന ഹൃദയത്തോടെ അവൻ കിടക്കയുടെ അരികിൽ മുട്ടു മടക്കി പ്രാർത്ഥിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ ഒരു മനുഷ്യൻ അവന്റെ അടുക്കൽ വന്നു 1600 രൂപ നൽകിയിട്ടു പറഞ്ഞു, “ഈ പണം നിനക്കു തരുവാൻ എന്നിൽ പ്രേരണ ഉണ്ടായി”. അയാളോടു എന്തെങ്കിലും ചോദിക്കുന്നതിനു മുമ്പ് ആ മനുഷ്യൻ നടന്നു പോയി. ദൈവത്തിന്റെ അത്ഭുതമായ കരുതലിനായി പ്രകാശ് ദൈവത്തെ സ്തുതിച്ചു. ഹല്ലെലുയ്യ!

**4**
**ആഗസ്റ്റ്**
**തിങ്കൾ**

## ജന്മദിനാശംസകൾ

മങ്കിയാർകരസി ബഞ്ചമിൻ,
സുവില ജ്ഞാനാപ്പു ദാനിയേൽ

### അഹമ്മദ്ഘട് മാന്ദി

**കൃപ രക്ഷണ & ഷെക്കീന എസ്**

രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചതിലൂടെ 250 വ്യക്തികൾ ദൈവവചനം ശ്രവിച്ചു. ചന്ന ഗ്രാമത്തിൽ നടത്തിയ വിബിഎസിൽ 80 കുട്ടികൾ പങ്കെടുത്തു. അവരിൽ 60 പേർ അക്രൈസ്തവർ ആയിരുന്നു. രോഹിറ ഗ്രാമത്തിൽ ആദ്യമായി നടത്തിയ വിബിഎസിൽ 120 കുട്ടികൾ പങ്കെടുത്തു. കിരാണ, സർബ്ജിത് കൗർ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരായി. സർബ്ജിത് 20 ദിവസം ശർദ്ദിലിനാലും വയറിളക്കത്താലും കഷ്ടപ്പെട്ടു വളരെ ക്ഷീണിതയായി, വിശ്വാസികളിൽ ഒരാൾ പ്രാർത്ഥിച്ച വേളയിൽ ദൈവം അവൾക്കു അത്ഭുത സൗഖ്യം നൽകി.

രാജ്കോട്ട്, മേഥാബഗർഗ്, ധലേർ, മിനി ചപ്പാർ എന്നിവിടങ്ങളിൽ നടത്തിയയ വിബിഎസിൽ പങ്കെടുത്ത കുട്ടികൾ ക്രിസ്തീയ വിശ്വാസത്തിലും യേശുക്രിസ്തുവിനെകുറിച്ചുള്ള പരിജ്ഞാനത്തിലും വളരേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ സ്നേഹിതയായ ഷീമ മാറിടത്തിലുണ്ടായ കാൻസർ രോഗത്താൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സിമ്രാന്റെ കുടുംബത്തിലെ എല്ലാ പ്രശ്നങ്ങളും പരിഹരിപ്പെട്ടു അവരുടെ ഭവനത്തിൽ ദൈവീക സമാധാനം നിറയേണ്ടതിനായി പ്രാർത്ഥിക്കുക. ബീനയും അവളുടെ മൂന്നു മക്കളും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

### ജീവൻ നഗർ

**ഏലിയാക്കിം ജന & ദീപിക രേഖ**

സിർസ ഗ്രാമത്തിലെ സുഖ്ദേവിന്റെ വൃക്കയുടെ പ്രവർത്തനം മന്ദീഭവിച്ചതിനാൽ ICU വിൽ പ്രവേശിപ്പിച്ചു. രക്ഷപ്പെടുവാൻ യാതൊരു സാധ്യതയുമില്ലാത്തതിനാൽ ആശുപത്രിയിൽ നിന്നും വിടുവിച്ചു ഭവനത്തിൽ കൊണ്ടു പോയി. വിശ്വാസികളുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയാൽ ദൈവം അവനെ സൗഖ്യമാക്കി. രമേശ് കുമാറിന്റെയും മുമരാജിന്റെ കുടുംബാംഗങ്ങൾ ആവേശത്തോടെ ആരാധനയോഗത്തിൽ സംബന്ധിച്ചു. രണ്ടു സ്ഥലത്തു സത്സാംഗ് പ്രോഗ്രാമും അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനവും കുട്ടികളുടെ ക്ലാസ്സും തടസ്സങ്ങളില്ലാതെ നടത്തി.

ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്ന മിഷനറിയുടെ ആരോഗ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ഫിലിം പ്രദർശനം, രാത്രി യോഗങ്ങൾ, പ്രാർത്ഥനക്കൂട്ടങ്ങൾ തുടങ്ങിയവ ഫലപ്രദമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ ആവേശത്തോടെ പങ്കെടുക്കുന്നവർ ക്രിസ്തുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായുള്ള പരിശീലനം സ്ത്രീകൾക്കും സഭാമൂപ്പന്മാർക്കും നൽകി. അവർ സുവിശേഷം വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

**5**
**ആഗസ്റ്റ്**
**ചൊവ്വ**

## ജന്മദിനാശംസകൾ

ജോത്സന ദേവി പ്രശാന്ത്,
മേശ്രം കൽപന വാൽവി നേതാജി

### കലൻവാലി

**വിജയകുമാർ & ജബല എസ്**

ഒഡാൻ, കലൻവാലി, തദു റോഡ് എന്നീ ഗ്രാമങ്ങളിൽ സംഘടിപ്പിച്ച വേദപഠന ക്ലാസ്സിൽ സംബന്ധിക്കുന്ന കുട്ടികളും മുതിർന്നവരും വേദപുസ്തകം ശ്രദ്ധാപൂർവ്വം വായിക്കുന്നു. പിപ്ലി ഗ്രാമത്തിലെ സന്ദീപിന്റെ രണ്ടു വയസ്സുള്ള മകൻ സോയാബീൻ വിത്ത് വിഴുങ്ങിയതിനെ തുടർന്നു ശ്വാസം മുട്ടിയെങ്കിലും ദൈവം അത്ഭുതകരമായി അവന്റെ ജീവൻ രക്ഷിച്ചു. ഒമ്പതു ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു.

സക്കറിയാൻ, ആശീർ, ജാലാന എന്നീ ഗ്രാമങ്ങളിൽ നടത്തുന്ന കുട്ടികളുടെ ക്ലാസ്സുകളിൽ കുട്ടികൾ പതിവായി സംബന്ധിക്കേണ്ടതിനും അവർ ആത്മീക പക്വത പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. എയ്ഡ്സ് രോഗിയായ ജശ്വീരിന്റെ സൗഖ്യത്തിനായും അവൻ മയക്കു മരുന്നിനടിമയാകയാൽ അതിൽ നിന്നുള്ള മോചനത്തിനുമായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ശ്രീ ഗങ്കനഗർ

**ബിനോദ് സൊമ്പ്രമേരി & മിറില സോമ്പ്രമേരി**

രണ്ടു കുടുംബം ഞായറാഴ്ച ആരാധനയിൽ പുതുതായി സംബന്ധിക്കുന്നു. ഒരു പുതിയ ആരാധന യോഗം കൂടി ആരംഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും സന്ദീപ് വിടുതൽ പ്രാപിച്ചു. മുട്ടിനു പൊട്ടലുണ്ടായ മീര ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മിഷനറി ശുശ്രൂഷയിൽ 25 വർഷം പൂർത്തീകരിക്കുന്നു. ഇപ്പോൾ അവർ പ്രവർത്തിക്കുന്ന രാജസ്ഥാൻ അവർക്കു പുതിയ മിഷൻ വയൽ ആകുന്നു.

സുവിശേഷത്തിനു എതിർപ്പുകളും ഉപദ്രവങ്ങളും നിലനിൽക്കുന്ന സാഹചര്യത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള തുറന്ന അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പാകിസ്ഥാൻ അതിർത്തി പ്രദേശത്തോടു ചേർന്നുള്ള ചില ആരാധനക്കൂട്ടങ്ങൾക്കു സുരക്ഷ ഭീഷണി ഉണ്ട്. പുതുതായി ആരംഭിച്ച ആരാധനക്കൂട്ടത്തിൽ കൂടുതൽ ആളുകൾ സംബന്ധിക്കേണ്ടതിനായും അവർ വിശ്വാസത്തിൽ വളരേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ സംസ്കാരം മനസ്സിലാക്കി ഇവിടുത്തെ ഭാഷ പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറി ബിനോത് മസ്തിഷ്ക ആഘാതത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദയവായി പ്രാർത്ഥിക്കുക...

ജാർഖണ്ഡിലെ കാകിദൊമ്ട ഗ്രാമത്തിലെ 40 വയസ്സുള്ള സഹോദരി നമസിപാനറ മുമ്പ് ആഭിചാര ക്രിയ ചെയ്തു ധാരാളം പണം സമ്പാദിച്ചിരുന്നു. ഒരു നാൾ അവൾ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എല്ലാ ആഭിചാര ക്രിയകളും ഉപേക്ഷിച്ചു. അവൾ പുതിയ വിശ്വാസത്തിൽ വളർന്നു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി അവളെ നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുക.

**6**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

സുധാഹരണി രവി

**കെർവാദ : കെനോശ് സ്റ്റാൻലി & വങ്കൽപുടി ചാന്ദിനി; ദേബാസിസ് ഹെബ്രം & ഷെഫാലി ഹൻസ്തത**

മമത ബൻ, റീന ബൻ എന്നിവർക്കു സുഖ പ്രസവത്തിലൂടെ മക്കളെ നൽകി ദൈവം അനുഗ്രഹിച്ചു. വിഷം കഴിച്ച കരീന ബലെയജത്തിന്റെ ജീവൻ കർത്താവ് രക്ഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും അശോക് ജോതി വിടുതൽ പ്രാപിച്ചു. പ്രാദേശി സുവിശേഷകന്റെ മകൻ ഗണേശ് ഭായിയുടെ വിവാഹം പ്രതിസന്ധികുളുടെ മദ്ധ്യത്തിൽ ഭംഗിയായി നടത്തി. വിഷത്തേളിന്റെ കുത്തേറ്റ മോത്തി ബന്നിനെ കർത്താവ് സൗഖ്യമാക്കി. റീന ഭായിയുടെ ഗർഭാശയത്തിലെ മുഴ അപ്രത്യക്ഷമായി.

വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും നമ്മുടെ പ്രാദേശിക സുവിശേഷകന്റെ മകൾ സിൽപയെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകന്റെ അഞ്ചു വർഷത്തിലധികം മാനസിക രോഗത്താൽ വലയുന്ന ഭാര്യ സുരാത്ത ബന്നിന്റെയും വിഷാദ രോഗത്താൽ കഷ്ടപ്പെടുന്ന മമഷ ബന്നിന്റെയും ഉദരത്തിലെ മുഴയാൽ ഭാരപ്പെടുന്ന സൗനി ബന്നിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും നാനി ബൻ, രാമിള ബൻ, കാലിബൻ, ജിത്തേന്ദ്ര ഭായ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഉദൈപൂർ

**ആശിഷ് കുമാർ & സവിത ദേവ്**

പ്രാർത്ഥനക്കൂട്ടത്തിൽ സംബന്ധിച്ച 26 പേർ വിശുദ്ധ ജീവിതത്തിനായി തങ്ങളെ സമർപ്പിച്ചു. മൂന്നു സ്ഥലത്തു നടത്തിയ ആത്മീയ ഉണർവ്വ് യോഗത്തിൽ 200 ലധികം പേർ പങ്കെടുത്തു. രമേശ്, ലീല, രാജമോൾ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ആരതിയും അപസ്മാരത്തിൽ നിന്നു അർപ്പിതയും പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു

ഗ്രാമത്തലവനെ ഭയന്നു ആരാധന യോഗത്തിൽ സംബന്ധിക്കാത്ത ബെജിലി, സംഗീത എന്നിവർക്കായി പ്രാർത്ഥിക്കുക. ക്ഷയരോഗത്താൽ മരണമടഞ്ഞ സുഗുണയുടെ മൃതശരീരം ക്രീസ്തീയ രീതിയിൽ സംസ്കരിക്കുവാൻ ഗ്രാമീണർ അനുവദിച്ചില്ല. അവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്ത എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പെട്ടു കാലിൽ പൊട്ടലുണ്ടായ ദേവിലാലിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലാസിയ താലൂക്കിലെ ശുശ്രൂഷ അഭിവൃദ്ധിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

> **“നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിനു ഞാൻ ചെയ്തു തരും. നിങ്ങൾ എന്നോടു അപേക്ഷിക്കുന്നതു ഒക്കെയും ഞാൻ ചെയ്തു തരും.”**
>
> **യോഹന്നാൻ 14:13,14**

**7**
**ആഗസ്റ്റ്**
**വ്യാഴം**

**ജന്മദിനാശംസകൾ**

മോസസ് മുരളിധരൻ,
ആരതി,
ജോത്സന ജയറാണി

## ഉത്തർപ്രദേശ്

### റാണിയ

### അനിൽ കുമാർ & കവിത

എട്ടു സ്ഥലത്തു നടത്തിയ വിബിഎസിൽ 300 ലധികം കുട്ടികൾ സംബന്ധിച്ചു. അവർ ക്രിസ്തുവിനെ കൂടുതലായി അറിഞ്ഞു. സമാപന ദിന പ്രോഗ്രാമിൽ ഇവരുടെ മാതാപിതാക്കളും താൽപര്യപൂർവ്വം സംബന്ധിച്ചു. ബാരജോർ ദൈവാലയത്തിന്റെ നിർമ്മാണം തടസ്സങ്ങളില്ലാതെ സുഗമമായി പുരോഗമിക്കുന്നു. ഫാക്ടറി ജോലി ചെയ്യുന്ന വേളയിലുണ്ടായ അപകടത്തിൽ അമിതിന്റെ കരം മുറിഞ്ഞു പോകാമായിരുന്നു, ദൈവം അവനെ രക്ഷിച്ചു. അവിടെ കർത്താവിന്റെ സാക്ഷിയായി നിലകൊണ്ടു.

കാത്ര ഗ്രാമത്തിൽ നിന്നും പുതുതായി കടന്നുവരുന്ന വിശ്വാസികളുടെ പ്രാർത്ഥന വിഷയങ്ങൾ ദൈവം നൽകി അവരെ അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവർ വിശ്വാസ ജീവിതത്തിൽ ദിനംതോറും വളരേണ്ടതിനായി പ്രാർത്ഥിക്കുക. സഭക്കുള്ള വിഭാഗിത ഉരുവാക്കുന്ന ദുരുപദേശകക്കൂട്ടങ്ങൾ റാണിയ റീജിയനിൽ സജീവമായിരിക്കുന്നു. ഇവർ മറ്റു മേഖലകളിലേക്കു കടക്കാതിരിക്കേണ്ടതിനും ദൈവസഭ തകരാതിരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന ബാബു, അരവിന്ദ് എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനും ക്രിസ്തുവിലുള്ള വിശ്വാസം അവർ പരസ്യമായി ഏറ്റു പറയേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഘാട്ടംപൂർ: ജങ്കോലുൻ തൗതാങ് & ന്ഗൈ തിയാൻചിങ്

എതിർപ്പു ഭയന്നു ആരാധനയോഗത്തിൽ സംബന്ധിക്കാതിരിക്കുന്ന വിശ്വാസികൾ ഇപ്പോൾ ആരാധനയിൽ കടന്നു വരുന്നു. വലിയ കൂട്ടമായി കൂടാതെ വീടു വീടാന്തരം കയറി പ്രാർത്ഥിക്കുന്നതിനും വചനം പങ്കുവെക്കുന്നതിനും ദൈവം അവസരം നൽകി. രാജീവ് കുമാറിന്റെ കുടുംബത്തിൽ ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു. പാൽമികി സമുദായത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

വിശ്വാസികളുടെ ഇടയിലുള്ള ഭയം നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. സോനു, രേഖ, സുമിത് എന്നിവർ വിശ്വാസത്തിൽ വളരേണ്ടതിനും പൈശാചിക പോരാട്ടങ്ങളിൽ നിന്നും അവർ മുക്തരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. രവികുമാർ, അരവിന്ദ്, രാംശക്തി, ആരതി, സുനിത എന്നിവരുടെ കുടുംബ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതിനും അവർ സമാധാന ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾക്കു സർക്കാർ ജോലി ലഭിച്ചു. അവർ വിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**8**
**ആഗസ്റ്റ്**
**വെള്ളി**

## ജന്മദിനാശംസകൾ

ആൻഡ്രൂസ് ജവഹർ,
ഹെപ്സിബ ആൻഡ്രൂസ്,
മഹല ഷീലബൻ പദ്‌വി സോമാലിയ

### ബർത്താന

**രാജൻ എസ് & ജപ മലർ**

നാലു സ്ഥലത്തു രാത്രി യോഗങ്ങൾ സംഘടിപ്പിച്ചു. 32 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മാമൻ ഗ്രാമത്തിലെ ആരാധന യോഗം എതിർപ്പിനെ തുടർന്നു നിർത്തിവെച്ചു. പ്രാർത്ഥനയുടെ ഫലമായി ആരാധന യോഗം പുനരാരംഭിച്ചു. ആഴ്ചയിൽ രണ്ടു പ്രാവശ്യം ആരാധന നടത്തുന്നു. മൈലാക്ക് സഭയുടെ പതിനൊന്നാം വാർഷീകം ആഘോഷിച്ചു. നമ്മുടെ സഭാമൂപ്പനായ അവിനാശിനു വർഷങ്ങൾക്കു മുമ്പ് ഭവനം പണിയുന്നതിനാവശ്യമായ സഹായം സർക്കാർ അനുവദിച്ചതാണ്. എന്നാൽ പണം നൽകാതെ തടഞ്ഞുവച്ചത് ഈയടുത്ത നാളിൽ നൽകി. അവിനാശ് അത്യുത്സാഹത്തോടെ സുവിശേഷ വേല ചെയ്യുന്നു.

മേഘ്ന സഭക്കെതിരെയുള്ളതും നമ്മുടെ പ്രാദേശിക സുവിശേഷകൻ ശ്യാം സുന്ദറിനെതിരെയും കോടതിയിലുള്ള കേസിനു വേഗത്തിൽ തീർപ്പുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഒരേ മാസത്തിൽ സംഭവിച്ച പിതാവിന്റെയും മുത്തശ്ശന്റെയും വേർപാട് നിമിത്തം ദുഃഖിക്കുന്ന സച്ചിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സുമൻ, സവിത, മധു, മമത, പ്രീയങ്ക എന്നവരുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. മനിഷ, മധു, മമത, പ്രീയങ്ക എന്നിവർക്കു മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു വർഷത്തോളമായി തുടയിലുണ്ടായ ഒരു പരു നിമിത്തം സോനി കഷ്ടപ്പെടുന്നു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഗർഭാശയത്തിലെ മുഴയിൽ നിന്നും ലക്ഷ്മിയെയും മൂത്രാശയത്തിലെ കല്ലിനാൽ ഭരപ്പെടുന്ന സർദയെയും ഗർഭാശയത്തിൽ മുഴയുള്ള ലാലിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻസ്

**എൻ രാജദുരൈ & പ്രേമ**

പത്തു പുതിയ മിഷനറിമാർ തങ്ങളുടെ പരിശീലനം പൂർത്തീകരിച്ച് മിഷൻവയലുകളിലേക്കു കടന്നു പോയി. പരിശീലനം പൂർത്തീകരിച്ച കാജൽ, വിജിത എന്നിവരുടെ വിവാഹം കഴിഞ്ഞു. അവർ തങ്ങളുടെ ഭർത്താക്കന്മാരോടു ചേർന്നു കർണ്ണാടകയിലെ മിഷൻ വയലിൽ പ്രവർത്തിക്കുന്നു. മോഹിത്, പങ്കജ് എന്നിവർ പരിശീലന കേന്ദ്രത്തിൽ സന്നദ്ധപ്രവർത്തകരായി ചേർന്നു നമ്മെ സഹായിക്കുന്നു

ജയിലിൽ ആയിരിക്കുന്ന വിശ്വാസികളുടെ കുടുംബാംഗങ്ങൾ പലവിധ പ്രയാസങ്ങൾ നേരിടുന്നു. വളർന്നു വരുന്ന കുട്ടികൾ ഭാവി സഭയുടെ തൂണുകളായി തീരേണ്ടതിനായി പ്രാർത്ഥിക്കുക.പരിശീലന കേന്ദ്രത്തിൽ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആറു പേർ കഠിനമായ ഉഷ്ണത്തിൽ സുരക്ഷിതരായിരിക്കേണ്ടിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷൻ വയലിൽ നിന്നും ധാരാളം യൗവ്വനക്കാർ ദൈവവേല ചെയ്യുന്നതിനു സമർപ്പിതരായി മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക.

**9**
**ആഗസ്റ്റ്**
**ശനി**

## ജന്മദിനാശംസകൾ

ജോസഫിൻ ഷീബ

## മദ്ധ്യപ്രദേശ്

### നിവാലി : ഹെബൽ ഹെബ്രം & ബാസന്തി മാറാണ്ടി

പ്രാർത്ഥനക്കൂട്ടത്തിൽ സംബന്ധിച്ച അഞ്ചു പേർ വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാനമെടുത്തു. മൂന്നു സ്ഥലത്തു സംഘടിപ്പിച്ച വിബിഎസിൽ 150 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഭവന സന്ദർശനത്തിലൂടെ സുവിശേഷം പങ്കുവെക്കുവാൻ ദൈവം കൃപ നൽകി.

രണ്ടു സ്ഥലത്തു പുതിയ മിഷൻ വയൽ ആരംഭിച്ചു. ഇവിടെ പ്രവർത്തിക്കുവാൻ പ്രതിബദ്ധതയുള്ള പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ ആരാധനക്കു നേതൃത്വം നൽകേണ്ടതിനും വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും അവരുടെ ബന്ധുമിത്രാദികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### മോറെന

### ഹോയ്സൽ നായക് & ഗീതാഞ്ജലി

രണ്ടു വ്യക്തികൾ തങ്ങളുടെ പാപ സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നല്ല വിദ്യാർത്ഥിയും ഉത്തമ വിശ്വാസിയുമായ ഗോലു കൈകാലുകളിലെ മസിൽ വലിച്ചിൽ നിമിത്തം പരീക്ഷ വേളയിൽ വളരെ ക്ഷീണിതനായി. ദൈവം അവന്റെ പ്രാർത്ഥന കേട്ടു അവന്റെ കൈകൾക്കു ബലം നൽകി പരീക്ഷ എഴുതുവാൻ പ്രാപ്തനാക്കി.

സാമ്പത്തീക ബുദ്ധിമുട്ടനുഭവിക്കുന്ന ഉദയവീറിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. അദ്ദേഹത്തിന്റെ ഭാര്യ വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ ശയ്യാവലംബയായിരിക്കുന്നു. ഉദയവീറിന്റെ പിതാവ് മരിച്ചു. ഈ കുടുംബത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. കൈരിന്ദ ഗ്രാമത്തിലെ സൈലേന്ദ്രയുടെ കുടുംബത്തിലുള്ളവർ ദുരാത്മാവ് കാരണം അടിക്കടി രോഗികളാകുന്നു. ദൈവം അവരെ ഇതിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോഹർ സിങ്, ശകുന്തള എന്നീ കുടുംബങ്ങൾ ക്രിസ്തുവിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### വെള്ളം നിന്റെ മീതെ കവിയുകയില്ല

മഹാരാഷ്ട്രയിൽ പെയിന്റ് മിഷൻ വയലിലെ വിശ്വാസി ബോർപാട ഗ്രാമത്തിലെ അനസൂയയും ഭർത്താവും സമീപത്തുള്ള നദിയിൽ വസ്ത്രം കഴുകുന്നതിനായി പോയി. ശക്തമായ മഴയെ തുടർന്നു നദി പെട്ടെന്നു കവിഞ്ഞു ഒഴുകുവാൻ തുടങ്ങി. അനുസൂയ ഒഴുക്കിൽ പെട്ടു. ഗ്രാമീണർ വെകിളി പിടിച്ച് അന്വേഷിക്കുമ്പോൾ അവളുടെ ഭർത്താവ് ദൈവത്തോടു ഉറക്കെ നിലവിളിച്ചു. അത്ഭുതകരമായി അവൾക്കു ദോഷം ഒന്നും ഭവിക്കാതെ നദിതീരത്തു അണഞ്ഞു. പിന്നീട് അവൾ സ്വയമായി രക്ഷപ്പെട്ടു കയറിവന്നു. ദൈവത്തിന്റെ ശ്രേഷ്ഠമായ സംരക്ഷണത്തിനായി അവർ കുടുംബമായി ദൈവത്തെ സ്തുതിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

**10**

**ആഗസ്റ്റ്**

**ഞായർ**

## ജന്മദിനാശംസകൾ

സൻമത മനോഹർ തനെ,
ഓം പ്രകാശ്

### ഗുണ

### സതീഷ് & ശർമ്മിള

വിഷത്തേളിന്റെ കുത്തേറ്റു വേദനപ്പെടുന്ന ബരേലയെ വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചപ്പോൾ ദൈവം വിടുവിച്ചു. പൈശാചിക ബന്ധനം നിമിത്തം അലഞ്ഞു നടക്കുന്ന സീതറാമിനെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. ആ കുടുംബത്തോടു സുവിശേഷം പങ്കുവെച്ചു. ഒരു പുതിയ ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. അഞ്ജന ഭായ്, രാധു ഭായ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പെട്ടെന്നു ശരീരത്തിൽ ഉണ്ടാകുന്ന വേദനയിൽ നിന്നും രാത്രിയിൽ ഉണ്ടാകുന്ന നീർക്കെട്ടിൽ നിന്നും ദീപക്കിനെ ദൈവം സൗഖ്യമാക്കി.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗ്രാമങ്ങളിൽ നമ്മുടെ പ്രവർത്തനത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. രജ്ജന ഭായ്, രാധ ഭായ് എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസ്ക്കേടി ഗ്രാമത്തിൽ ആരാധന യോഗം തുടങ്ങുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. 12 വർഷത്തെ കുടുംബത്തെ ജീവിതത്തിൽ മക്കൾ ജനിക്കാത്ത കാരണം കുന്തിഭായിയെ ഭർത്താവ് ഉപേക്ഷിച്ചു പോയി. അദ്ദേഹം ഭവനത്തിലേക്കു തിരികെ വരേണ്ടതിനും അവർക്കു മക്കൾ ജനിക്കകേണ്ടതിനുമായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്തിൽ നിന്നും നമ്മുടെ മിഷനറി സതീശനെയും അപസ്മാര രോഗത്തിൽ നിന്നും അദ്ദേഹത്തിന്റെ ഭാര്യയെയും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദാബ്രെ : സതികാന്ത പരിച്ച & സാഗരിക പ്രധാൻ

മൂന്നു സ്ഥലത്തു നടത്തിയ കുട്ടികളുടെ യോഗത്തിൽ സംബന്ധിച്ച കൗമാര പ്രായക്കാരായ അഞ്ചു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിശ്വാസികളും സഭാ മൂപ്പന്മാരും ആത്മഭാരത്തോടെ സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ പരിശീലനത്തിലൂടെയും സ്ത്രീകളുടെ സമ്മേളനത്തിലൂടെയും അനേകർ തിരുവചന സത്യങ്ങൾ ഗ്രഹിച്ചു അനുഗ്രഹം പ്രാപിച്ചു. കുടുംബ പ്രശ്ത്താൽ വലയുന്ന മാധൻ & റീന ദമ്പതിമാർക്കു മിഷനറി ദൈവവചനം പങ്കുവെക്കുകയും വേണ്ട ആലോചന നൽകിയതിനെ തുടർന്നു അവർ ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

പിത്തർവാർ ഗ്രാമത്തിൽ വേഗത്തിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടുത്തെ പ്രവർത്തനത്തെ സഹായിക്കുവാൻ സമർപ്പണമുള്ള പ്രാദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം നഗർ ദൈവാലയത്തോടു ചേർന്നു പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനു മുൻസിപ്പാലിറ്റിയിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 11
## ആഗസ്റ്റ്
### തിങ്കൾ

**ധാർ : സന്തു മാറാണ്ടി & രാഖി**

സുവിശേഷീകരണ പ്രവർത്തനത്തിലൂടെ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികൾക്കായി സംഘടിപ്പിച്ച മൂന്നു ദിവസത്തെ ആത്മീക കൂട്ടായ്മയിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. കാന്തവാനി ഗ്രാമത്തിൽ താമസിക്കുന്ന ബിലാല ജനസമൂഹം താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

സുവിശേഷം താൽപര്യ പൂർവ്വം സ്വീകരിച്ച ബിൽക്കുണ്ട ഗ്രാമത്തിലെ 30 വയസ്സുള്ള രാഹുലിനു കാൻസർ രോഗം ഉണ്ടെന്നു കണ്ടെത്തിയിരിക്കുന്നു. ദൈവം അവനു സമ്പൂർണ്ണ സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ മടിക്കുന്നവർ അത് ധൈര്യപൂർവ്വം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. ചൗഗാൻ, പരമന്ത്, പരമന്ത് കാതറൈ, രാഹുൽ കാതറൈ എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരായി ആരാധനയിൽ ക്രമമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**പാൽ: മഹേന്ദ്രൻ & പുഷ്പം**

മാനസിക രോഗം നിമിത്തം കാട്ടിലൂടെ അലഞ്ഞു നടന്ന അമിത്ഷയുടെ ഭവനത്തിലുള്ളവരോടു സുവിശേഷം പങ്കുവെച്ചു പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. മുഴുകുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. വിഷത്തേളിന്റെ കുത്തേറ്റ റെയ്ഷ, രാത്തി എന്നിവരെയും വിഷപാമ്പിന്റെ കടിയേറ്റ റാംസിങ്ങിനെയും കർത്താവ് രക്ഷിച്ചു. രൂപ്സിങ് മഞ്ഞപിത്തത്തിൽ നിന്നും പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

കഠിനമായ ഇടുപ്പു വേദനയിൽ നിന്നു കാലിമായിയെയും പക്ഷാഘാതത്തിൽ നിന്നും ബോങ്ക്ദിയെയും കാലിൽ നീരു ബാധിച്ച രങ്കരിഭായിയെയും ക്ഷയ രോഗത്തിൽ നിന്നു മജ്ജുളഭായിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും പുത്‌ലിമ്മയെ വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അസം

**ഗോഗമുഖ് & ദെക്കുവക്കാന**

**ഡെൻസിങ് ആർ &**
**ജാസ്മിൻ കവിത**

കുറച്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. ഫീലേശ്വർ കാൻസർ രോഗത്തിൽ നിന്നു സൗഖ്യം പ്രാപിച്ചു. ദീർഘകാലമായി രോഗത്താൽ വലഞ്ഞ ഗീതാഞ്ജലി, ലോകിബത്താങ് എന്നിവരെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

ക്ഷയ രോഗത്തിൽ നിന്നു ജയപതിയെയും നട്ടെല്ലു സംബന്ധമായ പ്രയാസത്തിൽ നിന്നു രുക്മണിയെയും ഞരമ്പു സംബന്ധമായ രോഗത്താൽ ജോലി ഒന്നും ചെയ്യുവാൻ കഴിയാത്ത പുയ്വതി പെഗുവിനെയും കർത്താവ് സൗഖ്യമാക്കേണതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ക്രിസ്തേശുവിൽ വളരേണ്ടതിനും ദുരുപദേശങ്ങളിൽ നിന്നും അവർ സ്വയം തങ്ങളെ സൂക്ഷിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

12
ആഗസ്റ്റ്
ചൊവ്വ

**ജന്മദിനാശംസകൾ**

ജ്യോതി മേരി ജോൺ സ്റ്റീഫൻ

**ഗോഹ്പൂർ**

**നാഥൻ കുമാർ ബബർത്ത & നിരുപമ ഘോഷ്‌ല**

ലോക്ബായ്സുക്ക് ഗ്രാമത്തിൽ ഒരു പുതിയ ദൈവാലയം പണിതു. അഞ്ചു സ്ഥലത്തു നടത്തിയ രാത്രി യോഗത്തിലൂടെ 800 പേർ സുവിശേഷം ശ്രവിച്ചു. മൂന്നു സ്ഥലത്തു നടത്തിയ കുട്ടികളുടെ ക്യാമ്പിലൂടെ അനേക കുട്ടികൾ ദൈവവചന സത്യം ഗ്രഹിച്ചു.

ജാമക്കുടി ഗ്രാമത്തിലെ ദൈവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചു. ദൈവാലയം പണിതാൽ അതു തകർത്തു കളയുമെന്നു തീവ്രവാദികൾ ഭീഷണിപ്പെടുത്തുന്നു. സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. അനേക പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായും പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനും പ്രാദേശിക പ്രവർത്തകർ നല്ല രീതിയിൽ സഹകരിച്ചു സഭകളെ ആത്മീകമായി നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ബീഹാർ

**ഈസ്റ്റേൺ ഗാഞ്ചറ്റിക് റീജിയൻ**

**ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്**

രണ്ടു ഗ്രാമത്തിലുള്ള ജനങ്ങൾ താൽപര്യ പൂർവ്വം സുവിശേഷം ശ്രവിച്ചു. മദ്യാപനത്തിൽ നിന്നും റിഷിദേവ് വിടുതൽ പ്രാപിച്ചു. മിഷനറി ഷീല പവാറിന്റെ ശസ്ത്രക്രീയയുടെ മുറിവ് സൗഖ്യമായി. ഒരു പുതിയ ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം ഞങ്ങളെ ബലപ്പെടുത്തി.

കരത്തിലുണ്ടായ പരു പൊട്ടിയതിനാൽ വേദനയനുഭവിക്കുന്ന ബോട്ടോൺ റിഷിദേവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും നാഗു റിഷിദേവും രാഹുൽ റിഷിദേവും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു വിശ്വാസികൾ തയ്യാറാക്കിയ പദ്ധതി അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളെ കുറിച്ച് അപവാദം പ്രചരിപ്പിക്കുന്ന വിദ്യാനന്ദ് പാസ്വാൻ അനുതപിച്ച് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നവീൻ കുമാറിന്റെ പിതാവ് മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. പ്രതിമയുടെ മൂന്നു വയസ്സുള്ള മകൾ ഞരമ്പു സംബന്ധമായ പ്രയാസത്താൽ നിൽക്കുവാനോ നടക്കുവാനോ കഴിയാതെ പ്രയാസപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മയക്കുമരുന്നിന്റെ അടിമത്വത്തിൽ നിന്നും മൂലക്കുരു രോഗത്തിൽ നിന്നും പിലൈസെൻ റിഷിദേവ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

> **"ചെറിയ കാര്യങ്ങളിൽ പോലും വിശ്വസ്തത പുലർത്തുക, കാരണം അവയിലാണ് നിങ്ങളുടെ ശക്തി കുടികൊള്ളുന്നത്."**
>
> **മദർ തെരേസ**

## 13
## ആഗസ്റ്റ്
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

### ജന്മദിനാശംസകൾ

അശോക് നായക്,
ജ്ഞാനശേഖരി ജോൺ ഡേവിഡ് രാജ്

## ജാർഖണ്ഡ്

### ലാൽമത്തിയ

**അമരേന്ദിരൻ & ഗൗരമ്മ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. തലയിൽ മുഴുവൻ ചിരങ്ങ് ബാധിച്ച കാജോളിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യ മാക്കി. നമ്മുടെ രണ്ടു വിശ്വാസികളുടെ ശസ്ത്രക്രീയയ്ക്കു രക്തം ആവശ്യമായി വന്നപ്പോൾ തക്കസമയത്തു അതു ലഭിക്കുവാൻ ദൈവം സഹായിച്ചു. ശസ്ത്രക്രീയ വിജയകരമായി. അവർ സൗഖ്യം പ്രാപിച്ചു ഭവനത്തിലേക്കു മടങ്ങിപ്പോയി.

മഹാബട്ടൺ, പിയാറാം, കത്കരൈ എന്നീ സഭകളെ നയിക്കുന്ന തിനു സമർപ്പണമുള്ള സഭാമൂപ്പന്മാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ട സുരേന്ദർ ടുഡുവിനെ ദൈവം സൗഖ്യമാക്കേണ്ട തിനായി പ്രാർത്ഥിക്കുക. മുറിവ് നിമിത്തം ഹെന്ന മുർമ്മുവിനു ജോലിക്കു പോകുവാൻ കഴിയുന്നില്ല. സൗഖ്യത്തി നായി പ്രാർത്ഥിക്കുക. മീര ഹെബ്ര ത്തിന്റെ ഉദരത്തിലുണ്ടായ വീക്കം നിമിത്തം ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല. വിരലുകൾ അഴുകുന്ന മുരുകമൈ മുർമ്മുവിന്റെ സൗഖ്യത്തി നായി പ്രാർത്ഥിക്കുക.

### നോനിഹട്ട്

**ബൻഹൂർ എം &**
**മേരി ജോൺസി റാണി**

പ്രാർത്ഥന യോഗത്തിൽ സംബ ന്ധിച്ച 26 വ്യക്തികൾ വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാന മെടുത്തു. പൈശാചിക ബന്ധനത്തിൽ നിന്നു സോമി മുർമ്മുവും ക്ഷയ രോഗത്തിൽ നിന്നു ബാബുജി മുർമ്മുവും വിടുതൽ പ്രാപിച്ചു. വിശ്വാസികൾ താന ദൈവാലയത്തിൽ കൂടിവന്നു അവരുടെ ഗ്രാമങ്ങളിൽ ഉണർവ്വുണ്ടാകേണ്ടതി നായി രണ്ടു ദിവസം ഉപവസിച്ചു പ്രാർ ത്ഥിച്ചു. പൈശാചിക പോരാട്ടത്തിൽ ഭവനത്തിൽ പ്രശ്നങ്ങൾ നേരിടുന്ന തെൽമിന മുർമ്മുവിനോടു ദൈവം കൃപ ചെയ്തു പൈശാചിക പോരാട്ടത്തിൽ നിന്നു വിടുതൽ നൽകി. ഇപ്പോൾ അവർ ഭവനത്തിൽ സമാധാനം അനുഭ വിക്കുന്നു.

അപസ്മാര രോഗത്താൽ കഷ്ട പ്പെടുന്ന നീകി കിസ്കു, സൽമ ബ സ്ര, കുദു എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. മാനസിക രോഗികളായ രാസിക്ലാൽ ഹൻസ്ത, പുത്ത്ലാൽ സൊറൻ എന്നിവരുടെ സൗഖ്യത്തി നായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന ദുമ മാറാണ്ടി, ജഗദീശ്വർ ഹൻസ്ത എന്നിവരുടെ മാനസാന്തരത്തിനായി പ്രർത്ഥിക്കുക. മോഷ്ടാക്കൾ ഭവനം തകർത്തു എല്ലാം കവർന്നു കൊണ്ടു പോയതു നിമിത്തം മനസ്സു ക്ഷിണീച്ചിരിക്കുന്ന ബഹദൂർ പൂർ സഭയുടെ മൂപ്പൻ ബൽറ്റയെ ദൈവം ആശ്വസിപ്പിച്ചു ശക്തീകരിക്കേണ്ടതി നായി പ്രാർത്ഥിക്കുക.

**14**
**ആഗസ്റ്റ്**
**വ്യാഴം**

## ജന്മദിനാശംസകൾ

ചാൾസ് ചെല്ലകുമാർ,
ധ്രുബരാജ് ബബർത്ത
സോഫിയ ദാനിയേൽ രാജാമണി

### മൺട്രോ / ഭഗ്യ ബാലഭവനം

**ഹിജാം കെന്നടി സിങ് & ഹജോം ലിന്തോബി; സുധാകരൻ (റിട്ട) & ഫ്ളോറൻസ്**

പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ച അഞ്ചു പേർ ക്രിസ്തുയേശുവിൽ വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാനം എടുത്തു. അനേക കുട്ടികൾ വിബിഎസിൽ പങ്കെടുത്തു ദൈവവചനം പഠിച്ചു. ആത്മക്കളെ ആദായപ്പെടുത്തുന്നവർക്കായി നടത്തിയ ക്യാമ്പിൽ വിശ്വാസികളും സഭാമൂപ്പന്മാരും പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഡേവിഡ് മാറാണ്ടിയുടെ കാണാതെ പോയ എരുമയെ പ്രാർത്ഥനയാൽ ദൈവം തിരികെ നൽകി. ബാനിപ്പൂർ, ഇഡ്സോള എന്നീ പ്രദേശങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു.

കാൻസർ രോഗത്താൽ മരിച്ചുപോയ സൻജിക്കാലിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന മരങ്മാരി മുർമ്മു, തെരേസ ഹസ്താക്ക് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സിമ്ര. പൊർത്തല, തിയാര എന്നീ ഗ്രാമങ്ങളിലെ ദൈവാലായ നിർമ്മാണത്തിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനും പഞ്ചായത്തിൽ നിന്നു അനുവാദം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### സുന്ദർപഹാടി

**ശിവശങ്കർ & കാന്തിദേവി**

പണാരിയ ഗ്രാമത്തിലെ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തി. എട്ടു സ്ഥലത്തു സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. കുസുമ ഗ്രാമത്തിലെ സുരേഷ് മാടൈയ ഇടിമിന്നലേറ്റു അബോധാവസ്ഥയിലായെങ്കിലും ദോഷം ഭവിക്കാതെ ദൈവം കൃപയാൽ രക്ഷിച്ചു.

മകന്റെ വേർപാടിൻ ദുഃഖത്താൽ ഭാരപ്പെടുന്ന ബഹദാർ ഗ്രാമത്തിലെ പുതിയ വിശ്വാസിയായ ബർക്ക ടുഡുവിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. തമറു പ്രദേശത്തു സുവിശേഷം വേഗത്തിൽ വ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മലേറിയ രോഗത്താൽ കഷ്ടപ്പെടുന്ന സാംഹെമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തു അനേകർ വൃക്ക സംബന്ധമായ രോഗത്താൽ വലയുന്നു. വിടുതലിനായി പ്രാർത്ഥിക്കുക.

### സാത്താൻ വിറെച്ചു

ജാർഖണ്ഡിലെ ദുംക ജില്ലയിലുള്ള നോനിഹാത് ഗ്രാമത്തിൽ വസിക്കുന്ന തലമിയ മുർമ്മുവിന്റെ കുടുംബം പൈശാചിക ബന്ധനത്തിൽ കഷ്ടപ്പെട്ടു. എല്ലാ രാത്രിയിലും ഭയപ്പെടുത്തുന്ന ശബ്ദമുണ്ടാക്കി സന്ദർശകരെ വിരട്ടി ഓടിക്കുന്നു. പിശാചിനെ തുരത്തുവാൻ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ചു. ഒരു ഫലവും ഉണ്ടായില്ല. ഒടുവിൽ അവൻ നമ്മുടെ മിഷനറിയെ വിളിച്ചു പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. മിഷനറിയും വിശ്വാസികളും കടന്നുവന്നു അവരോടു സുവിശേഷം പങ്കുവെച്ചിട്ടു പ്രാർത്ഥിച്ചു. ആ രാത്രി മുതൽ പിശാചിന്റെ ശല്യം പൂർണ്ണമായി മാറി. തലമിയ കുടുംബസമേതം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

**15**
**ആഗസ്റ്റ്**
**വെള്ളി**

## ജന്മദിനാശംസകൾ

ഹെബ്സിബ ശാമുവേൽ,
ജാൻസി റോബിൻസൺ,
മഗ്ദലിൻ ഗ്രേസ് ഐസക്,
ദുലാന്തി റീയാങ്

### തേലോ

### അരുണാനന്ദം വെങ്കിടേശൻ & ലിസ

ഉണർവ്വു യോഗത്തിൽ സംബന്ധിച്ച 33 വ്യക്തികൾ യേശുവിനോടു ചേർന്നു പുതിയ ജീവിതം നയിക്കാമെന്നു തീരുമാനിച്ചു. ബീഹാറിൽ ചില ഭാഗങ്ങളിൽ നടത്തിയ പരസ്യയോഗങ്ങളിലൂടെ 1200 പേരോടു സുവിശേഷം പ്രഘോഷിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. ആറു സഭകളിലെ വിശ്വാസികൾ ഒരുമിച്ചു ചേർന്നു 19 അക്രൈസ്തവ ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷം പങ്കുവെച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ദിക്രോത്തല, ബഡപൊങ്കാമ, ഛോട്ടപൊങ്കാമ, പെർദോർ, കിതാജോർ, താരപൂർ, എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥനക്കൂട്ടങ്ങൾ ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെയും പ്രാദേശിക സുവിശേഷകരുടെയും കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക.അവർ സുവിശേഷം മറ്റുള്ളവരോടു ഫലപ്രദമാം വിധം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദാൽഭുംഘട്ട്: വഗേര പ്രമോദ് കുമാർ & റൗട്ട് യശോദബൻ

ലാർക്ക്ബാഷ ഗ്രാമത്തിൽ ഉണ്ടായ കാട്ടാന ആക്രമണത്തിൽ നിന്നും വിശ്വാസികളായ ബാലൈ സൊറനെയും സുരൈ സൊറനെയും കർത്താവ് സുരക്ഷിതമായി പരിപാലിച്ചു. കാലിലുണ്ടായ നീർക്കെട്ടിൽ നിന്നും വിജൈ സൊറനെയും നാലു വർഷമായി വിഷാദ രോഗത്താൽ വലയുന്ന നരെൻ മുർമ്മുവിനെയും കർത്താവ് സൗഖ്യമാക്കി.

അപസ്മാര രോഗത്തിൽ നിന്നും സാം മാറാണ്ടിയെയും ചികിത്സയില്ലാത്ത ഉദര വേദനയിൽ നിന്നു ജിത്തെൻ ഹൻസ്തയെയും ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും സൊഹ മാറാണ്ടിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാല കെടുതികളിൽ നിന്നും രോഗങ്ങളിൽ നിന്നും നമ്മുടെ വിശ്വാസികളെയും കുട്ടികളെയും ദൈവം പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിനു നല്ല പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവത്തിനു വേണ്ടിയുള്ള എരിവ്

പഞ്ചാബിലെ അഹമ്മദ്മാണ്ടി മിഷൻ വയലിലെ വിശ്വാസിയായ വിമല മദ്ധ്യവേനൽ അവധിക്കു ഉത്തർപ്രദേശിലുള്ള തന്റെ ബന്ധു ഭവനത്തിലേക്കു കുട്ടികളുമായി വിരുന്നിനു പോയി. ഞായറാഴ്ച അവൾ ആരാധനക്കു പോകുവാൻ ഒരുങ്ങിയപ്പോൾ ആ പ്രദേശത്തുള്ള ദൈവാലയങ്ങൾ എല്ലാം അടച്ചിട്ടിരിക്കുന്നതു കണ്ടു ദുഃഖിച്ചു. ആത്മഭാരത്തോടെ അവൾ അഞ്ചു കുടുംബത്തോടു സുവിശേഷം പങ്കുവെച്ചു. ഒരു ചെറിയ പ്രാർത്ഥനക്കൂട്ടം രൂപീകരിച്ചു. അവർ എല്ലാ രാത്രിയിലും ഒരുമിച്ചു കൂടി പ്രാർത്ഥിച്ചു. ദൈവം അവളുടെ ഉള്ളിൽ നൽകിയ ആത്മഭാരത്തിനായും തീഷ്ണതക്കായും നമുക്കു ദൈവത്തെ സ്തുതിക്കാം.

16
ആഗസ്റ്റ്
ശനി

## ജന്മദിനാശംസകൾ

മേരി സെബാസ്റ്റ്യൻ

# പശ്ചിമ ബംഗാൾ

### ഇദഹാർ

**അഷ്ടബൻ അദിത്യ കുമാർ & മാനിനി ബെബർത്ത**

പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ച ഏഴു പേർ പാപ സ്വഭാവം ഉപേക്ഷിച്ചു വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാനിച്ചു. പ്രഭുക്കാന്ത് ഗ്രാമത്തിൽ നടത്തിയ മൂപ്പന്മാരുടെ പരിശീലന ക്യാമ്പിൽ പത്തു പേർ പങ്കെടുത്തു ആത്മീകമായി അനുഗ്രഹം പ്രാപിച്ചു. ഏഴു സ്ഥലത്തു നടത്തിയ ഫിലിം പ്രദർശനത്തെ ദൈവം അനുഗ്രഹിച്ചു. സോനാലി ബസ്കെയുടെ കുടുംബത്തിൽ ഏഴു വർഷത്തിനു ശേഷം ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

ഈ പ്രദേശത്തെ ശുശ്രൂഷയുടെ അഭിവൃദ്ധിക്കായി പ്രാർത്ഥിക്കുക. 18 ഗ്രാമങ്ങളിൽ ആരാധന യോഗങ്ങൾ നടക്കുന്നു. സമീപ ഗ്രാമങ്ങളിലേക്കു സുവിശേഷം പരക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശരീരമാസകലം നീരു വന്നു കഷ്ടപ്പെടുന്ന കൊങ്കോൺ കിസ്കുവിന്റെയും ക്ഷയ രോഗത്താൽ വലയുന്ന കബിരാജ് സൊറന്റെയും ശരീരം മുഴുവൻ ചിരങ്ങ് ബാധിച്ച സിൻജി സൊറൻ, ഗൈരവ് ഹെം എന്നിവരുടെയും വിടുതലിനായി പ്രാർത്ഥിക്കുക.

### മലർപൂർ

**ഉപദേശ് കുമാർ & ശ്വേത വർമ്മ**

മല്ലപ്പൂർ ദേശത്തു മിഷനറിക്കു പാർക്കുന്നതിനു നല്ല ഒരു ഭവനം ലഭിച്ചു. മാനസിക രോഗം നിമിത്തം മറ്റുള്ളവരെ ഉപദ്രവിക്കുന്ന ജോസഫ്, സതീഷ് എന്നിവരെ മിഷനറി അവരുടെ വീട്ടിൽ പോയി പ്രാർത്ഥിച്ചതിനെ തുടർന്നു കർത്താവ് സൗഖ്യമാക്കി.

ശരീരമാകലം ചൊറിച്ചിലിനാലും പുകച്ചിലിനാലും കഷ്ടപ്പെടുന്ന സുവിശേഷകൻ ഉപേഷ് കുമാറിനു കർത്താവ് അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. ചാന്ദനി പ്രദേശത്തു പുതിയ ആരാധനക്കൂട്ടം ഉരുവാക്കുന്നതിനെടുക്കുന്ന ഉദ്യമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാലപ്പൂർ പ്രദേശത്തു പുതിയ ഗ്രാമങ്ങളിൽ പ്രാർത്ഥന യോഗങ്ങൾ ആരംഭിക്കേണ്ടതിനും ശുശ്രൂഷയുടെ അഭിവൃദ്ധിക്കുമായി പ്രാർത്ഥിക്കുക.

### വിഷത്തിന്റെ ബലം ക്ഷയിച്ചു

മഹാരാഷ്ട്രയിലെ പെയിന്റ് മിഷൻ വയലിലെ കമത്പാട ഗ്രാമത്തിലെ വിശ്വാസി ബന്ധു ഭായ് വയലിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ ഒരു വിഷപാമ്പ് കടിച്ചു. പെട്ടെന്നുണ്ടായ ആഘാതവും വേദനയും വകവെക്കാതെ അവൻ പ്രാർത്ഥിച്ചിട്ടു ഒരു തുണി കഷണം കൊണ്ടു മുറിവു മുറുക്കി കെട്ടിയിട്ടു ഭവനത്തിലേക്കു നടന്നു പോയി. കുടുംബം പ്രഥമ ശുശ്രൂഷ നൽകിയിട്ടു എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അത്ഭുതകരമായി ഇടപെട്ടു. വിഷം അവന്റെ ശരീരത്തിനു ഒരു ദോഷവും വരുത്തിയില്ല. ദൈവം അവന്റെ ജീവിതത്തിൽ ചെയ്ത അത്ഭുത പ്രവർത്തി അവൻ മറ്റുള്ളവരോടു പങ്കുവെക്കുന്നു. ഹല്ലേലുയ്യ!

**17**
**ആഗസ്റ്റ്**
**ഞായർ**

## ജന്മദിനാശംസകൾ

നഗൈ തിയാങ്ചിങ് ജങ്കോലുൻ

**ജമ്പാനി : എഫ്രയിം മല്ലി & പ്രസോൺസിത മല്ലി**

പുതിയ ചില ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. സിങ്ക ജനവിഭാഗത്തിൽ നിന്നും മൂന്നു കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

രത്തൻ ചന്ദ്ര യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാലതി മുർമ്മു, ബോബി മുർമ്മു, സോന ഹൻസ്ത കുടുംബം, കലിബാത്ത് സൊറൻ, ദാസ സൊറൻ, പവൽപട്ടി സൊറൻ, ബിജോയ് കൃഷ്ണ കുടുംബം , ഗൗരി മണി സൊറൻ, പുൽമണി മുർമ്മു, പൊൻമണി സൊറൻ, ജോകെമസി കാലിപാട ബസ്കി, റോബിൻ ബസ്കി, അഞ്ജലിയുടെ ഭർത്താവ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന തുളിബത്ത് ഗ്രാമത്തിലെ ജന്മന അന്ധയായ ലീലിമ സിങ്കക്കു കാഴ്ച ലഭിക്കേണതിനായി പ്രാർത്ഥിക്കുക.

**ഹൽദിബാടി / ഗസോലെ**

**അനിൽ കുമാർ ബിസോയ് & ആലീസ്**

മഴക്കാലത്തും കർത്താവിന്റെ വേല ചെയ്യുവാൻ ദൈവം മിഷനറിമാരെ ശക്തീകരിച്ചു. ആവശ്യമായ എല്ലാ സുരക്ഷിതത്വവും നൽകി പരിപാലിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി.

സോനാപൂർ, കണപാരിയ, ഫത്തെപൂർ, പെങ്കാൽപത്തി, ഹരിരാമ്പാർ, പമുഹ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനും അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജബാൻസി ജാതിക്കൂട്ടത്തിന്റെ മദ്ധ്യേ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിലും പ്രാർത്ഥന ക്കൂട്ടത്തിലും സംബന്ധിക്കുന്നവരെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പ്രതിമയുടെ മൂന്നര വയസ്സുള്ള പൈതൽ എഴുന്നേറ്റു നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ ശയ്യാവലംബനായ മൂത്ത സഹോദരന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### നഷ്ടപ്പെട്ടു പോയ പശുവിനെ കിട്ടി

ഒടിസയിലെ റിമുലി ഗ്രാമത്തിലുള്ള കൊങ്കോണ ഗ്രാമത്തിലെ സുഗുർമണി മുണ്ട ഒരു സന്ധ്യക്കു ഭവനത്തിൽ വന്നപ്പോൾ തന്റെ പശുവിനെ നഷ്ടപ്പെട്ടതായി കണ്ടു. രാത്രി മുഴുവൻ അവൻ പശുവിനെ തേടി നടന്നു കിട്ടിയില്ല. ഉറങ്ങുവാൻ പോകുന്നതിനു മുമ്പ് പശു തിരികെ വരേണ്ടതിനായി അവൻ തീവ്രമായി പ്രാർത്ഥിച്ചു. പശു ഗ്രാമത്തിന്റെ അതിർത്തിയിലുള്ള ഒരു പ്ലാവിന്റെ കീഴിൽ നിൽക്കുന്നതായി ആ രാത്രിയിൽ അവൻ ഒരു സ്വപ്നം കണ്ടു. അടുത്ത ദിവസം രാവിലെ അവൻ എഴുന്നേറ്റു സ്വപ്നം കണ്ട സ്ഥലത്തു ചെന്നപ്പോൾ പശു അവിടെ നിൽക്കുന്നതു കണ്ടു. അവൻ സന്തോഷത്തോടെ കർത്താവിനെ സ്തുതിച്ചു. ഹല്ലെലുയ്യ!

**18**
**ആഗസ്റ്റ്**
**തിങ്കൾ**

## ജന്മദിനാശംസകൾ

ഗീതാ കെന്നത്,
മെൽബിൻ റെജിനി സുന്ദർ,
അഖിലേശ് കുമാർ
മേരി നെങ്നെയ്കിം ഖൊങ്സായ്

## ഛത്തീസ്ഘട്ട്

### വദ്രാഫ് നഗർ

**ഭൂപതി പി & പൗലീൻ മേരി**

ഏഴു വ്യക്തികൾ മദ്യപാനത്തിൽ നിന്നും തിന്മ പ്രവർത്തികളിൽ നിന്നും മുക്തരായി. ശുശ്രൂഷ കഴിഞ്ഞു വീട്ടിലേക്കു മടങ്ങിവന്ന മിഷനറിയുടെ ഭാര്യ സഞ്ചരിച്ചിരുന്ന ഓട്ടോറിക്ഷ തലകീഴായി മറിഞ്ഞുണ്ടായ അപകടത്തിൽ ദൈവം മിഷനറി സഹോദരിയെ അത്ഭുതകരമായി സംരക്ഷിച്ചു. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 13 സ്ഥലങ്ങളിൽ കുട്ടികൾക്കായി വേദപഠന ക്ലാസ്സുകൾ സംഘടിപ്പിച്ചു.

നികിതയുടെ വിശ്വാസത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും റോന്നീ, പസൻകാൻ എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ടിരിക്കുന്ന എല്ലാ പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ ഫലപ്രദമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും സുവിശേഷീകരണ പ്രവർത്തനത്തിൽ സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഘർഘോദ

**കിങ്സ്ലി ഐസക് ജോൺസൺ & മീന**

ഏകദിന ഉപവാസ പ്രാർത്ഥനയും മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയും വിജയകരമായി നടത്തി. ആരാധന യോഗങ്ങൾ തടസ്സങ്ങളില്ലാതെ നടത്തി. അഞ്ചു സ്ഥലത്തു സുവിശേഷീകരണ പ്രവർത്തനവും അഞ്ചു സ്ഥലത്തു സത്സാംഗ് പ്രോഗ്രാമും നടത്തി. ഈ മിഷൻ വയലിൽ കുട്ടികൾക്കായി ഏകദിന സമ്മേളനം സംഘടിപ്പിച്ചു. വയറിളക്കം ഗുരുതരമായതിനെ തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ച മൂന്നു വയസ്സുള്ള യബ്ബേസിനെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി. അജ്ഞാത രോഗത്താൽ കഷ്ടപ്പെട്ട സുഗുണ റത്തിയായെ കർത്താവ് സൗഖ്യമാക്കി. അതിനെ തുടർന്നു അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും വിശ്വാസം പരസ്യമായി ഏറ്റു പറയുകയും ചെയ്തു.

രത്തിയ ജനസമൂഹം സുവിശേഷത്തോടു താൽപര്യം കാണിക്കേണ്ടതിനും വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കമ്നാർ താലൂക്കിൽ സുവിശേഷത്തിനെതിരെയുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായും സുവിശേഷം പ്രസംഗിക്കുവാൻ അനുവദിക്കാത്ത ഗ്രാമങ്ങളിൽ പ്രവേശനം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. രുക്മണി, ബാബുലാൽ എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാലബാനി ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 19
## ആഗസ്റ്റ്
## ചൊവ്വ

### ജന്മദിനാശംസകൾ

സൂസമ ഹരമോഹൻ,
സുസ്മിത സമരേന്ദ്ര സിങ്

### ചാമ്പ : വിനോദ് കുമാർ സിങ് & പ്രവതിമണി

സുവിശേഷ പ്രഘോഷണത്തിലൂടെ 500 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തനൗദ്, നേവാരി, ജബ്ര, ഡൊാങ്ക്ര കൊഹോറോഡ്, വെസ്താര, മേവാർ കോളനി എന്നീ പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. വിശ്വാസികളുടെ ആത്മീക പരിപോഷണത്തിനായി സ്ത്രീകളുടെ ക്യാമ്പ്, വിശ്വാസികളുടെ കുടുംബ സംഗമം എന്നിവ നടത്തി. അകലത്തറ ഗ്രാമത്തിലെ അമ്രൻ കാൻസർ രോഗത്തിൽ നിന്നും മുക്തനായി.

വാതസംബന്ധമായ രോഗത്താൽ കഴിഞ്ഞ ആറു വർഷമായി കഷ്ടപ്പെട്ട മാദൽഷായെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ ശരീര വേദനയിൽ നിന്നു കഞ്ചനും വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ജഗ്രീതിയും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തിന്റെ വ്യാപനത്തിനായി സിവ്രി നാരായൺ ഗ്രാമത്തിൽ ഒരു ഇടത്താവളം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകൻ ബാംഗ്ലൂരിൽ പഠിക്കുന്നു അവനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഹതി
### ദിനേശ് കുമാർ & നീതു

80 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. ഗിയാരിയരി ഗ്രാമത്തിൽ പുതിയ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കർത്താല ഗ്രാമത്തിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി. ഇവിടെ സമൃദ്ധമായ മഴ നൽകി ദൈവം അനുഗ്രഹിച്ചു. വേനൽകാലത്തു നെൽവയലുകളിൽ സമൃദ്ധമായ കൊയ്ത്തു നൽകി അനുഗ്രഹിച്ചു. പ്രധാന മന്ത്രിയുടെ ആവാസ് പദ്ധതിയിൽ നമ്മുടെ മൂന്നു വിശ്വാസികൾക്കു വീടു ലഭിച്ചു. രത്തിയ ജനവിഭാഗത്തിൽ ഉള്ള ഒരു പുതിയ കുടുംബം ആരാധനയിൽ സംബന്ധിക്കുന്നു.

സാർത്തി ഗ്രാമത്തിൽ പുതുതായി കണ്ടെത്തിയ ജമ്പാലിയുടെ ഭർത്താവ് ക്രിസ്തു യേശുവിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഗദീഷും അവന്റെ സഹോദരൻ പ്രദീപും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭയിലെ പാസ്റ്ററന്മാരായി പ്രവർത്തിക്കുവാൻ സമർപ്പണമുള്ള രണ്ടു കുടുംബത്തെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സമർക്കാന ദൈവാലയത്തിൽ പുതുതായി സംബന്ധിക്കുന്ന രണ്ടു കുടുംബങ്ങൾ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. ജൊാഗ്ട ഗ്രാമത്തിലെ ദർശൻ സിങ് രത്തിയ, ഗിരൈ ഗ്രാമത്തിലെ പറാസ് റാത്തി എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു യേശു ക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരുടെ കുടുംബത്തിനായി പ്രാർത്ഥിക്കുക.

**20**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

യിസ്രായേൽ ദാനിയേൽ പി,
ഇമ്മാനുവേൽ മുർമ്മു,
നീരു ബൻ സോമാ ബായി

### പതാൽഗൗൺ

**പദ്‌വി സോമില മനുസുഭായ് & മഹാല ഷിലാബൻ**

വിശ്വാസികൾക്കായി സംഘടിപ്പിച്ച ഏകദിന സമ്മേളനത്തിൽ 16 വ്യക്തികൾ വിശുദ്ധജീവിതം നയിക്കുവാൻ തീരുമാനമെടുത്തു. താത്ക്കാവ് ഗ്രാമത്തിൽ പുതിയ പ്രാർത്ഥന ക്കൂട്ടം ആരംഭിച്ചു. ആരാധന യോഗം നടത്തുന്നതിനു സ്ഥലമില്ലാതെ ഭാരപ്പെട്ടപ്പോൾ ഭട്ടിയ ഗ്രാമത്തിലെ നർവീൻ കുജുർ തന്റെ ഭവനം ആരാധന നടത്തുന്നതിനു തരുന്നതിനു തയ്യാറായി. ചമരക്കാര, തിണ്ടുപാവറ എന്നീ ഗ്രാമങ്ങളിൽ ഭജന യോഗങ്ങളിലൂടെ സുവിശേഷം പങ്കുവെച്ചു.

കാൻസർ രോഗിയായ ഹർജിത് സിങ്, പക്ഷാഘാതത്താൽ വലയുന്ന ചാകൽസായ് രത്തിയ, ജയ്പ്രകാശ്, പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്ന സുക്കറാം, ദുക്ക, ഉന്നത രക്തസമ്മർദ്ദത്താലും കൈകാലുകളിൽ ഉണ്ടായ നീർവീക്കത്താലും ഭാരപ്പെടുന്ന റെയ്പ്രോൾ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ക്രമമായി ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സ്വദേശ സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തു വിശ്വാസികളായ യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിച്ച് അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഒടിഷ

**അങ്കുൾ: ശങ്കർ പി & ജലീൻ**

നമ്മുടെ വിശ്വാസിയായ അനന്തോ ടുഡുവിന്റെ രണ്ടു മക്കളും ദൈവവേലക്കായി തങ്ങളെ സമർപ്പിച്ചു ബൈബിൾ കോളജിൽ പഠിക്കുവാനായി പോയി. പൈശാചിക ബന്ധനത്തിൽ നിന്നും ദുനുസയാനുവിനു കർത്താവ് വിടുതൽ നൽകി. നമ്മുടെ വിശ്വാസികളുടെ മക്കളുടെ വിവാഹം ദൈവനാമ മഹത്വത്തിനായി നടത്തി. പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചപ്പോൾ അവിടയുള്ളവർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

ജൈതമാതാപൂർ ദൈവാലയത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷ അനുഗ്രഹകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹോ ജനസമൂഹത്തിന്റെ മദ്ധ്യത്തിൽ ഇപ്പോഴും നിലനിൽക്കുന്ന സാമൂഹ്യ തിന്മയായ ശൈശവ വിവാഹം ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. സ്വന്ത ജനങ്ങളെ സുവിശേഷത്താൽ നേടുവാൻ അവരുടെ കൂട്ടത്തിൽ നിന്നു ധാരാളം സുവിശേഷകർ എഴുന്നേൽക്കേണ്ടതിനായി പ്രർത്ഥിക്കുക. അനേക ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനും ജനങ്ങൾ ആവേശപൂർവ്വം സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ സഭകളെ ആത്മീകമായി പരിപോഷിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**21**
**ആഗസ്റ്റ്**
**വ്യാഴം**

## ജന്മദിനാശംസകൾ

എമി ആനന്ദി

### ദെങ്കനാൽ

**അശോക് നായക് & സുരഭി ബീറോ**

ശയ്യാവലംബനായ സീമത്തരെയായെ കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി. പൈശാചിക ബന്ധനത്താൽ നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട ബീർത്തിങ് പൂർത്തി ദൈവീക ശക്തിയാൽ വിടുതൽ പ്രാപിച്ചു ഇപ്പോൾ നടക്കുന്നു.

പുതിയ വിശ്വാസികൾ ക്രിസ്തുയേശുവിൽ വേരൂന്നി വളരേണ്ടതിനായി പ്രാർത്ഥിക്കുക. റാഹമ്മ, സെരംഹാസാഹി, രങ്കിപാൽ എന്നിവരെ കർത്താവിന്റെ സ്നേഹം സ്പർശിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്ന ഗോണ്ടിയ ഗ്രാമത്തിലെ ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ കർത്താവിലുള്ള വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### സെളംമ്പ

**യുവനേഷ് & ഝാൻസി റാണി**

കുകെർമുണ്ട ഗ്രാമത്തിൽ വെച്ചു സുവിശേഷ വിരോധികൾ മിഷനറിയെ ഉപദ്രവിക്കുവാൻ ശ്രമിച്ചപ്പോൾ ദൈവം സുരക്ഷിതമായി പരിപാലിച്ചു. തലമുറകൾക്കു വേണ്ടി പ്രാർത്ഥിച്ച ശർമ്മിളക്കു ഒരു പെൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ഈശ്വർഭായ് വിടുതൽ പ്രാപിച്ചു.

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന സൊൻവാൽ ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം വേഗത്തിൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു ആവശ്യമായ മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പദ്ധതിയിട്ട എല്ലാ പരിശീലന പ്രോഗ്രാമുകളും സുഗമമായി നടത്തേണ്ടതിനായി പാർത്ഥിക്കുക. കുകെർമുണ്ട, രാഘട്ട്, പുൽവാടി എന്നീ ഗ്രാമങ്ങളിലുള്ള എതിർപ്പുകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കെർഗാം

**കുമാരൻ ജി & ജലീൻ ജയ പ്രദ**

അവധിക്കാലത്തു ബാലഭവനത്തിന്റെ അറ്റകുറ്റ പണികൾ ചെയ്യുവാൻ ദൈവം സഹായിച്ചു. ഈ വർഷം 30 കുട്ടികൾ കൂടി പുതുതായി ബാലഭവനത്തിൽ ചേർന്നു പഠനം ആരംഭിച്ചു. പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കു തുടർ പഠനത്തിനു കോളജിൽ പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

പുതുതായി ബാലഭവനത്തിൽ ചേർന്ന കുട്ടികൾ അവിടുത്തെ സാഹചര്യവുമായി ഇണങ്ങി സന്തോഷത്തോടെ പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നല്ല ഒരു പാചകക്കാരനെയും പ്രതിബദ്ധതയുള്ള ഒരു വാർഡനെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിരങ്ങ്, പനി തുടങ്ങിയ രോഗങ്ങളിൽ നിന്നും കുട്ടികൾ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**22**
**ആഗസ്റ്റ്**
**വെള്ളി**

### കർപാദ

### ബിദുഷ് കുമാർ & പ്രീതിബല

പത്ലി, സാവർപാട എന്നീ ഗ്രാമങ്ങളിൽ നാടകത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു. വാദി ഗ്രാമത്തിൽ 25 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. മധുലാന ഗ്രാമത്തിലെ രാധുഭായ് പൈശാചിക ബന്ധനത്താൽ സ്വയം മുറിവേല്പിക്കുന്നു. ദൈവം ഇവനെ അത്ഭുതകരമായി വിടുവിച്ചു. സിമ്പർവഹൽ ഗ്രാമത്തിലെ ഡ്രിബക് ഭായിയുടെ തലയിൽ ഒരു മരക്കൊമ്പ് ഒടിഞ്ഞു വീണു പരിക്കുപറ്റി. ശസ്ത്ര ക്രീയയിലൂടെ അവൻ സൗഖ്യം പ്രാപിച്ചു. ഡ്ക്സൽ ഗ്രാമത്തിലെ പ്രവീണിന്റെ മുമ്പിൽ പാമ്പു വീണതിനെ തുടർന്നുണ്ടായ അപകടത്തിൽ നിന്നും ദൈവം രക്ഷിച്ചു. കസന്ധദമാൾ ഗ്രാമത്തിലെ മോത്തിറാമിന്റെ വീടിനു അസ്ബറ്റോസ് ഇടുന്ന വേളയിൽ അത് തലയിൽ വീണെങ്കിലും ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഹൃദയസ്തംഭനത്താൽ കഷ്ടപ്പെട്ട നച്ചൻകാതക് ഗ്രാമത്തിലെ റിത്തേശിനെ ദൈവം വിടുവിച്ചു.

ശ്വസന സംബന്ധമായി പ്രയാസപ്പെടുന്ന ഇന്ഥാർ സഭയിലെ എലിശബൻ, ഞരമ്പു സംബന്ധമായ രോഗത്താൽ വലയുന്ന ഘോതാൻ ഗ്രാമത്തിലെ ഗോയബൻ, പക്ഷാഘാതത്താൽ വലയുന്ന മിധുലന ഗ്രാമത്തിലെ സീതറാം, ഭോവാർപാട ഗ്രാമത്തിലെ ഗംഗാഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭിന്നശേഷിക്കാരനായ മോത്തിറാമിന്റെ ശുഭ ഭാവിക്കായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു ഏഴു വർഷമായിട്ടും മക്കൾ ജനിക്കാത്ത വിഹിർപാട ഗ്രാമത്തിലെ പിങ്കിബന്നിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഘോലരമ്പ് / കാദോദ്

### പുഷ്പരാജ് & ജോതി നിർമ്മല

കരേലി ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചതിലൂടെ 106 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. അക്രൈസ്തവരുൾപ്പടെ 62 കുട്ടികൾ പൽസോദ് ഗ്രാമത്തിൽ സംഘടിപ്പിച്ച വിബിഎസിൽ പങ്കെടുത്തു. ബർസാഡി ഗ്രാമത്തിലെ സോനബൻ സുവിശേഷത്തോടു താൽപര്യമുള്ള വളായി പ്രാർത്ഥനക്കായി അവളുടെ ഭവനത്തിലേക്കു ഞങ്ങളെ ക്ഷണിച്ചു. പൽസോഡ് ഗ്രാമത്തിൽ താമസിക്കുന്ന കുടിയേറ്റ തൊഴിലാളികൾ ബലാസാദ് ദൈവാലയത്തിലെ ആരാധനയിൽ ക്രമമായി സംബന്ധിക്കുന്നു.

ലാൽമോഹാപ്ഡ, ഫൂൽകുമാരി, സുധീർ, പ്രദീപ് കുമാർ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു ആരാധനയോഗത്തിൽ ക്രമമായി സംബന്ധിച്ചു ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാലു കുടിയേറ്റ തൊഴിലാളികൾ ബർഡോളി സഭയിലെ ആരാധനയിൽ സംബന്ധിക്കുന്നു. അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കരേലി ഗ്രാമത്തിലെ കേശവ് വിടുതൽ പ്രാപിച്ചു. മദ്യാസക്തിയിൽ നിന്നും ജടോപോർ ഗ്രാമത്തിലെ മെഹുൽഭായ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**23**

**ആഗസ്റ്റ്**

**ശനി**

## ജന്മദിനാശംസകൾ

രാമമുനി ജെബിവി പ്രസാദ്,
വെങ്കിടേശ് വഡ്ഡാർ,
ആശീഷ് കുമാർ,
സുബാശിനി മുർമ്മു

### അഹവ: വിഘ്നേശ്വരൻ എൻ & എയ്ഞ്ചലിൻ എം

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അനേക വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. സുന്ത ഗ്രാമത്തിലെ കുമവന്തിയുടെ ട്യൂമർ ശസ്ത്രക്രീയയിലൂടെ നീക്കം ചെയ്തു. അനേക നാളത്തെ കാത്തിരിപ്പിനൊടുവിൽ സോമലെ & റോസി ദമ്പതികൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

കോഷിയ ഗ്രാമത്തിലെ കലു, ലത എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചിക്കിഗോവിഡ ഗ്രാമത്തിലെ ശാന്തി ലാലിനെ രോഗങ്ങളിൽ നിന്നും ദൈവം സൗഖ്യമാക്കി. നാലു വയസ്സായ വാടിയാവൻ ഗ്രാമത്തിലെ ജോസ്ന ഇതുവരെ നടക്കുവാൻ തുടങ്ങിയില്ല. ദൈവം അവളെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തക്ലിപാട ഗ്രാമത്തിലെ ദീപീക അഞ്ചാം മാസത്തിൽ പ്രസവിച്ചു. കുഞ്ഞിനെ ശരിയായ വിധം പരിപോഷിപ്പിക്കേണ്ടതിനായി പ്രാർത്ഥിപ്പിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച സവിത, രക്തം സമ്മർദ്ദം കുറയുന്ന ദാനിയേൽ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിക്കുന്നതിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കവന്ത്

### അഖിലേശ് കുമാർ & കിരൺ ദേവി

20 വ്യക്തികൾ യേശുവിനെ കർത്താവു രക്ഷിതാവുമായി സ്വീകരിച്ചു മധുബാരി ഗ്രാമത്തിൽ വെച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. ചൈൽഡ് ഡവലപ്പ്മെന്റെ സെന്ററിലുള്ള കുട്ടികൾക്കായി നടത്തിയ മൂന്നു ദിവസത്തെ ക്യാമ്പിൽ 160 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. തരസവ, കഞ്ചിപാനി എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിബിഎസ് മുഖാന്തിരം അക്രൈസ്തവരായ അനേക കുട്ടികൾ ദൈവചനം പഠിച്ചു.

കഠിനമായ ഉദരവേദനയാൽ കഷ്ടപ്പെടുന്ന ഉൽക്ക ഗ്രാമത്തിലെ ജിക്കബന്നിനെ മരുന്നുകൾ ഉപയോഗിച്ചിട്ടും സൗഖ്യം ലഭിക്കാത്ത ചുറ്റുപാടിൽ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. അധരത്തിൽ കാൻസർ ബാധിച്ച മകുദാമ്പ ഗ്രാമത്തിലെ മജ്ജുഭായിയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിങ്കി ഗ്രാമത്തിലെ അശ്വിൻഭായ് തടവി കഴിഞ്ഞ മൂന്നു വർഷമായി പൈശാചിക ബന്ധനത്താൽ കഷ്ടപ്പെടുന്നു. ആഭിചാര ക്രിയയും മൃഗബലിയുമൊക്കെ നടത്തിയെങ്കിലും ഒരു പ്രയോജനവുമുണ്ടായില്ല. ഒടുവിൽ അവൻ കർത്താവിങ്കലേക്കു തിരിഞ്ഞു ദൈവം അവനെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ ഗ്രാമങ്ങളിൽ നടത്തുവാനായി പദ്ധതിയിട്ടിരിക്കുന്ന വിശ്വാസ പ്രഖ്യാപന പ്രോഗ്രാമുകൾ തടസ്സമില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക..

**24**
**ആഗസ്റ്റ്**
**ഞായർ**

### മോസ്ദ

**പോൾരാജ് & കോയിൽ പുഷ്പം**

മൂന്നു സ്ഥലത്തു സംഘടിപ്പിച്ച വിബിഎസിൽ അനേക കുട്ടികൾ സംബന്ധിച്ചു അനുഗ്രഹം പ്രാപിച്ചു. വൃക്കയുടെ പ്രവർത്തനം നിലച്ചതിനാൽ കഷ്ടപ്പെടുന്ന ജയ്ദീപിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മഹൻഭായിയുടെ മോട്ടർ സൈക്കിൾ കാട്ടുപാതയിൽ വെച്ചു ഇടിച്ചെങ്കിലും ദൈവം അത്ഭുതകരമായി അവനെ വിടുവിച്ചു. ദീർഘകാലമായി പനിയാൽ ഭാരപ്പെടുന്ന യോഹാൻ, ദിലീപ് എന്നിവരെ കർത്താവ് സൗഖ്യമാക്കി.

പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന കൽപനയുടെ കഴുത്തിലുണ്ടായ മുഴ നിങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ കരത്തിന്റെ ചലനം നഷ്ടപ്പെട്ട ജയന്തിഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദിനേശ്ഭായിയുടെ കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള വഴക്ക് പരിഹരിക്കേണ്ടതിനും അവർ സമാധാന ജീവിതം നയിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമമായ സോളിയായിൽ വസിക്കുന്ന രമേശ് ഭായിയുടെ മാനസിക രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. അനിതയും ജട്ടിയഭായ് കുടുംബവും പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളിൽ നിന്നും മിഷനറിമാർക്കും സുവിശേഷകർക്കും വിശ്വാസികൾക്കും സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബോഡേലി / ദാഭോൾ

**യേശു ബാബു & ഉഷ എസ്**

കുന്ദൻപൂർ ഗ്രാമത്തിൽ സ്ത്രീകളുടെ ഒരു പ്രാർത്ഥന യോഗം ആരംഭിച്ചു. ഈ മിഷൻ വയലിൽ സംഘടിപ്പിച്ച കുട്ടികളുടെ യോഗത്തിൽ അനേകർ പങ്കെടുത്തു വേദപുസ്തകം വായിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും പഠിച്ചു. ശരീര ബലഹീനതയോടെ സ്ത്രീകളുടെ യോഗത്തിൽ സംബന്ധിച്ച ഹൻസ്ത പൂർണ്ണ സൗഖ്യം പ്രാപിച്ചു ഭവനത്തിലേക്കു തിരികെപ്പോയി. വേരഗി, കുന്താൻ എന്നീ ഗ്രാമങ്ങളിൽ സഭാമൂപ്പന്മാർക്കായി പരിശീലന പ്രോഗ്രാമും പ്രാർത്ഥന യോഗവും സംഘടിപ്പിച്ചു.

കർവാൻ ഗ്രാമത്തിൽ സംഘടിപ്പിച്ച രാത്രി യോഗത്തിനു കാഴ്ചക്കാരായി വന്ന അനേകരുടെ ഹൃദയങ്ങളിൽ ദൈവവചനം ക്രിയ ചെയ്തു. ഗർഭാശയം നീക്കം ചെയ്തതിന്റെ ക്ഷീണത്തിൽ നിന്നും ശരീര ബലഹീനതയിൽ നിന്നും വിശ്വാസി സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനം നിമിത്തം വിവിധ രോഗങ്ങളാൽ വലയുന്ന മുക്കിബൻ നമ്മുടെ പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്നു. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കാം. ഈ മഴക്കാലത്തു കാർഷീക വൃത്തിയിൽ ഏർപ്പെടുന്ന വിശ്വാസികൾക്കു നല്ല വിളവ് ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ക്രിസ്തീയ സാക്ഷ്യമുള്ളവരായി അനേകരെ ക്രിസ്തുവിങ്കലേക്കു ആദായപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**25**
**ആഗസ്റ്റ്**
**തിങ്കൾ**

**ഉമർഗാം : ആശീർ മോസസ് & അമൃത ഗോൾഡ**

പുതിയ നിയമങ്ങളും ലഘുലേഖകളും വിതരണം ചെയ്യുവാൻ ദൈവം കൃപ നൽകി. നാലു ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിലൂടെ അനേക കുട്ടിൽ യേശുക്രിസ്തുവിനെ അറിയുന്നതിനും നീതിമാർഗ്ഗങ്ങൾ പഠിക്കുന്നതിനും ഇടയായി. ലളിതബന്നിന്റെ നീരു വന്ന വീർത്ത തൈറോയ്ഡ് ഗ്രന്ഥി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

ആറാം ക്ലാസ്സിൽ പഠിക്കുന്ന ഏന്രേശ് വിനോദ് മാനസിക രോഗത്തിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പരുക്കു പറ്റിയ ദീപക് ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗൗതം - വന്ദന ദമ്പതികൾക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിൽ പഠിക്കുന്ന കുട്ടികൾ ജ്ഞാനത്തിലും ദൈവകൃപയിലും മുതിർന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ

**സിൽവാസ**

**ഡേവിഡ്സൺ രാജാസിങ് & കൺമണി**

പക്ഷാഘാതത്താൽ നടക്കുവാൻ കഴിയാതെ വിഷമിച്ച സൈലാസിനെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. നിരന്തര പ്രാർത്ഥനയുടെ ഫലമായി എലിശ സുഖം പ്രാപിച്ചു. സഭാമുപ്പന്മാർക്കായി സംഘടിപ്പിച്ച പരിശീലന പ്രോഗ്രാമിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

ഭാവനി, മീര, കുൽഗി എന്നിവർ പക്ഷാഘാതത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിൽ നിരു വന്നതിനാൽ നടക്കുവാൻ കഴിയാത്ത ഹൻസ്ഥയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശാൽ - കക്കടിയ ദമ്പതികളുടെ ജീവിതത്തിൽ മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഖാൻവേൽ**

**അരുൾ ആശീർ & സുഗുണ എൽ**

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. വസോന ഗ്രാമത്തിൽ നടത്തിയ യുവജന യോഗത്തിൽ 250 യൗവ്വനക്കാർ യേശുവിനോടു ചേർന്നു വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാനിച്ചു. ജോലി സ്ഥലത്തു പ്രവേശിച്ച വിഷപാമ്പിൽ നിന്നും ദൈവം വനിതയെ അത്ഭുതകരമാംവിധം രക്ഷിച്ചു.

12 വർഷത്തിനു ശേഷം രണ്ടാമത്തെ കുഞ്ഞിനു ജന്മ നൽകുവാൻ ഒരുങ്ങുന്ന സരിത ബന്നിന്റെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ അഞ്ചു വർഷമായി സിക്കാദ ഗ്രാമത്തിലെ ശിവ ഭായ് മാനസിക രോഗത്താൽ വലയുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞ് 12 വർഷമായിട്ടും മക്കൾ ജനിക്കാത്തതിനാൽ വിഷാദത്തിലായ മൊഗദാം ഗ്രാമത്തിലെ രാസിലയെ കർത്താവ് തൊട്ടു ബലപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. പർസാദ് ഗ്രാമത്തിലെ ജമ്നി ബന്നനെ വിഷാദ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**26**
**ആഗസ്റ്റ്**
**ചൊവ്വ**

### ജന്മദിനാശംസകൾ

ചിന്തു കോര എഡ്വിൻ

## മഹാരാഷ്ട്ര

### സർഗണ

**മയിൽസ്വാമി & യേശുമണി**

ശ്വസന സംബന്ധമായ രോഗത്താൽ പ്രയാസപ്പെട്ട ബബലൂൺ ഗ്രാമത്തിലെ തുക്കറാം ചൗദരി പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ ദൈവം സൗഖ്യമാക്കി. ബോർപാട ഗ്രാമത്തിലെ ദൈവാലയം ദൈവനാമ മഹത്വത്തിനായി പ്രതിഷ്ഠിച്ചു. വിശ്വാസികളായ സ്ത്രീകളുടെ പ്രയത്നത്താൽ ജോയ് വിഹിർ ഗ്രാമത്തിൽ ഒരു പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. റെയിന്റിപാട ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു.

ബില്ലൂർപാട, രോഹിത്പാട, കുമ്രിപാട എന്നീ ഗ്രാമങ്ങളിൽ പ്രാർത്ഥനക്കൂട്ടം ആരംഭിക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രോഹിത്വിഹിർ ഗ്രാമത്തിലെ പ്രവർത്തനത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**ചോപ്ദ : വസാവ രമേശ്ഭായ് & വസാവ സുനിതബെൻ**

ഒരു വർഷത്തിലധിമായി കഴുത്തിലുണ്ടായ മുഴയാൽ കഷ്ടപ്പെട്ട ദുലപെൻ പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുകയും വിശ്വാസികളുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയാൽ മുഴ അപ്രത്യക്ഷമാകുകയും ചെയ്തു. എട്ടു ഗ്രാമങ്ങളിൽ നടത്തിയ വിബിഎസിൽ 265 കുട്ടികൾ സംബന്ധിച്ചു ദൈവവചനം പഠിച്ചു. ചൊപ്ട ഗ്രാമത്തിലെ എതിർപ്പുകൾ ശമിച്ചതിനാൽ അവിടെ പ്രാർത്ഥനയോഗങ്ങൾ വീണ്ടും ആരംഭിച്ചു. ഈ വർഷം ബാലഭവനത്തിൽ 15 കുട്ടികൾക്കു കൂടി പ്രവേശനം നൽകി.

ഈ വർഷം പുതുതായി ബാലഭവനത്തിൽ ചേർന്ന കുട്ടികൾ ബാലഭവനത്തിലെ സാഹചര്യവുമായി ഇണങ്ങി ആരോഗ്യമുള്ളവരായി നല്ല വണ്ണം പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മറ്റു കുട്ടകളുമായി ചേർന്നു പേകേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിനു നല്ലവരും പ്രതിബദ്ധതയുമുള്ളവരുമായ വാർഡന്മാരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ പാചകക്കാരന്റെ ഭാര്യ സുരക്ഷിതയായി ബാലഭവനത്തിൽ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

### പാമ്പുകൾ നിങ്ങളെ ഉപദ്രവിക്കയില്ല

ഒറിസയിൽ റിമുലി മിഷൻ വയലിലെ നമ്മുടെ വിശ്വാസി കാർത്തിക്കിന്റെ ഭാര്യ കാട്ടിൽ നിന്നു വിറകു ശേഖരിച്ചു കൊണ്ടുവന്നു. അവളുടെ മകൻ വിറകു കെട്ടിനുള്ളിൽ പാമ്പ് ഉണ്ടെന്നറിയാതെ വിറക് അടുക്കളയിൽ അടുക്കിവെക്കുന്നതിനു സഹായിച്ചു. പിന്നീട് കാർത്തിക പാചകത്തിനായി വിറകു എടുക്കുവാൻ പോയപ്പോൾ അതിനുള്ളിൽ പാമ്പിനെ കണ്ടു. പാമ്പ് ആരെയും ഉപദ്രവിച്ചില്ല. ദൈവം നൽകിയ ദിവ്യ സംരക്ഷണത്തിനു കുടുംബമായി അവർ ദൈവത്തെ സ്തുതിച്ചു. ഹല്ലെലുയ്യ!

**27**
**ആഗസ്റ്റ്**
**ബുധൻ**

ഉപവാസ
പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ഷീല വിക്ടർ

### പെയിന്റ്

**അലക്സ് പ്രഭു & പ്രീയ ഹെത്സി**

പ്രാർത്ഥന യോഗത്തിൽ പങ്കെടുത്ത രണ്ടു പേർ വിശുദ്ധ ജീവിതം നയിക്കുവാൻ തങ്ങളെ സമർപ്പിച്ചു. പൈശാചിക ബന്ധനത്താൽ രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ കഷ്ടപ്പെടുന്ന നിൻഗുരിയുടെ ഭവനത്തിൽ ഒരു പ്രാർത്ഥന യോഗം സംഘടിപ്പിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം അവൾക്കു പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ നൽകി. വൃക്ക സംബന്ധമായ രോഗത്താൽ ഏറെ കഷ്ടം സഹിച്ച പ്രകാശിനെ പ്രാർത്ഥനയെ തുടർന്നു ദൈവം ആശ്വാസം നൽകി. അപസ്മാര രോഗത്താൽ വലയുന്ന കൽപേശിനെ ദൈവം സൗഖ്യമാക്കി.

ദേവദൊങ്ക്ര, പൊർപാദ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ സംബന്ധമായ കേസ് കോടതിയിൽ ആണ്. ആരാധന യോഗത്തിനു എതിരെ നിൽക്കുന്നവരോടു കർത്താവ് ഇടപെടേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസിയായതിന്റെ പേരിൽ പീഡനം ഏൽക്കേണ്ടി വന്ന ശാന്തറാം ശരീര വേദനയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അവനെ ഉപദ്രവിച്ചവർ മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കഴിഞ്ഞ പത്തു വർഷമായി തലമുറയ്ക്കായി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന അൽക്ക വികാസിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഏഴാം ക്ലാസ്സിൽ പഠിക്കുന്ന സരിതയുടെ കേൾവി ശക്തി പെട്ടെന്നു നഷ്ടപ്പെട്ടു അവൾക്കു വിടുതൽ ലഭിക്കേണതിനായി പ്രാർത്ഥിക്കുക.

### ബോറാഡി

**ഓംപ്രകാശ് & സപ്ന**

എട്ടു വ്യക്തികൾ പാപസ്വഭാവം ഉപേക്ഷിച്ചു വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാനിച്ചു. പാഗബെല്ല ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം കൃപ നൽകി. ഉദരത്തിൽ പൈതലിന്റെ ജീവൻ നഷ്ടപ്പെട്ടങ്കിലും ജാലബി ബൻ അതറിഞ്ഞില്ല. ഗുരുതരാവസ്ഥയിൽ ചില ദിവസങ്ങൾ ആശുപത്രിയിൽ കിടന്നെങ്കിലും വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചപ്പോൾ സാധരണമാം വിധം പൈതൽ വെളിയിൽ വന്നു. ടെലിവിഷനിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു 250 പേർ അതു കണ്ടു.

സാക്കു ഗ്രാമത്തിലെ മുകേഷ്, ബുദകിവിഹാർ ഗ്രാമത്തിലെ ദീപക്, എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശ്വാസന സംബന്ധമായ രോഗത്താൽ വലയുന്ന കുട്ടി, ജഗൻബായി എന്നിവരെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിക, രത്തൻഭായി എന്നിവരുടെ കാഴ്ച ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഴകിയ തലവേദനയാൽ കഷ്ടപ്പെടുന്ന ദുഷ, വാശി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൺസൂൺ കാലത്തു നടത്തുവാനുദ്ദേശിക്കുന്ന സഭാമൂപ്പന്മാരുടെയും പ്രാദേശിക സുവിശേഷകന്മാരുടെയും പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**28**
**ആഗസ്റ്റ്**
**വ്യാഴം**

## ജന്മദിനാശംസകൾ

എഡ്വേർഡ് ജപസിങ്. ജെ,
സുനിത വെച്ചിയ വസാവെ

### തലസാരി

**ഗെദ്ദാം ശ്രീനിവാസ് റാവു & മേദങ്കി രാജ്യലക്ഷ്മി**

സ്ത്രീകൾക്കായി സംഘടിപ്പിച്ച പ്രത്യേക യോഗത്തിൽ 125 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വിഷപാമ്പിന്റെ കടിയേറ്റു ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച എട്ടാം ക്ലാസ്സിൽ പഠിക്കുന്ന അനിതയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. നക്സോരി, ഗോഷബാദ് എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. സഭാമൂപ്പന്മാർക്കും പ്രാദേശിക സുവിശേഷകർക്കും വേണ്ടി നടത്തിയ ആത്മീക പരിപോഷണ ക്യാമ്പ് വിജയകരമായിരുന്നു.

റീജിനൽ തലത്തിൽ നടത്തുന്ന സുവിശേഷ മേളയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഗ്രാമത്തിലെ സഭകൾ ഫലപ്രദമായി നടത്തേണ്ടതിനും ബരത്, തെക്കാനെ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. കുന്ത ദിലീപ്, കുക്കുടു ദീലീപ് എന്നിവരുടെ കുടുംബങ്ങളിൽ മക്കൾ ജനിക്കേണതിനായി പ്രാർത്ഥിക്കുക. മഴക്കാലത്തു പദ്ധതിയിട്ടതുപോലെ പരിശീലന പ്രോഗ്രമുകൾ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ആവശ്യമായ മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സുവിശേഷവേലയിൽ സജീവ പങ്കാളിത്വം വഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ധാദഗൗൺ

**എബിനേസർ ശമുവേൽ & ജോത്സന ജയറാണി**

പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ച എട്ടു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശുദ്ധ ജീവിതം നയിക്കുവാൻ തീരുമാനിച്ചു. ത്രിസമാൾ മേഖലയിൽ ആദ്യമായി സുവിശേഷം പ്രഘോഷിച്ചു. 15 വയസ്സുള്ള ദീക്കുഭായ എന്ന പെൺകുട്ടി വയലിൽ വേല ചെയ്യുന്ന വേളയിൽ അറിയാതെ പാമ്പിനെ കയ്യിലെടുത്തു. എന്നാൽ പാമ്പ് അവളെ ഉപദ്രവിക്കാതെ ഓടിപ്പോയി. സുനിതയുടെ ഗർഭാശയ ശസ്ത്രക്രീയ വിജയകരമായി പൂർത്തീകരിക്കുവാൻ ദൈവം സഹായിച്ചു.

ത്രിസമാൾ, സെൽപാര, കാതാര, ഉമദി, ബൻബാരി എന്നീ ഗ്രാമത്തിലുള്ളവർ യേശുവിൽ വിശ്വസിക്കുന്നുണ്ടെങ്കിലും സാമൂഹ്യ ഭയം നിമിത്തം ആരാധന യോഗത്തിൽ സംബന്ധിക്കുന്നില്ല. ദൈവം അവരുടെ ഭയത്തെ മാറ്റേണ്ടതിനും സമൂഹത്തിലെ പ്രധാന വ്യക്തികളുടെ മാനസാന്തരത്തിനായും പ്രാർത്ഥിക്കുക. 45 വയസ്സുള്ള കഞ്ചുഭായിക്കു സംസാരശേഷിയില്ല. ദൈവനാമ മഹത്വപ്പെടുമാറ് അയാൾക്കു സംസാര ശേഷി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുരുതരമായ വയറിളക്കത്താൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച കൊസാദിയബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## 29 ആഗസ്റ്റ് വെള്ളി

**മാന്ദന : ഗോഡിസെല പ്രവീൺ & ഇദിഗിനാല മൗനിക**

കരീന എന്ന പന്ത്രണ്ടു വയസ്സുള്ള പെൺകുട്ടിയുടെ അവയവങ്ങൾ ചലിപ്പിക്കുവാൻ കഴിയാതെ കഷ്ടപ്പെട്ടു. അനേക മന്ത്രവാദികളുടെ അടുക്കൽ കൊണ്ടു പോയെങ്കിലും പ്രയോജന പ്പെട്ടില്ല. നമ്മുടെ വിശ്വാസികൾ ഒരുമിച്ചു കൂടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി. ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും കൗൾ ബാഹി പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. ധന സിങിന്റെ പൈതൽ ജീവിനില്ലാതെ ജനി ച്ചതിനു ശേഷം അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇപ്പോൾ അവനു ഒരു ആൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രിഹിച്ചു.

കളംമ്പ ദൈവാലയത്തിന്റെ പണി വേഗത്തിൽ പൂർത്തീകരി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൗഖ്യ ത്തിനായി എഴു ലക്ഷം രൂപ പൂജ കൾക്കു ചിലവഴിച്ച ബാനു ഭായി യുടെ സൗഖ്യത്തിനായി പ്രാർത്ഥി ക്കുക. അധരത്തിൽ കാൻസർ ബാധിച്ച രൂണഭായിയെ കർത്താവ് സൗഖ്യമാ ക്കേണതിനായി പ്രാർത്ഥിക്കുക. രക്ത സ്രാവത്തിൽ നിന്നു രൂഷി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാവിന്റെ വേർപാടിൻ ദുഃഖ ത്തിലായിരിക്കുന്ന സുക്ലാലിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### ഹലിയാൽ / ഖാനാപൂർ

**തങ്കലാൽ സൗ & നെംസവാഹ്**

ജിന്നപ്പ, തങ്കിയമ്മ, സ്വർണ്ണ, ഹനുമന്തപ്പ, നാഗേഷ് എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. സൂര്യകാന്തി പൂവിന്റെ വിത്തുകൾ അബദ്ധത്തിൽ വിഴുങ്ങിയ മൂന്നു വയസ്സുള്ള സാമന്ത ശ്വാസം വിടുവാൻ കഴിയാതെ പ്രയാസപ്പെട്ടു. വേഗത്തിൽ ആശുപത്രിയിൽ പ്ര വേശിപ്പിച്ചു. ദൈവം പൈതലിനെ സൗഖ്യമാക്കി. ഇവാൻഞ്ചലിനു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ജോലിക്കായി കൈക്കൂലി കൊടുക്കുവാൻ തയ്യാറാകാതിരുന്നിട്ടും സൗഭാഗ്യക്കു അങ്കൻവാടി അദ്ധ്യാപികയായി ജോലി ലഭിച്ചു. നന്ദി സൂചകമായി അവ ളുടെ ആദ്യമാസത്തെ ശമ്പളം ദൈവ വേലക്കായി നൽകി. നമ്മുടെ സഭയിലെ പുതിയ വിശ്വാസി പ്രശാന്തിന്റെ കോടതി കേസിനു ന്യായമായ തീർപ്പുണ്ടായി.

മസിൽ ബലമില്ലാത്തതിനാൽ അഞ്ചു വയസ്സുള്ള രൂത്തിനു എഴുന്നേറ്റു നിൽക്കുന്നതിനോ നടക്കു ന്നതിനോ സാധിക്കുന്നില്ല. അവളുടെ സൗഖ്യത്തിനും കുടുംബം മുഴുവനായി യേശുവിനെ രക്ഷിതാവായി സ്വീകരി ക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കഴിഞ്ഞ നാലു മാസമായി ശമ്പളം ലഭിക്കാത്ത ശോഭക്കു സമ്പളം ലഭി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേ ശിക അധികാരികളിൽ അനുവാദം ലഭിച്ച നന്ദഗാഡ് ദൈവാലയ നിർമ്മാണത്തി നായി പ്രാർത്ഥിക്കുക. ലക്ഷ്മി, പ്രേമ, മഞ്ജുള, റീമ എന്നിവർക്കു മക്കൾ ജനക്കേണ്ടതിനായി പ്രാർത്ഥിക്കുക. മന്ദാനിയിലെ ആരാധനക്കൂട്ടത്തിൽ കൂടുതൽ പേർ സംബന്ധിക്കേണ്ടതി നായി പ്രാർത്ഥിക്കുക.

**30**
**ആഗസ്റ്റ്**
**ശനി**

## മലൂർ

### കിഷന്ത ലിമ്മ & പ്രമീള സിങ്

അലമ്പാടി സഭ അതിന്റെ 23-ാം വാർഷീകം വിപുലമാം വിധം ആഘോഷിച്ചു. അനേകർ പങ്കെടുത്തു ദൈവത്തെ മഹത്വപ്പെടുത്തി. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസ പ്രഖ്യാപനം നടത്തി. ജീപ്പ് ടീമിന്റെ പ്രവർത്തനത്താൽ അനേക ഗ്രാമങ്ങളിൽ സുവിശേഷം എതിർപ്പുകളില്ലാതെ പ്രഘോഷിച്ചു. സുവിശേഷത്തോടു താൽപര്യം കാണിച്ചവർക്ക് വേദപുസ്തകവും പുതിയ നിയമവും വിതരണം ചെയ്തു. പ്രീയയ്ക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു.

ആദ്യമായി സുവിശേഷം ശ്രവിച്ചവർ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്യാന്വേഷികളായവർ കുടുംബാംഗങ്ങളുടെ എതിർപ്പിനെ അവഗണിച്ച് യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. അലമ്പാടി ദൈവാലയ സംബന്ധമായ പ്രശ്നം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറി നാഗേഷിനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ കെണിയിലാക്കുന്ന കടഭാരത്തിൽ നിന്നും അവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഷിഗ്ഗൗൺ

### നരേന്ദ്ര കുമാർ & കാജൽ കെ എം

330 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സുവിശേത്തോടു താൽപര്യം കാണിച്ചവരുടെ ഇടയിൽ 48 പുതിയ നിയമവും മൂന്നു വേദ പുസ്തകവും വിതരണം ചെയ്തു. ഷിഗ്ഗൗണിലുള്ള നമ്മുടെ വിശ്വാസിയായ ആകാശിനെ മിഷനറിയായി തിരഞ്ഞെടുത്തു. ഇപ്പോൾ അവൻ മിഷനറി പരിശീലനത്തിൽ ആകുന്നു.. മിഷനറിയുടെ വിവാഹം ക്രീസ്തീയ രീതിയിൽ മിഷൻ വയലിൽ വെച്ചു യാതൊരു തടസ്സവുമില്ലാതെ നടത്തി.

ഷിഗ്ഗൗൺ മിഷൻ വയലിൽ ഒരു കുലപാതകം നടന്നതിനാൽ ഇവിടെ പാർക്കുന്ന ജനങ്ങളുടെ ഹൃദയങ്ങളെ ഭയം ഗ്രസിച്ചിരിക്കുന്നു. ഭയത്തിൽ നിന്നും അവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന സുരേഷ്, ശരീരത്തിലുണ്ടായ മുഴയാൽ ഭാരപ്പെടുന്ന അർപ്പിത ഇവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസിയായ യുവനേശിനെ അവന്റെ അപസ്മാര രോഗം കാരണം ചുറ്റുമുള്ളവർ പരിഹസിക്കുന്നു. ദൈവം അവനു സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. NSM പ്രൊജക്ടിലുള്ള കുട്ടികൾ അവർക്കു ലഭിച്ച എല്ലാ അനുകൂല്യങ്ങളും ആശ്വദിക്കുന്നു. എന്നാൽ അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മടിക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ശവം സംസ്കരിക്കുന്നതിനു അനുയോജ്യമായ ശ്മശാന ഭൂമി അധികൃതർ അനുവദിച്ചു നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

**31**
**ആഗസ്റ്റ്**
**ഞായർ**

## ജന്മദിനാശംസകൾ

കിസ്റ്റോഫർ പി. ജി,
ബാലാജി യേശുദാസൻ
രജ്ഞൻ ഖാശല

## ആന്ധ്രപ്രദേശ്

### പലമ്നെർ

**കുപ്പുസ്വാമി & ഷൈല കെ**

കൊലമസനപ്പള്ളിയിൽ ദേശത്തിന്റെ വിടുതലിനായി നടത്തിയ ഉപവാസ പ്രാർത്ഥനയിൽ അനേകർ സംബന്ധിച്ചു. മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. തൊണ്ടക്കുണ്ടായ കാൻസർ രോഗത്തിനു ശസ്ത്രക്രീയക്കു വിധേയനായ വെങ്കിടലക്ഷ്മക്കു സംസാരിക്കുവാൻ കഴിയുന്നു. എല്ലാ ദിവസവും അതിരാവിലെ അഞ്ചു മണിക്കു നടത്തുന്ന സൂം പ്രാർത്ഥന യോഗത്തിൽ അനേകർ സംബന്ധിക്കുന്നു.

കാഞ്ചന, മാലവിക, സരസ്വതി, ലത, ശിരുവാണി എന്നിവർ സർക്കാർ പരീക്ഷ എഴുതിയിട്ടു നിൽക്കുന്നു. നല്ല വിജയം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിന്റെ ചികിത്സക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ച രൂത്ത് നാരയാണമ്മയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശരീര രോഗത്താലും കുടുംബ പ്രശ്നങ്ങളാലും സാമ്പത്തീക ഞെരുക്കത്താലും കഷ്ടപ്പെടുന്ന വിധവയായ ദീപമ്മയെ കർത്താവ് സഹായിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന സുബ്രമണിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. തലപ്പള്ളി ദൈവാലയത്തിന്റെ ചുറ്റുമതിലിന്റെ അറ്റകുറ്റപണി വേഗത്തിൽ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## തമിഴ്നാട്

### മെച്ചേരി

**ധർമ്മരാജ് & മറിയ സെൽവി**

സുവിശേഷകരണ പ്രവർത്തനത്തെ ശുഷ്കാന്തിയോടെ ദുരൈ സ്വാമി സഹായിക്കുന്നു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. കഴിഞ്ഞ മാസങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിനു ധാരാളമായി ദൈവകൃപ ലഭിച്ചു. ദൈവം അത്ഭുതകരമായി മിഷനറിമാരെ സംരക്ഷിച്ചു.

ചില ദിവസങ്ങൾക്കു മുമ്പ് തലക്കു ശസ്ത്രക്രീയ ചെയ്ത നല്ഗൗണ്ടനൂർ ഗ്രാമത്തിലെ വെങ്കിടേഷനെ കർത്താവ് സൗഖ്യമാക്കേണതിനായി പ്രാർത്ഥിക്കുക. ഭർത്താവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന മഹേശ്വരി രണ്ടു പിഞ്ചു പൈതങ്ങളുമായി ജീവിക്കുന്നു. അവളുടെയും കുഞ്ഞുങ്ങളുടെയും ഉപജീവന മാർഗ്ഗത്തിനായി ഒരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്തിൽ നിന്നും ശ്രീരജ്ഞിനി സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വീഴ്ചയെ തുടർന്നു നടക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന ഗണേശന്റെ വിടുതലിനായി പ്രാർത്ഥിക്കുക. താമരൈ സെൽവനു നല്ല ഒരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവരാജ്, സെൽവനായകം, തമ്പി ദുരൈ, നല്ലതമ്പി എന്നിവർ മദ്യപാനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# 405
## മിഷനറി ആൽബം



## ശ്രീ. ജറാൾഡ് സേവ്യർ & ശ്രീമതി. ജോത്സ്യാന കുടുംബം

തമിഴ്നാട്ടിലുള്ള രാമനാഥപുരം ജില്ലയിൽ സ്ഥിതി ചെയ്യുന്ന കരൻകാടു ഗ്രാമത്തിലെ ശ്രീ. ജോസഫ് പാണ്ഡ്യന്റെയും ശ്രീമതി ഇന്ദിര ജപമലയുടെയും മകനായി 1989 നവംബർ 9 നു ശ്രീ. ജറാൾഡ് സേവ്യർ ജനിച്ചു. അമ്മ അവനെ ക്രിസ്തീയ മൂല്യങ്ങളിൽ വളർത്തി. ബാല്യ പ്രായം മുതൽ തന്നെ അവൻ ആഴമായ ആത്മ ഭാരമുള്ളവനായിരുന്നു. ഉത്തരേന്ത്യയിൽ മിഷനറിയായി പ്രവർത്തിക്കണമെന്നത് അവന്റെ തീവ്രമായ അഭിലാഷമായിരുന്നു. വിവിധ ഭാഷകൾ പഠിക്കുവാൻ അവൻ ദൈവത്തോടു പ്രാർത്ഥിച്ചു. ശുശ്രൂഷക്കു സഹായകരമാംവിധം സംഗീത ഉപകരണങ്ങളിൽ പ്രവിണ്യം നേടി.

12-ാം ക്ലാസ്സ് പഠനം പൂർത്തീകരിച്ച ഉടനെ ബൈബിൾ കോളജിൽ ചേർന്നു ദൈവശാസ്ത്രം പഠിച്ചു. ഈ കാലയളവിൽ ആ പ്രദേശത്തു പ്രവർത്തിച്ച സുവിശേഷ രഥത്തിന്റെ ശുശ്രൂഷയിൽ സജീവമായി പങ്കെടുത്തു. സഹോദരൻ ആനന്ദിലൂടെ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ പ്രവർത്തനത്തെ കൂടുതലായി അറിഞ്ഞു. 2008 ൽ സുവിശേഷ രഥത്തിന്റെ ശുശ്രൂഷയിൽ ചേർന്നു ഒരു വർഷം പ്രവർത്തിച്ചു. 2009 ൽ FMPB യിലൂടെ മദ്ധ്യപ്രദേശിലുള്ള ബരേല ജാതിക്കൂട്ടത്തിന്റെ മദ്ധ്യേ ശുശ്രൂഷ ചെയ്തു. 2011 മുതൽ രത്തിയ ജാതി സമൂഹത്തിന്റെ ഇടയിൽ ദൈവവേല ചെയ്തു. 2016 മുതൽ ജാർഖണ്ഡിലെ സന്താൾ ജനങ്ങളുടെ മദ്ധ്യത്തിൽ പ്രവർത്തിക്കുന്നു.

ആന്ധ്രപ്രദേശിൽ ചീറ്റൂർ റീജിയനിൽ സ്ഥിതിചെയ്യുന്ന കലക്കാദ മിഷൻ വയലിലെ ശ്രീ. സുധാകരന്റെയും ശ്രീമതി പത്മാവതിയുടെയും മകളായി 1995 ൽ ജോത്സ്യാന ജനിച്ചു. സ്കൂൾ പഠനത്തിനു ശേഷം അവൾ നേഴ്സിംഗ് പഠനത്തിൽ ഏർപ്പെട്ടു. അവളെ ആത്മീകമായി പരിപോഷിപ്പിച്ച റവ. ജോൺ ഡേവിഡ് രാജും ഫീൽഡ് മിഷനറിയായ ശ്രീ. രാജേഷും അവളെ കൂട്ടിക്കൊണ്ടു തിരുമലയിൽ വന്നു. അത് അവളുടെ വിശ്വാസ യാത്രയുടെ വഴിത്തിരിവായി മാറി.

2012 ൽ തിരുപതിയിൽ നടന്ന FMPB യുടെ ദേശീയ യുവജന സമ്മേളനത്തിൽ അവൾ സംബന്ധിച്ചു. അവിടെ പങ്കുവെച്ച മിഷനറിമാരുടെ അനുഭവ കഥകളും സാക്ഷ്യങ്ങളും അവളിൽ വലിയ സ്വാധീനം ഉളവാക്കി. പരിശുദ്ധാത്മാവിന്റെ ആഹ്വാനം ലഭിച്ച അവൾ പൂർണ്ണ സമയ മിഷനറി വേലക്കായി തന്നെ സമർപ്പിച്ചു. 2014 ൽ അവൾ FMPB യിൽ ചേർന്നു ഝാൻസിയിൽ മിഷനറി പരിശീലനത്തിൽ ഏർപ്പെട്ടു. പരിശീലനം പൂർത്തീകരിച്ച ജോത്സ്യാന 2016 വരെ മഹാരാഷ്ട്രയിൽ കർത്താവിന്റെ വേല ചെയ്തു.

2017 ജനുവരി 27 ന് ശ്രീ. ജറാൾഡും ശ്രീമതി ജോത്സ്യാനയും തമ്മിലുള്ള വിശുദ്ധവിവാഹം നടന്നു. അന്നു മുതൽ ഈ കുടുംബം പശ്ചിമ ബംഗാളിലുള്ള ബംഗാളി സംസാരിക്കുന്ന ജനങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നു. ദൈവം അവർക്കു രണ്ടു ആൺമക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൻ ജഫ്‌ഫിൽ റാമ്പോ (22/11/2017) രണ്ടാം ക്ലാസ്സിലും ഇളയ മകൻ ജഫ്രി ജിൻ (16/6/2019) ഒന്നാം ക്ലാസ്സിലും ഡോണാവൂരിലെ സന്തോഷ വിദ്യാലയത്തിൽ പഠിക്കുന്നു.

ഈ കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക!

## We want to help you to be in touch with…
## Friends Missionary Prayer Band

**ZONAL ADVISOR :** **Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE :** **Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR:** **Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION :** **Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala:** ................**Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East:** **Mr.K. Thankappan,** Hon. Pro. secretary, FMPB, "Prabhath",
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:** **Mr. N.Selvakumar,** Hon. Prom. Sec., Mob.94460 90636

**Tiruvanathapuram:** **Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada :** ......... **Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION :** **Rev. Thomas Mathew,** Regional Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam :** .............. **Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:**............. **Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :** **Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 :** ..... **Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 :** ..... **Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :**....... **Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha**............ **Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar :** ............. **Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION :** **Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:**....... **Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor**........ **Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu**............ **Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:** **Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode :** ........ **Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu :** ........ **Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad :** .......... **Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**406**
**മിഷനറി ആൽബം**



## ശ്രീ. താങ് ചിൻ ലീയാൻ ലാംഗൽ & ശ്രീമതി. വുംങ്തീയാഞ്ചിംഗ്


മണിപ്പൂരിൽ ചുരചന്ദ്പൂർ ജില്ലയിലെ കർഷക കുടുംബമായ ശ്രീ. തുയാൽ ഖനാപൗവിന്റെയും ശ്രീമതി തൊങ്സാനിങിന്റെയും മകനായി ശ്രീ. താങ് ചിൻ ലിയാൻ 1984 ൽ ജനിച്ചു. ക്രിസ്തീയ കുടുംബ പശ്ചാത്തലത്തിൽ രണ്ടു സഹോദരിമാരുടെയും ഒരു സഹോദരന്റെയും കൂടെ വളർന്നു. സണ്ടേ സ്കൂൾ പഠനകാലത്തു തന്നെ തന്റെ പത്താമത്തെ വയസ്സിൽ ഒരു ക്രൂസേഡിൽ പങ്കെടുക്കുന്ന വേളയിൽ റോമർ 10:9 ലൂടെ ദൈവം സംസാരിക്കുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ദൈവവചനം കൂടുതലായി പഠിക്കണമെന്ന തീവ്രമായ ആഗ്രഹത്തിൽ വേദശാശ്ത്ര പഠനത്തിൽ ഏർപ്പെടുകയും കേരളത്തിലുള്ള ഫെയ്ത്ത് ബാപ്റ്റിസ്റ്റ് ബൈബിൾ സെമിനാരിയിൽ നിന്നു B.Th കരസ്ഥമാക്കുകയും ചെയ്തു. 2009 ൽ മണിപ്പൂരിൽ നിന്നും M.Th ഉം നേടി. പഠനകാലത്തു ഇതര സംസ്കാരമുള്ള ജനങ്ങളുടെ മദ്ധ്യത്തിൽ മിഷനറിയായി പോകണമെന്ന വ്യക്തമായ വിളി ലഭിച്ചു. 21/5/2010 ൽ ശ്രീമതി. വുങ്തീയാഞ്ചിംഗിനെ വിവാഹം കഴിച്ചു.

മണിപ്പൂരിൽ ചൂരചന്ദ്പ്പൂൽ ജില്ലയിലുള്ള ബുങ്മുയാൽ ഗ്രാമത്തിലെ പരേതനായ ശ്രീ. എൻ ജിൻലിയാനിന്റെയും ശ്രീമതി നിങ്സാദിമിന്റെയും മകളായി 14/03/1987 ൽ ശ്രീമതി വുങ്തിയാഞ്ചിംഗ് ജനിച്ചു. അവൾക്കു രണ്ടു സഹോദരന്മാരും ഒരു സഹോദരിയും ഉണ്ട്. അവളുടെ മാതാപിതാക്കൾ രണ്ടു പേരും സർക്കാർ ഉദ്യോഗസ്ഥരാണ്. നല്ലൊരു ക്രിസ്തീയ കുടുംബമായിരുന്നു. ബാല്യ പ്രായത്തിൽ സണ്ടേസ്കൂൾ പഠനത്തിലൂടെ ക്രിസ്തീയ മൂല്യങ്ങൾ ഗ്രഹിച്ചു സഭാ നടപടികളിൽ സജീവമായി പങ്കെടുത്തു. 2000 ൽ ഒരു യുവജനക്യാമ്പിൽ വെച്ച് അവൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവളുടെ പ്രീയപ്പെട്ട വേദവാക്യം 1 പത്രോസ്. 2:9 ആകുന്നു. പന്ത്രണ്ടാം ക്ലാസ്സ് പഠനം പൂർത്തീകരിച്ച ഉടനെ ബൈബിൾ കോളജിൽ പഠിക്കുവാൻ ആഗ്രഹിച്ച് തിരുവനന്തപുരം ബൈബിൾ കോളജിൽ ചേർന്നു 2008 ൽ B.Th പഠനം പൂർത്തീകരിച്ചു. തുടർന്നു ചൂരചന്ദ്പ്പൂറിലെ ഗ്രേസ് ബൈബിൾ കോളജിൽ പഠനം തുടർന്നു 2010 ൽ M.Div പൂർത്തീകരിച്ചു. പഠന വേളയിൽ മിഷനറിയായി പോകണമെന്ന തെളിമയാർന്ന ദൈവവിളി ലഭിച്ചു.

വിവാഹം കഴിഞ്ഞ ഉടനെ രണ്ടു പേരും FMPB യിൽ ചേർന്നു. ദാനീഷ്പേട്ടിലെ ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് മിഷനറി പരിശീലനം പൂർത്തീകരിച്ചു. അവരെ ആദ്യമായി ബണ്ടേർ ബാലഭവനത്തിലേക്കു നിയോഗിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ അവരെ ജാർഖണ്ഡിലെ സന്താൾ റീജിയനിലേക്കു ചില മാസങ്ങളിലേക്കു നിയോഗിച്ചു. തുടർന്നു അവർ ആറു വർഷം മാൾട്ടോ ഡവലപ്മെന്റ് റീജിയനിലെ പ്രൈമറി സ്കൂളിൽ പ്രവർത്തിച്ചു. 2019 ജൂലൈ മുതൽ അവർ ഛത്തീസ്ഘട്ടിലെ ഭൈയ്യതാൻ മിഷൻ വയലിൽ ഗോണ്ട് ജനങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നു. 2024 മാർച്ച് 11 ന് കെർവ ഗ്രാമത്തിൽ ഒരു വിശ്വാസിയുടെ ഭവനത്തിൽ പ്രാർത്ഥന യോഗം നടത്തുന്ന വേളയിൽ അവർക്കു പീഡനം അഭിമുഖീകരിക്കേണ്ടിവന്നു. പീഡനത്തെ തുടർന്നു അവരെ നിർബന്ധിതമായി മിഷൻ വയലിൽ നിന്നും പുറത്താക്കി. കർത്താവിന്റെ വേല നിമിത്തം ശ്രീ. താങിനെ അറസ്റ്റ് ചെയ്തു ഒരു ദിവസം ജയിലിലിട്ടു. അടുത്ത ദിവസം തന്നെ കൃപയാൽ ജാമ്യം കിട്ടി പുറത്തു വന്നു. കോടതിയിലുള്ള കേസ് അവസാനിക്കുന്നതു വരെ അവരെ ലുടെഗ് ബാലഭവനത്തിൽ നിയോഗിച്ചു. 2025 മാർച്ച് മുതൽ ഇവർ ഛത്തിസ്ഘട്ടിലുള്ള രഘുനാഥ്പൂർ ബാലഭവനത്തിൽ പ്രവർത്തിക്കുന്നു.

ദൈവം അവർക്കു രണ്ടു ആൺമക്കളെ നൽകി അനുഗ്രഹിച്ചു. മൂത്തമകൻ പൗത്തിയാൻലാൽ ലംഗൽ (18/2/2011) ഒമ്പതാം ക്ലാസ്സിലും ഇളയമകൻ ലിയാൻദിങ് ലംഗൽ (30/5/2012) ആറാം ക്ലാസ്സിലും മണിപ്പൂരിലെ ചുരചന്ദ്പ്പൂർ ഈസ്റ്റൺ ഹാൾ സ്കൂളിൽ പഠിക്കുന്നു.

ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.




***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***